www.malankaralibrary.com


# ഐക്യദീപം
AIKYADEEPAM

SINCE 1976

വില 10 രൂപ ഏപ്രിൽ 2023




## വിളനിലങ്ങൾ

www.malankaralibrary.com




# മലങ്കര കത്തോലിക്കാ മെഡിക്കൽ സഹായജ്യോതി പദ്ധതി

(MKMSJ)

**MKMSJ SCHEME - GENERAL WARD CONCESSIONS FOR INPATIENT TREATMENT BEYOND 48 HOURS**

| Department | Rent/Doc. Fee/Nursing care | Medicines & Surgical Consumables | Diagnostics Incl MRI/CT | Lab Test | Surgery | Implant | ICU | Special Procedures |
|---|---|---|---|---|---|---|---|---|
| **Basic Departments** | | | | | | | | |
| General Medicine | Free | Free | Free | Free | Free | Actual cost of the implants payable | For those who get admitted to General ward and transferred to ICU, Rs 1500/a day. Direct ICU admission, Rs 3000/ a day if transferred to General Ward later. | Laparoscopy, Laser treatment etc.. charges will be reduced by 50%. |
| Pulmonology | | | | | | | | |
| Psychiatry | | | | | | | | |
| Paediatrics | | | | | | | | |
| Dermatology | | | | | | | | |
| Dentistry | | | | | | | | |
| ENT | | | | | | | | |
| General Surgery | | | | | | | | |
| OBG | | | | | | | | |
| Orthopaedics | | | | | | | | |
| Physical Medicine & Rehabilitation | | | | | | | | |
| Ophthalmology | | | | | | | | |
| **Super Specialities** | | | | | | | | |
| Cardiology | Free | 50 % Discount | 50 % Discount | 50 % Discount | 50 % Discount | Actual cost of the implants payable | 50 % Discount | 50 % Discount |
| Nephrology | | | | | | | | |
| Neurology | | | | | | | | |
| Gastroenterology | | | | | | | | |
| Neonatology | | | | | | | | |
| Onco medicine & Onco Surgery | | | | | | | | |
| Cardiac Surgery | | | | | | | | |
| Neuro Surgery | | | | | | | | |
| Gastro Surgery | | | | | | | | |
| Oral & Maxillo Facial Surgery | | | | | | | | |
| Paediatric Surgery | | | | | | | | |
| **Cardiac Angioplasty** | **Implant cost + Rs. 20,000 only** | | | | | | | |
| **Knee/Hip Replacement Surgery** | **Implant cost + Rs. 15,000 only** | | | | | | | |
| **Open Heart Bypass Surgery** | **Rs. 1,50,000 only** | | | | | | | |
| **Kidney transplant** | **Rs. 3,00,000 only** | | | | | | | |

**PUSHPAGIRI**
**MEDICAL COLLEGE HOSPITAL**

Thiruvalla - 689101 ☎ +469 27 00 755

www.pushpagiri.in

www.malankaralibrary.com

# ഐക്യദീപം
aikyadeepam

പുസ്തകം 54 ലക്കം 4 2023 ഏപ്രിൽ

| രക്ഷാധികാരി | ചീഫ് എഡിറ്റർ | മാനേജർ | പ്രസാധകൻ | സർക്കുലേഷൻ മാനേജർ | ഓഫീസ് സ്റ്റാഫ് |
|---|---|---|---|---|---|
| മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ | ഫാ. വർഗ്ഗീസ് ചാമക്കാലായിൽ | ഫാ. മാത്യു പുനക്കുളം | തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ | ഫാ. സിറിൾ പട്ടശ്ശേരിൽ | ചിന്നു എൽസ ഐസക് |


ഉപദേശക സമിതി

ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ, റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്

## ഉള്ളടക്കം
contents


4 എഡിറ്റോറിയൽ

5 ഇടയശബ്ദം


















### സ്ഥിരം പംക്തികൾ

30. സുറിയാനി സഭാ പാരമ്പര്യം
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

38. ജാലകം
മെർലിൻ റ്റി. മാത്യു

40. ആരോഗ്യം
ഡോ. ബ്ലസി സൂസൻ ലൂക്ക്

43. ഹോമിയോപ്പതി
സി.ഡോ.ഐറിൻ SIC

46. ബാലദീപം
ഡോ. ബാബു ഫിലിപ്പ്

48. മല്പാനോട് ചോദിക്കാം

Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com



# മണ്ണിനൊരു ഹൃദയമുണ്ട്





Editorial

എഡിറ്റോറിയൽ




കരുതലോടെ നട്ടുവളർത്തുന്നതിന് മാത്രമേ രുചിയുണ്ടാകൂ... സ്നേഹിച്ചു വളർത്തുന്നതിന് മാത്രമേ ചുറ്റും നമ്മൾ സംരക്ഷണത്തിന്റെ വേലി കെട്ടൂ... അദ്ധ്വാനത്തിന്റെ വിയർപ്പ് തുള്ളികൾ വീണ് തഴച്ചുവളരുന്ന മൊട്ടുകളെ വിടരൂ... അതുമാത്രമേ തേൻ കിനിയുന്ന കുഞ്ഞുപൂക്കളും, കായ്കനികളുമായി മാറൂ...അവയ്ക്ക് മാത്രമേ കൂടുതൽ ആസ്വാദ്യത നല്കാൻ കഴിയൂ, കാരണം മണ്ണിനൊരു ഹൃദയമുണ്ട് ആ ഹൃദയത്തിൽ സ്നേഹത്തോടെ എന്ത് വിതച്ചാലും അത് ആഴ്ന്നിറങ്ങി മുള പൊട്ടി, ചെടിയായി, ഫലമായി മാറും.

കൃഷി ഗണ്യമായി കുറയുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാർഷികവൃത്തി നിത്യവൃത്തി എന്ന ചിന്തയൊക്കെ മാറി. എങ്കിലും ഇന്നും കൃഷിയെ സ്നേഹിക്കുകയും കൃഷിയിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്യുന്ന അനേകം കർഷകർ നമുക്ക് ചുറ്റുമുണ്ട്; അവരാണ് നമ്മുടെ വിശപ്പ് അകറ്റുന്നത്, അവരാണ് നമ്മുടെ ദാഹം തീർക്കുന്നത്. കൃഷി ഒരു സംസ്കാരമാണ്, അതൊരു സംസ്കൃതിയാണ്; അറിവും അനുഭവവും തരുന്ന പാഠശാലയാണ്. നിരവധി ആകുലതകളുടെയും നഷ്ടങ്ങളുടെയും നടുവിലും കൃഷിയെ ഉപേക്ഷിക്കാതെ, മണ്ണിൽ പൊന്നു വിളയിക്കുന്നവർ, നമ്മുടെ ഭക്ഷ്യവിഭവങ്ങളുടെ കലവറ സൂക്ഷിപ്പുകാരാണ്. വിവിധ രീതിയിലുള്ള കർഷകരുടെ ഒരു പരിച്ഛേദത്തെയാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഉള്ളവർ പോലും കൃഷിയെ എങ്ങനെ കാണുന്നു എന്ന് നാം ചർച്ച ചെയ്യുന്നു. കൃഷി നൽകുന്ന മാനസിക സന്തോഷം, വെല്ലുവിളികൾ, നേരിടുന്ന പ്രതിസന്ധികൾ, കൃഷി ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിൽ വഹിക്കുന്ന പങ്ക് എന്നീ ഗഹനമായ ചർച്ചകളാണ് ഈ ലക്കത്തിൽ. പുതുതലമുറയ്ക്ക് കൃഷി ഒരു ഹരമാകട്ടെ... പ്രതീക്ഷയാകട്ടെ... പ്രചോദനമാകട്ടെ.

ഗോതമ്പുമണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നുവെങ്കിലോ അത് വളരെയേറെ ഫലം പുറപ്പെടുവിക്കും (യോഹന്നാൻ 12: 24). നിലത്തുവീണ് അഴിഞ്ഞ് ഫലമാകുന്നതിന്റെ കഥയാണ് കൃഷി, അത് സംഭവിക്കുന്ന ഇടങ്ങളാണ് കൃഷിയിടങ്ങൾ. ഇവിടെ നാം ഒരു സ്വർഗ്ഗം പണിയണം...വീണ്ടുമൊരു പറുദീസ... വിയർപ്പുതുള്ളികൾ തെളിനീരായി... വളമായി... പുഴയായി... നനച്ച് ഒഴുകട്ടെ. നിന്റെ കാത്തിരിപ്പും അദ്ധ്വാനവും ഫലമണിയാതിരിക്കുകയില്ല.

www.malankaralibrary.com




മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

# ഇടയശബ്ദം

# കുരിശിലെ മുറിപ്പാടുകൾ

നാടിന്റെയും നാട്ടാരുടെയും നന്മ ആഗ്രഹിക്കുകയും അതിനായി ആവുന്ന തരത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യക്തി എന്ന തലത്തിൽ വേദനയോടെയാണ് ഈ വാക്കുകൾ കുറിക്കുന്നത്. നമ്മുടെ പൊതുസമൂഹത്തിന്റെ ചിന്താധാര ഏറെ മാറിയിരിക്കുന്നു. സമൂഹത്തെ നയിക്കുന്നവരുടെ ചിന്തകളും ദർശനങ്ങളും മാനദണ്ഡങ്ങളും വളരെ മാറിയിരിക്കുന്നു. ഓരോരുത്തർക്കും അവരവരുടെ വ്യക്തിപരമായ താല്പര്യങ്ങളും അവരവരുടെ സമൂഹങ്ങളുടെ താല്പര്യങ്ങളും മാത്രമായിരിക്കുന്നു പരിഗണന. ശരിയും തെറ്റും നന്മയും തിന്മയും ധാർമ്മികതയും അധാർമ്മികതയും അനുവദനീയമായവയും അല്ലാത്തവയും തമ്മിലുള്ള അകലം അപകടമാംവിധം കുറഞ്ഞിരിക്കുന്നു. വസ്തുനിഷ്ഠമായവയെക്കാൾ വ്യക്തിനിഷ്ഠമായവ പ്രാമുഖ്യം നേടുന്നു. സ്ഥലകാല സാഹചര്യങ്ങൾക്കനുസരിച്ച് മാനദണ്ഡങ്ങൾ മാറ്റപ്പെടുന്നു. സനാതന മൂല്യങ്ങൾ അവമതിക്കപ്പെടുന്നു, അവഗണിക്കപ്പെടുന്നു. സത്യവും ധർമ്മവും നന്മയും



കുടുംബവും അതിന്റെ പ്രസക്തിയും ധാർമ്മികതയും ഊന്നിയുള്ള കേന്ദ്രസർക്കാരിന്റെ സുപ്രീംകോടതിയിലെ പ്രസ്താവന ഏറെ സ്വീകാര്യമാണ്. ദൈവത്തെയും മനുഷ്യകുലത്തെയും പ്രകൃതിയെയും ആദരിക്കുന്ന ഈ സമീപനം തികച്ചും ഭാരതീയ പൈതൃകം തന്നെ എന്ന് ഊന്നിപ്പറയാം. സ്വവർഗ്ഗ വിവാഹങ്ങൾ, മക്കളെ ദത്തെടുക്കൽ തുടങ്ങിയ നിർണ്ണായക വിഷയങ്ങളിൽ ദിശാബോധം നൽകുന്ന ഇടപെടലാണ് ഈ കാര്യത്തിൽ കേന്ദ്ര സർക്കാർ നടത്തിയിരിക്കുന്നത്.

www.malankaralibrary.com



സ്നേഹവും ഒന്നും സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്നേയില്ല. തലസ്ഥാന നഗരിയിൽ പോലും പെൺകുട്ടികൾ പട്ടാപ്പകൽ ആക്രമിക്കപ്പെടുന്നു, അവഹേളിക്കപ്പെടുന്നു, സ്ത്രീത്വം അപമാനിക്കപ്പെടുന്നു. ജനലക്ഷങ്ങളുടെ ആയുസ്സിനും ആരോഗ്യത്തിനും അപകടം വരുത്തിയ ബ്രഹ്മപുരം മാലിന്യക്കൂമ്പാരത്തിലുണ്ടായ അഗ്നിബാധയെക്കുറിച്ച് അധികാരികൾ കാട്ടിയ നിസ്സംഗതയും സാംസ്കാരിക നായകർ പുലർത്തുന്ന മൗനവും സമൂഹത്തിൽ സൃഷ്ടിക്കുന്നത് ഭീതി മാത്രമാണ്. ക്രൈസ്തവ വിശ്വാസത്തെയും, വിശ്വാസ ബിംബങ്ങളേയും പൗരോഹിത്യത്തെയും സമർപ്പിത ജീവിതങ്ങളേയും അവരുടെ വിലമതിക്കാനാവാത്ത ശുശ്രൂഷകളെയും അവഹേളിക്കുകയും അവമതിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളും അവയെ ന്യായീകരിക്കുന്ന പ്രവണതകളും, ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ ക്രൈസ്തവ സന്യാസത്തേയും പൗരോഹിത്യത്തെയും അതിന്റെ നന്മകളെയും തമസ്കരിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന 'കക്കുകളി' എന്ന നാടകം പരിപാവനമായ ഒരു ക്ഷേത്രനഗരിയിൽ അവതരിപ്പിച്ചതും വീണ്ടും അവതരിപ്പിക്കുമെന്ന് വെല്ലുവിളിക്കുന്ന ചില സംഘടനകളുടെ ധാർഷ്ഠ്യവും അവരെ ആശീർവദിക്കുന്ന രാഷ്ട്രീയ നേതൃത്വവും ഈ നാടിന്റെ നന്മയെയും നന്മ ചെയ്യുന്നവരെയും അവരുടെ സമൂഹത്തെയും വെല്ലുവിളിക്കുകയാണ്.



ക്രിസ്ത്യാനിയുടെയും ക്രിസ്തീയ സഭകളുടെയും സംഘടനകളുടെയും പ്രതികരണങ്ങളും പ്രതിഷേധങ്ങളും എപ്പോഴും സമാധാനപരവും പരസ്നേഹത്തിലധിഷ്ഠിതവും ആയിരിക്കുമെന്നതു കൊണ്ടാണ് ഇത്തരം ക്രൂരതകളും അവഹേളനങ്ങളും സഭയ്ക്കും, സഭാ ശുശ്രൂഷികൾക്കും, സഭാ നേതാക്കന്മാർക്കും എതിരേ തുടരെ ഉണ്ടാകുന്നത്. സമാധാന കാംക്ഷികളെയും വിശാല സമൂഹത്തിന്റെ നന്മയും സ്വസ്ഥതയും തകരരുത് എന്ന് കരുതി ക്ഷമയോടെ പ്രതികരിക്കുന്നവരെയും ബലഹീനരായി കാണുന്ന രീതി സമൂഹത്തെ നശിപ്പിക്കുമെന്ന് എല്ലാവരും തിരിച്ചറിയുന്നത് നല്ലതാണ്. ഈ അടുത്ത നാളിൽ ചില സന്യാസിനികൾ സമൂഹത്തോട് ചോദിച്ച ചില ചോദ്യങ്ങൾ സമൂഹ മനഃസാക്ഷിയെ ഉണർത്തേണ്ടതാണ്. "ഞങ്ങൾ എന്ത് തെറ്റാണ് നിങ്ങളോട് ചെയ്യുന്നത്? നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതും, രോഗികളെ പരിചരിക്കുന്നതും, ആലംബഹീനർക്ക് ആശ്രയമരുളുന്നതുമാണോ? നിങ്ങളെയോ നിങ്ങളുടെ സംഘടനകളെയോ, രാഷ്ട്രീയ പാർട്ടികളെയോ, നേതാക്കന്മാരെയോ സമരം ചെയ്ത്, മുതൽ നശിപ്പിച്ച് എതിർത്തോ? എന്തിനാണ് നിങ്ങൾ ഞങ്ങളെ, ഞങ്ങളുടെ സ്ത്രീത്വത്തെ, ജീവനു തുല്യം ഞങ്ങൾ സ്നേഹിക്കുന്ന ഞങ്ങളുടെ സമർപ്പണ ജീവിതത്തെ അവഹേളിക്കുന്നത്? ഞങ്ങളുടെ അഭിമാനം നഷ്ടപ്പെടുത്തുവാൻ ആരാണ് നിങ്ങൾക്ക് അവകാശം നല്കിയത്. ഈ രാജ്യത്തെ മറ്റ് ഏതൊരു പൗരനെയും പോലെ ജീവിക്കുവാൻ ഞങ്ങൾക്ക് അവകാശമില്ലേ? ഭാരതീയ സംസ്കാരത്തിന്റെ നന്മയിലും ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിന്റെ തനിമയിലും ജീവിക്കുന്നത് അപരാധമാണോ? എന്ത് ആനുകൂല്യമാണ് സമൂഹം ഞങ്ങൾക്ക് നല്കുന്നത്". റേഷൻ കാർഡിൽ പേര് ചേർക്കാൻ പോലും സാധിക്കാത്ത ഒരു ഗണം, അകാരണമായി ഈ മണ്ണിൽ പതിക്കുന്ന ഈ സഹോദരങ്ങളുടെ കണ്ണുനീർ നാടിന് ആപത്ത് വിളിച്ചുവരുത്തും. നിഷ്കളങ്കരുടെ കണ്ണുനീർ കാണാത്തവനല്ല ദൈവം. ദൈവത്തിന്റെ സ്വന്തം നാടിനെന്ത് സംഭവിച്ചു.?

കുടുംബവും അതിന്റെ പ്രസക്തിയും ധാർമ്മികതയും ഊന്നിയുള്ള കേന്ദ്രസർക്കാരിന്റെ സുപ്രീംകോടതിയിലെ പ്രസ്താവന ഏറെ സ്വീകാര്യമാണ്. ദൈവത്തെയും മനുഷ്യകുലത്തെയും പ്രകൃതിയെയും ആദരിക്കുന്ന ഈ സമീപനം തികച്ചും ഭാരതീയ പൈതൃകം തന്നെ എന്ന് ഊന്നിപ്പറയാം. സ്വവർഗ്ഗ വിവാഹങ്ങൾ, മക്കളെ ദത്തെടുക്കൽ തുടങ്ങിയ നിർണ്ണായക വിഷയങ്ങളിൽ ദിശാബോധം നൽകുന്ന ഇടപെടലാണ് ഈ കാര്യത്തിൽ കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത്. ഏതെങ്കിലും കാരണത്താൽ ഇപ്രകാരമുള്ള വൈകാരികതയും മാനസികാവസ്ഥയും

www.malankaralibrary.com



ഉള്ള വ്യക്തികളെ മനസ്സിലാക്കുന്നതോടൊപ്പം തന്നെ വിവാഹത്തിലെ പ്രകൃതിയുടെ നിയമം മാറ്റിമറിയ്ക്കാവുന്നതല്ല എന്നു കൂടി പറയേണ്ടതുണ്ട്. ഏതൊരു സ്ഥാപനത്തിനും അതിന്റെ ഉദ്ദേശ്യമുണ്ട്. വിവാഹം എന്നതുകൊണ്ട് മനുഷ്യകുലത്തിന്റെ സന്തുഷ്ടമായ മുന്നേറ്റമാണ് ഉദ്ദേശിക്കുന്നത്. പ്രജനനം എന്നത് പ്രകൃതിയുടെ നിശ്ചയമാണ്. അതു മാറ്റി മറിയ്ക്കാൻ ആർക്കും സാദ്ധ്യമല്ല. ദത്തെടുക്കുമ്പോഴും ഇവ ഗൗരവമാണ്. നാം ദമ്പതികളുടെ അവകാശം മാത്രമല്ല ചിന്തിക്കേണ്ടത് - മറിച്ച് മിണ്ടാപ്രാണിയായ ഒരു കുഞ്ഞിന്റെ അവസ്ഥ കൂടി കണക്കിലെടുക്കണം. ഒരമ്മയുടെയും അപ്പന്റെയും സ്നേഹവായ്പുകൾ അതിനു ലഭിക്കണം. സുപ്രീം കോടതിയിൽ നിന്നും കുടുംബത്തെയും മാനവകുലത്തെയും താങ്ങി നിർത്തുന്ന ഒരു വിധിതീർപ്പുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കത്തോലിക്കാസഭയുടെയും പൊതുസമൂഹത്തിന്റെയും നന്മയുടെയും സമാധാനത്തിന്റെയും പ്രതീകമായ പരി. ഫ്രാൻസിസ് മാർപ്പാപ്പ പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനാകുവാൻ ദൈവം അനുഗ്രഹിച്ച 10 വർഷം കടന്നുപോകുന്നു. 2013 മുതൽ 2023 വരെയുള്ള സംഭവബഹുലവും അനിതരസാധാരണവുമായ നേതൃത്വവും സമഭാവനയുടെയും സമാധാനത്തിന്റെയും ശക്തനായ ലോകനേതാവെന്ന നിലയിലും പരി. ഫ്രാൻസിസ് മാർപ്പാപ്പ വിളങ്ങുന്നു. തന്റെ മാനവികത, അകലങ്ങളില്ലാത്ത സൗഹൃദം, വിവിധ മതങ്ങളെയും സമൂഹങ്ങളെയും സ്നേഹത്തിൽ കോർത്തിണക്കുന്ന ക്രിസ്തുസ്നേഹത്തിന്റെ ആൾരൂപം തിന്മയെ എല്ലാതരത്തിലും ഉപേക്ഷിക്കുന്നതും സന്ധിയില്ലാത്ത അകലം കാത്തുസൂക്ഷിക്കുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. അമൂല്യവും കാലിക പ്രാധാന്യവും ഉള്ള ചിന്താരീതികൾ കൊണ്ടു നമ്മെ ഹഠാതാകർഷിക്കുന്നതും സുപരിചിതമായവ തന്നെ. ഗൾഫ് നാടുകളിലെ സന്ദർശനവും Fratelli tutti എന്ന ചാക്രികലേഖനവും ഭൂമിയും അതിന്റെ ആവാസഘടനയും പ്രകൃതിയുമായി ഒത്തിണങ്ങി കഴിയേണ്ട ആവശ്യകതയും ഊന്നിപ്പറഞ്ഞ Laudato si തുടങ്ങിയ തിരുവെഴുത്തുകൾ ലോകസമൂഹത്തിനുതന്നെ വലിയ സമ്പത്താണ്. മനുഷ്യസ്നേഹം മാധവസ്നേഹത്തിലാണ് അടിയുറപ്പിക്കപ്പെട്ടത്. അതുപോലെ ദൈവസ്നേഹിതനായിരിക്കുന്നവന് സഹജീവികളെയും സ്നേഹിക്കുവാൻ കരുത്തുണ്ടാകും. മാനവികത ഈ കാലഘട്ടത്തിൽ എടുത്തുയർത്തുന്ന രീതിയിൽ സംസാരിക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ സാന്നിദ്ധ്യവും ശുശ്രൂഷയും തുടർന്നും അനുഗ്രഹമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ദൈവത്തിനും മനുഷ്യനും വേണ്ടി ഉഴിഞ്ഞു വച്ചിരുന്ന ഒരു ജീവിതത്തിന്റെ ഉത്തമ ആൾരൂപമായിരുന്നു അഭി. ആർച്ചുബിഷപ്പ് ജോസഫ് പൗവ്വത്തിൽ എന്ന സാത്വികനായ ആചാര്യശ്രേഷ്ഠൻ. ശിഷ്യസമ്പത്തുകൊണ്ടും ഉദാത്തമായ സമീപനങ്ങൾകൊണ്ടും മിഴിവാർന്ന ആശയങ്ങൾകൊണ്ടും സർവ്വോപരി ഭാരതീയ തത്വചിന്തയ്ക്കും സാംസ്കാരിക സമ്പന്നതയ്ക്കും ഭരണഘടനയുടെ ഉറച്ച ശൈലികൾക്കും കാലഘട്ടത്തിനനുസരിച്ചുള്ള മൂല്യാധിഷ്ഠിതമായ നേതൃത്വം നൽകിയ പിതാവാണ് ആർച്ചുബിഷപ്പ് പൗവ്വത്തിൽ. മിതഭാഷിയും എന്നാൽ ആശയസമ്പന്നവും മൂല്യാധിഷ്ഠിതവുമായ നിലപാടുകൾ ചങ്കുറപ്പോടെ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള ഒരു സാമൂഹിക നേതാവായിരുന്നു പിതാവ്. പൗരസ്ത്യസഭകളുടെ തനിമയ്ക്കും ഉൾഭരണസ്വാതന്ത്ര്യത്തിനും സർവ്വോപരി മിഷൻ അവകാശത്തിനു വേണ്ടിയും നിരന്തരം നാവും തൂലികയും ചലിപ്പിച്ചുകൊണ്ടിരുന്ന ധീരനായ ആചാര്യശ്രേഷ്ഠനായിരുന്നു പൗവ്വത്തിൽ പിതാവ്. സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ എന്ന സത്യം പ്രായോഗികതലങ്ങളിലേക്കുകൊണ്ടെത്തിയ്ക്കുവാൻ ശ്രമിച്ചപ്പോൾ ധാരാളം വെല്ലുവിളികളും അപമാനങ്ങളും ഏറ്റിട്ടുള്ള 2 പിതാക്കന്മാർ ആണ് അഗ്രഗണ്യരായവർ. 1. സിറിൾ ബസ്സേലിയോസ് കാതോലിക്കാബാവയും അഭി. ജോസഫ് പൗവ്വത്തിൽ പിതാവും. ഭരണഘടനയുടെ അടിസ്ഥാന



www.malankaralibrary.com



ത്തിൽ ഉള്ള അവകാശങ്ങൾ ഭാവിതലമുറയുടെ നന്മ കരുതി സംരക്ഷിക്കണമെന്ന് നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടിരുന്ന ഒരു ശബ്ദമായിരുന്നു പൗവ്വത്തിൽ പിതാവിന്റേത്. ഈ ആധുനിക കാലഘട്ടത്തിൽ എല്ലാവർക്കും സ്വീകാര്യമായതും പോപ്പുലറുമായ ചിന്താശൈലികളും നിലപാടുകളും പൊതുവെ മുഴങ്ങിയപ്പോൾ പൗവ്വത്തിൽ പിതാവ് എന്നും വ്യത്യസ്തനായി, നിലനിൽക്കുന്ന, നിലനിൽക്കേണ്ട അടിസ്ഥാനങ്ങളെ ബലി കഴിക്കാൻ പാടില്ലാ എന്ന് ഉറക്കെ സംസാരിച്ചിരുന്നു. ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകിയ വിദ്യാഭ്യാസ അവകാശം - സ്ഥാപനങ്ങൾ ഉണ്ടാക്കുവാനും, അതു നിലനിർത്തുവാനും വളർത്തുവാനും ഉള്ള അവകാശവും ക്രൈസ്തവ മൂല്യങ്ങളും വിശ്വാസവും പഠിക്കുവാനും പരിശീലിപ്പിക്കുവാനുമുള്ള അവകാശം ധ്വംസിക്കപ്പെടരുതെന്ന് ശക്തമായി പറഞ്ഞ തിരുമേനിയെ നമ്മുടെ പൊതുസമൂഹം സങ്കുചിതൻ എന്ന നിലയിൽ ഇകഴ്ത്തി. പിതാവിന്റെ സംഭാവനകൾ മാനവകുലത്തിന്, പ്രത്യേകിച്ചും കേരളജനതയ്ക്കും ഭാരതക്രൈസ്തവർക്കും വലിയ മുതൽകൂട്ടായിരുന്നു.

തെക്കേപ്പറമ്പിൽ ജേക്കബ് അച്ചനെ പൗരസ്ത്യ തിരുസംഘത്തിലെ ആരാധനകാര്യാലയത്തിന്റെ ഉപദേശകസമിതിയിൽ അംഗമായി നിയമിച്ചിട്ടുള്ള പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ തീരുമാനം നാം ഏവരും ഏറെ സന്തോഷത്തോടും അഭിമാനബോധത്തോടുംകൂടിയാണ് സ്വീകരിച്ചത്. സഭാപിതാക്കന്മാരുടെ ആദ്‌ലിമിനാ സന്ദർശന വേളയിൽ പിതാക്കന്മാർ പ്രത്യേകമായി മാർപ്പാപ്പയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു കാര്യമായിരുന്നു സുറിയാനി സഭയുടെ ചിന്തകളും സംജ്ഞകളും മാർപ്പാപ്പയുടെ പൊതു പഠിപ്പിക്കലുകളിൽ ഇടം കാണണം എന്നത്. മാർപ്പാപ്പയ്ക്ക് ഏറെ സന്തോഷം തോന്നിയ ഒരവസരമായിരുന്നു അത്. ഈ കാര്യത്തിൽ പിതാവ് വലിയ താല്പര്യം പ്രകടിപ്പിക്കുകയും പിന്നീടതിനുവേണ്ട നടപടികൾ നമ്മുടെ സഭയുടെ തലവനും പിതാവുമായ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമനസ്സുവഴി ചെയ്യുകയുമായിരുന്നു. സുറിയാനി എന്ന പാരമ്പര്യം തീർച്ചയായും ഏഷ്യാഭൂഖണ്ഡത്തിനും മറ്റു പൗരസ്ത്യദേശങ്ങൾക്കും സ്വന്തമായതാണ്. സംസ്കാരത്തിലേക്കുള്ള യേശുക്രിസ്തുവിന്റെ വ്യക്തിത്വവൽക്കരണം ഏറെ സമ്പന്നത പ്രധാനം ചെയ്യുന്നു. ജീവിതം മുഴുവൻ ഈ സുറിയാനി ഭാഷയ്ക്കും അതിന്റെ വളർച്ചയ്ക്കും വേണ്ടി ഉഴിഞ്ഞുവച്ച ജേക്കബ്ബച്ചന്റെ, 80 ന്റെ നിറവിലും പ്രകടമാകുന്ന ധിഷണാശക്തിയും ആത്മീയചൈതന്യവും ദൈവം അംഗീകരിച്ചതിന്റെ അനുഭവമാണ് ഈ പദവി. പൗരസ്ത്യസഭകളുടെ ആരാധനപൈതൃകങ്ങൾകൊണ്ട് എല്ലാവരേയും സമ്പന്നമാക്കാൻ കഴിയും എന്ന് ഈ നിയമനം തെളിയിക്കുന്നു. സുറിയാനി പഠനത്തിന് ലോകത്തിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി കഴിഞ്ഞാൽ പിന്നെയുള്ള ഒരു ഇടം SEERI ആകുന്നു. എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിശോത്തര സ്ഥാപനം തിരുവല്ല അതിരൂപതയുടെ അജപാലന ശുശ്രൂഷയിൽപ്പെടുന്നു. മാർപ്പാപ്പയുടെ ആരാധനയുടെ കാര്യാലോചന സംഘത്തിൽ ഉൾച്ചേരുവാൻ ഭാഗ്യം ലഭിച്ച അച്ചൻ പതിവുപോലെ ഏറ്റം ഭംഗിയായി അവ നിർവ്വഹിക്കും, മലങ്കര സുറിയാനി സഭയുടെ വലിയ മൽപ്പാൻ എന്ന ജേക്കബ് അച്ചൻ.

ക്രിസ്തീയജീവിതത്തിന്റെ ആണിക്കല്ലായിരിക്കുന്ന നാഥന്റെ പീഡാനുഭവത്തിന്റെയും രക്ഷാകരമായ മരണത്തിന്റെയും ഉയിർപ്പിന്റെയും ഓർമ്മയുടെ നാളുകളിലേക്കു നാം കടന്നുവരികയാണല്ലോ. പരി. ബനഡിക്ട് മാർപ്പാപ്പ പറയുന്നു: നമ്മുടെ വിശ്വാസം എന്നത് ഏതാനും ചില സത്യങ്ങളിലോ ബോദ്ധ്യങ്ങളിലോ അല്ല. അത് യേശുക്രിസ്തുവാകുന്ന വ്യക്തിയിലാണ് എന്ന്. നമ്മെ സംബന്ധിച്ച് യേശുനാഥൻ എന്നും ജീവിക്കുന്നവനാണ്. കല്ലറയ്ക്കപ്പുറമുള്ള ഉത്ഥാനത്തിന്റെ ജീവിതം അവിടുത്തേയ്ക്കു മാത്രമുള്ള വിജയമല്ല - അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഉണ്ടാകുന്ന വിജയമാണ്. തിന്മയ്ക്കു വിജയമില്ല എന്നും, സഹനത്തിനു സന്തോഷം പ്രതിഫലമായി ലഭിക്കും എന്നും മറ്റുമുള്ള സാമാന്യവൽക്കരണമല്ല നമുക്ക് യേശുനാഥൻ തരുന്നത്.

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഫ്രാൻസിസ് ജേക്കബ്, മാടപ്പള്ളി**
**മുണ്ടുകുഴി**

www.malankaralibrary.com


അവൻ ജീവിക്കുന്നവനാണെന്നും എന്നും നമ്മോടൊപ്പമുണ്ടെന്നുമുള്ള സത്യം നമുക്കു നൽകുന്ന ശക്തിയും കൃപയും അപാരമാണ്. ആദിമസഭയുടെ ചൈതന്യം അതായിരുന്നു. ഏതൊരു പ്രതിസന്ധിയുടെയും നടുവിൽ യേശുനാഥനെ ജീവിക്കുന്നവനായി കണ്ടു സാക്ഷ്യപ്പെടുത്തുവാൻ തുടങ്ങിയപ്പോൾ എതിരാളികൾ പരാജയപ്പെട്ടു. നമുക്കുത്ഥാനം അതുകൊണ്ട് ആണ്ടുവട്ടത്തിലെ ഒരാചരണമോ ഒരു തിരുന്നാളോ അല്ല. മറിച്ച് നമ്മുടെ ജീവിതത്തെ ആകമാനം നിയന്ത്രിക്കുന്ന സത്യമാണ്. നമുക്കൂർജ്ജം പകരുന്ന ദൈവകൃപയാണ്. വി. ലോറൻസിനെ പൊരിച്ചെടുക്കുമ്പോൾ അദ്ദേഹം പറയുന്നു ഒരു വശം പൊരിഞ്ഞിട്ടുണ്ട് ഇനിയും മറിച്ചിടാം എന്ന്. ഇതു കേട്ടാൽ ആരാണ് മാനസാന്തരപ്പെടാത്തത്. വി. പോളിക്കാർപ്പസിനെ പന്തംപോലെ കത്തിച്ചപ്പോൾ അവിടെനിന്നും ഉയർന്നത് സൗരഭ്യത്തിന്റെ പുകയായിരുന്നു. മനുഷ്യ മാംസം വേവുമ്പോൾ ഉണ്ടാകുന്ന ദുർഗന്ധമല്ല. ഏതാണ്ട് 28 വർഷങ്ങൾക്കു മുൻപ് 41 വയസ്സുണ്ടായിരുന്ന വട്ടാലിൽ സി. റാണി മരിയ 50 തവണ സമുന്തർ സിങ് എന്ന മനുഷ്യനാൽ കുത്തേറ്റു പിടഞ്ഞു മരിച്ചു. പാവപ്പെട്ടവരുടെയിടയിൽ കർത്താവിനു സാക്ഷ്യം നൽകിയതിന്. എന്നാൽ പിന്നീട് സമുന്തർ വലിയ ക്ഷമ ഭവനാംഗങ്ങളിൽ നിന്നു ലഭിച്ച് ഒരു പുതിയ വ്യക്തിയായി ഇപ്പോൾ നന്മ ചെയ്തു ജീവിക്കുന്നു. ഏതൊന്നിനെ എതിർത്തോ അതിനെ ഗാഢമായി വാരിപ്പുണരുന്ന പ്രതിഭാസം. യേശുക്രിസ്തു ജീവിക്കുന്നു. അവൻ നമ്മുടെ സന്തോഷമാണ്. നമ്മുടെ ശക്തിയാണ്. എല്ലാം അവനുവേണ്ടിയാണ്. ലാഭമായവയെ ഉച്ഛിഷ്ടം പോലെ കരുതുവാൻ. ലോകബുദ്ധിയിൽ വിലപിടിപ്പുണ്ടെന്നു പറയുന്നതിന്റെ വിലയില്ലായ്മ മനസ്സിലാക്കുവാൻ കഴിയുന്ന, ഏതൊരു ഇരുട്ടിലും പ്രകാശമാകുവാനുള്ള ഊർജ്ജം, ഏതു പ്രതിസന്ധിയിലും ഉറപ്പുള്ള ബോദ്ധ്യം പകരുന്ന കർത്താവിന്റെ ഉയിർപ്പിന്റെ ശക്തി. അതു നിസീമമാണ്. അതിശക്തമാണ്. എല്ലാവർക്കും ഉയിർപ്പു തിരുന്നാൾ മംഗളങ്ങൾ നേരുന്നു.

**ദൈവത്തിനും മനുഷ്യനും വേണ്ടി ഒഴിഞ്ഞു വച്ചിരുന്ന ഒരു ജീവിതത്തിന്റെ ഉത്തമ ആൾരൂപമായിരുന്നു അഭി. ആർച്ചുബിഷപ്പ് ജോസഫ് പൗവ്വത്തിൽ എന്ന സാത്വികനായ ആചാര്യശ്രേഷ്ഠൻ.**




*വന്ദ്യ ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിലിന്റെ ഭൗതികശരീരത്തിനരികിൽ തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും അതിരൂപതാ വൈദികരും മലങ്കര സുറിയാനി സഭ ആരാധനക്രമ പ്രകാരം പ്രാർത്ഥന നടത്തുന്നു.*

www.malankaralibrary.com



# ഉത്ഥിതന്റെ മുറിപ്പാടുകൾ





മോൺ. ഡോ. ജോൺസൺ
കൈമലയിൽ
കോർ-എപ്പിസ്കോപ്പോ

യേശുക്രിസ്തുവിന്റെ ഉയിർപ്പ് ദൈവമഹത്വത്തിന്റെ വിളംബരമായിരുന്നു. ഭൗതികതയുടെ മേൽ ആത്മീയതയ്ക്കുള്ള ആത്യന്തികമായ വിജയപ്രഖ്യാപനം. യേശുവിന്റെ ശവകുടീരത്തിന്റെ വാതിൽക്കൽ നിന്ന് ഉരുട്ടി മാറ്റപ്പെട്ട കല്ലും, തകർക്കപ്പെട്ട രാജമുദ്രയും, ശൂന്യമായ കല്ലറയും, അവിടെ അവശേഷിച്ച കച്ചയും തൂവാലയും, ശുഭ്രവസ്ത്രധാരികളായ ദൂതന്മാരും, ചിതറിപ്പോയ കാവൽക്കാരും എല്ലാം ഉയിർപ്പിന്റെ ബാഹ്യമായ പ്രഘോഷകരായി. എന്നാൽ ഏറ്റവും ആധികാരികമായ ദൃഷ്ടാന്തം ഉത്ഥിതന്റെ തന്നെ വിവിധ പ്രത്യക്ഷീകരണങ്ങളായിരുന്നു. അവിടുത്തെ ശരീരത്തിൽ ആഭരണം പോലെ ചാർത്തപ്പെട്ട മുറിപ്പാടുകൾ മൗനമായി, എന്നാൽ ശക്തമായി ഉദ്ഘോഷിച്ചുകൊണ്ടേയിരുന്നു. ആ മുറിവുകളിൽ നിന്ന് ഉയരുന്ന മൂറോൻ പരിമളം മാനവരക്ഷയുടെ വാതിലായി പരിണമിക്കുന്നു. പെസഹാരഹസ്യങ്ങളുടെ നെറുകയിൽ തിലകച്ചാർത്തായി ആ പാടുകൾ സ്ഥാനം പിടിക്കുന്നു.

### ഉയിർത്തെഴുന്നേറ്റ യേശുവിന്റെ 10 പ്രത്യക്ഷപ്പെടലുകൾ

ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും മദ്ധ്യേയുള്ള 40 ദിവസങ്ങളിൽ യേശു പത്തു പ്രാവശ്യം തന്റെ ശിഷ്യന്മാർക്കും വിശ്വാസ സമൂഹത്തിനും പ്രത്യക്ഷപ്പെടുന്നതായി സുവിശേഷങ്ങൾ സാക്ഷിക്കുന്നു. ഇവ കൂടാതെ ദമാസ്കസിലേക്കുള്ള യാത്രാമധ്യേ സാവൂളിന് (പൗലോസ്) പ്രത്യക്ഷപ്പെടുന്ന സംഭവവും വിസ്മരിക്കാനാവില്ല (അപ്പ. പ്ര. 9:1-19;

www.malankaralibrary.com




**യേശുക്രിസ്തു ആദ്യമായി സമാധാനം ആശംസിക്കുന്നത് ഉത്ഥിതനായ ശേഷമാണ്. അതിനുമുമ്പ് സമാധാനം ആശംസിച്ചിട്ട് പ്രയോജനമില്ല, സമാധാനം ലഭിക്കുകയില്ല. അസമാധാനത്തിന് കാരണമായ പാപവും അതിന്റെ പരിണത ഫലങ്ങളും നിലനിക്കുന്നിടത്തോളം സമാധാനം സ്വീകരിക്കുക സാധ്യമല്ല. ഇപ്പോൾ സമാധാനത്തിന്റെ വഴികളെല്ലാം അവിടുന്നു തുറന്നു തന്നു; കുരിശിൽ മരിച്ച്, ഉത്ഥിതനായി, തിരുമുറിവുകൾ ഉയർത്തിക്കാണിച്ച് സമാധാനം ആശംസിച്ചു.**

22:6-16; 26:12-23). ഈ പ്രത്യക്ഷപ്പെടലുകൾ ഓരോന്നും പിൽക്കാലത്ത് തന്റെ സഭയുടെ കെട്ടുപണിയിൽ നിർണായക ഘടകമായി നിലകൊണ്ടു. ഉയിർപ്പ് ഒരു സംഭവം എന്നതിലുപരി ഒരു അനുഭവമായി പകർത്തപ്പെട്ടു. അതുകൊണ്ടു തന്നെ ഈ പ്രത്യക്ഷപ്പെടലുകൾ സൂക്ഷ്മ നിരീക്ഷണത്തിനും ധ്യാനത്തിനും വിധേയമാകേണ്ടിയിരിക്കുന്നു.

1. മറിയം മഗ്ദലേനയ്ക്ക് തോട്ടത്തിൽ പ്രത്യക്ഷപ്പെടുന്നു (മർക്കോസ് 16:9; യോഹന്നാൻ 20:11-18).
2. കല്ലറയിൽ നിന്നും മടങ്ങി വരുന്ന സ്ത്രീകൾക്ക് പ്രത്യക്ഷനാകുന്നു (മത്തായി 28:9-10).
3. എമ്മാവൂസിലേക്കുള്ള വഴിയിൽ രണ്ട് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു (ലൂക്കോസ് 24:13-32 മർക്കോസ് 16:12-13).
4. പത്രോസിന് ജറുസലേമിൽ ദർശനം കൊടുക്കുന്നു (ലൂക്കോസ് 24:34; 1 കോറിന്തോസ് 15:5).
5. പത്ത് അപ്പസ്തോലന്മാർക്ക് മുകളിലത്തെ മുറിയിൽ പ്രത്യക്ഷനാകുന്നു (ലൂക്കോസ് 24:36-43; യോഹന്നാൻ 20:19-23).
6. പതിനൊന്ന് അപ്പസ്തോലന്മാർക്ക് മുകളിലത്തെ മുറിയിൽ പ്രത്യക്ഷപ്പെട്ടു (യോഹന്നാൻ 20:24-29).
7. ഗലീലി കടൽക്കരയിൽ ആറ് ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്നു (യോഹന്നാൻ 21:1-24).
8. പതിനൊന്ന് അപ്പസ്തോലന്മാർക്കും 500 വിശ്വാസികൾക്കും താബോർ മലയിൽ (മത്തായി 28:16-20; 1 കോറിന്തോസ് 15:6).
9. പതിനൊന്ന് അപ്പസ്തോലന്മാർക്കും കർത്താവിന്റെ സഹോദരനായ യാക്കോബിനും ജെറുസലേമിൽ (മർക്കോസ് 16:14-18; ലൂക്കോസ് 24:44-49; 1 കോറിന്തോസ് 15:7).
10. പതിനൊന്ന് അപ്പസ്തോലന്മാർക്ക് ഒലിവ് മലയിൽ (ലൂക്കോസ് 24:50-53).

ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകൾ ശിഷ്യസമൂഹത്തിന് പകർന്നു കൊടുത്ത ആത്മവിശ്വാസം വളരെ വലുതായിരുന്നു. അവർ ഉയർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷികളായി. നേരിട്ടുള്ള സാക്ഷികൾ എന്ന തലത്തിൽ അവരുടെ ആത്മസമർപ്പണം സമ്പൂർണ്ണമായിരുന്നു. ഉയിർപ്പിന്റെ അനുഭവം അവരെ പുതിയ ലോകത്തെ പുതിയ മനുഷ്യരാക്കി മാറ്റി. അവർ ധൈര്യശാലികളായി, സഭയുടെ ധീരയോദ്ധാക്കളും. അസാധാരണമായ പ്രതിബന്ധങ്ങൾക്കിടയിലും ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുവാൻ



അവർ വീരോചിതമായ ജീവിതം നയിക്കുകയും അതിന്റെ സാക്ഷ്യത്തിനായി തങ്ങളുടെ ജീവൻ തന്നെ ബലി കൊടുക്കുവാൻ സന്നദ്ധരാവുകയും ചെയ്തു.

## തിരുമുറിവുകളാൽ സമാധാനം

ഉയർത്തെഴുന്നേറ്റ യേശുവിന്റെ പ്രത്യക്ഷപ്പെടൽ ക്രൂശിക്കപ്പെട്ട അതേ ശരീരത്തോടു കൂടിയായിരുന്നു. അവന്റെ ശരീരത്തിൽ കുരിശിലെ മുറിപ്പാടുകൾ കാണപ്പെട്ടു. യോഹന്നാന്റെ സുവിശേഷം 20:20, 27; ലൂക്കോസിന്റെ സുവിശേഷം 24:36-41 എന്നീ ഭാഗങ്ങളിൽ അവൻ പ്രത്യക്ഷനായി തന്റെ മുറിപ്പാടുകൾ കാണുവാനും അതിലൂടെ തന്നിൽ വിശ്വസിക്കുവാനും ശിഷ്യന്മാരെ ക്ഷണിക്കുന്നുണ്ട്. അവന്റെ കുരിശിലെ ബലിയുടെ അടയാളങ്ങൾ വഹിച്ചുകൊണ്ടു തന്നെയാണ് അവൻ ഉയർത്തപ്പെട്ടതും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തതും എന്നത് സ്പഷ്ടം. തന്റെ മുറിപ്പാടുകൾ ഉയർത്തിക്കാട്ടിക്കൊണ്ടാണ് പലയാവർത്തി യേശു ശിഷ്യന്മാർക്ക് സമാധാനം

www.malankaralibrary.com


ആശംസിച്ചത്. 'ആഴ്ചയുടെ ആദ്യദിവസമായ അന്ന് വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേ നിന്നു പറഞ്ഞു നിങ്ങൾക്ക് സമാധാനം. ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു' (യോഹന്നാൻ 20:19-20). യേശുക്രിസ്തു ആദ്യമായി സമാധാനം ആശംസിക്കുന്നത് ഉത്ഥിതനായ ശേഷമാണ്. അതിനുമുമ്പ് സമാധാനം ആശംസിച്ചിട്ട് പ്രയോജനമില്ല, സമാധാനം ലഭിക്കുകയില്ല. അസമാധാനത്തിന് കാരണമായ പാപവും അതിന്റെ പരിണത ഫലങ്ങളും നിലനിൽക്കുന്നിടത്തോളം സമാധാനം സ്വീകരിക്കുക സാധ്യമല്ല. ഇപ്പോൾ സമാധാനത്തിന്റെ വഴികളെല്ലാം അവിടുന്നു തുറന്നു തന്നു; കുരിശിൽ മരിച്ച്, ഉത്ഥിതനായി, തിരുമുറിവുകൾ ഉയർത്തിക്കാണിച്ച് സമാധാനം ആശംസിച്ചു.

മഹത്വീകരിക്കപ്പെട്ട യേശുവിന്റെ ശരീരം എന്തിന് ആ മുറിപ്പാടുകൾ സൂക്ഷിച്ചു എന്നത് നമ്മുടെ ചിന്തയ്ക്ക് വിധേയമാകേണ്ടിയിരിക്കുന്നു. പീഡാനുഭവത്തിന്റെയും, സഹനത്തിന്റയും, തിരസ്കരണത്തിന്റെയും, മരണത്തിന്റെയും പ്രതീകമായ ആ മുറിപ്പാടുകളുടെ പ്രസക്തിയെന്ത്? ഉത്ഥാനത്തിലൂടെ പാപത്തെയും മരണത്തെയും പിശാചിനെയും തോൽപ്പിച്ച യേശു കുത്തിമുറിവേൽപ്പിക്കപ്പെട്ട ആ അടയാളങ്ങൾ എന്തേ മായിച്ചു കളഞ്ഞില്ല? അത് പ്രദർശിപ്പിക്കുവാൻ എന്തുകൊണ്ട് ഔത്സുക്യം കാണിച്ചു? അവ തന്റെ വ്യക്തിത്വത്തിന്റെ അടയാളമാക്കി, അതിൽ സ്പർശിച്ച് ഇത് താൻ തന്നെയെന്ന് വിശ്വസിക്കുവാൻ ശിഷ്യനെ ക്ഷണിച്ചു? ദൈവശാസ്ത്രപരമായ അനേകം വിശകലനങ്ങൾക്ക് വിധേയമായ വിഷയമാണിത്.

## സഹനത്തിന് ഉത്ഥിതന്റെ കൈയ്യൊപ്പ്

സഹനത്തിന്റെ അടയാളമായ മുറിപ്പാടുകൾ വഹിക്കുക വഴിയായി ഉയിർത്തെഴുന്നേറ്റ യേശു മനുഷ്യൻെറ സഹനത്തെ സ്വർഗ്ഗത്തോളം ഉയർത്തി. അവിടുത്തെ പ്രത്യക്ഷപ്പെടലുകൾ ഓരോന്നും ശിഷ്യന്മാരെ തന്നോട് കൂടുതൽ അടുപ്പിക്കുവാനും തന്റെ മുറിപ്പാടുകളിൽ നിന്ന് പാഠം ഉൾക്കൊള്ളുവാനും ലക്ഷ്യം വച്ചായിരുന്നു. 'ഉത്ഥിതനായ യേശു സ്പർശം, ഭക്ഷണത്തിൽ പങ്കുചേരൽ എന്നിവ വഴി തന്റെ ശിഷ്യന്മാരുമായി നേരിട്ട് സമ്പർക്കം സ്ഥാപിക്കുന്നു. അങ്ങനെ താൻ ഒരു ഭൂതമല്ലെന്ന് മനസ്സിലാക്കാൻ അവിടുന്ന് അവരെ ക്ഷണിക്കുന്നു. സർവ്വോപരി, താൻ അവർക്ക് പ്രത്യക്ഷപ്പെടുമ്പോൾ കാണപ്പെടുന്ന, പീഡാസഹനത്തിന്റെ അടയാളങ്ങൾ ഇപ്പോഴും സംവഹിക്കുന്ന ആ ശരീരം പീഡിതവും ക്രൂശിതവുമായ അതേ ശരീരം തന്നെയാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്താനും അവിടുന്ന് അവരെ ക്ഷണിക്കുകയാണ്. അതേസമയം സത്യവും യഥാർത്ഥവുമായ ഈ ശരീരം മഹത്വപൂർണ്ണമായ ശരീരത്തിന്റെ പുതിയ ഗുണങ്ങളും

**രക്ഷയുടെ അടയാളമായി ആ മുറിപ്പാടുകളെ അവൻ പകർത്തി. തന്നെ പിൻചെല്ലുന്ന ഓരോരുത്തരും തങ്ങളുടെ മുറിപ്പാടുകളിലൂടെ ദൈവ ശക്തിയെ വിളംബരം ചെയ്യണമെന്ന് അവിടുന്ന് നിശ്ചയിച്ചു. ശിഷ്യന്മാരുടെ ഭയം ദൂരീകരിക്കാനോ തന്റെ സ്വത്വം വെളിപ്പെടുത്താനോ മാത്രമല്ല അവൻ ഉദ്ദേശിച്ചത്. മറിച്ച് ക്രൂശിക്കപ്പെടുന്ന അനേകരോടുള്ള തന്റെ ഐക്യദാർഢ്യം യേശു പ്രഖ്യാപിക്കുന്നു.**

കൂടിയുള്ളതാണ്. അതു സ്ഥലകാലങ്ങളുടെ പരിമിതിയില്ലാത്തതാണ്. എങ്ങനെ എപ്പോൾ കാണപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവോ അങ്ങനെ അപ്പോൾ പ്രത്യക്ഷപ്പെടാൻ കഴിവുള്ളതാണ്. കാരണം, അവിടുത്തെ മനുഷ്യത്വം ഇനിമേൽ ഭൂമിയിൽ ഒതുങ്ങിനിൽക്കുന്നതല്ല. ഇനി അത് പിതാവിന്റെ ദൈവീകമായ മണ്ഡലത്തിന്റേത് മാത്രമാണ്. അതുകൊണ്ടു കൂടിയാണ് ഉത്ഥിതനായ യേശു ഇഷ്ടംപോലെ പ്രത്യക്ഷപ്പെടാനുള്ള പരമമായ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. ഒരു തോട്ടക്കാരൻ ആയിട്ടോ ശിഷ്യന്മാർക്ക് പരിചയമുള്ള മറ്റേതെങ്കിലും രൂപത്തിലോ പ്രത്യക്ഷപ്പെടാൻ അവിടുത്തേക്കു കഴിയുന്നു. ഇവയെല്ലാം അവരുടെ വിശ്വാസത്തെ ഉണർത്തുവാൻ വേണ്ടിയായിരുന്നു. (കത്തോലിക്കാ സഭയുടെ മതബോധനം, 645).

പീഡാസഹനത്തിന്റെ അടയാളങ്ങൾ ശിഷ്യസമൂഹത്തിന് സഹനത്തിന്റെ രക്ഷാകര മാനം തുറന്നു കാട്ടി. Salvifici Doloris എന്ന പ്രമാണരേഖയിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പ്രബോധിപ്പിക്കുന്നു. ക്രിസ്തു തന്റെ പീഡാസഹന മരണങ്ങളുടെയും ഉത്ഥാനത്തിലൂടെയും, പാപത്തിന്റെയും മരണത്തിന്റെയും മേൽ നേടിയ വിജയം മനുഷ്യ ജീവിതത്തിലെ സഹനം എന്ന യാഥാർത്ഥ്യത്തിലേക്കും അതിന്റെ വിവിധ മാനങ്ങളിലേക്കും പുതിയ പ്രകാശം പരത്തുന്നു. ഈ പ്രകാശം രക്ഷയുടെ പ്രകാശമാണ്. അത് സദ്വാർത്തയുടെയും സുവിശേഷത്തിന്റെയും പ്രകാശമാണ്. കുരിശും സഹനവും കൂടാതെ ഒരു ഉയിർപ്പില്ല. യേശുവിന്റെ സഹനത്തിൽ പങ്കാളികളാകുന്നവർക്കാണ് ഉത്ഥാനത്തിലും പങ്കുപറ്റുവാൻ സാധിക്കുക. 'ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ

www.malankaralibrary.com



അനുപമമായ മഹത്വവും' (2 കോറിന്തോസ് 4:17). 'ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും' (1 പത്രോസ് 4:13).

സഹനത്തിന്റെ വഴിയിലൂടെ കടന്നു പോകുന്നവർക്ക് ഉയർത്തെഴുന്നേറ്റ യേശു നൽകുന്ന ഒരു സാന്ത്വനമാണ് ആ മുറിപ്പാടുകൾ. മനുഷ്യനോടുള്ള അനന്തമായ സ്നേഹത്താൽ പ്രേരിതനായി അവൻ തന്റെ ശരീരത്തിൽ ഏറ്റെടുത്ത യാതനകൾ നാം ഒരിക്കലും വിസ്മരിക്കരുത് എന്ന് അവൻ തീരുമാനിച്ചു. രക്ഷയുടെ അടയാളമായി ആ മുറിപ്പാടുകളെ അവൻ പകർത്തി. തന്നെ പിൻചെല്ലുന്ന ഓരോരുത്തരും തങ്ങളുടെ മുറിപ്പാടുകളിലൂടെ ദൈവശക്തിയെ വിളംബരം ചെയ്യണമെന്ന് അവിടുന്ന് നിശ്ചയിച്ചു. ശിഷ്യന്മാരുടെ ഭയം ദുരീകരിക്കാനോ തന്റെ സ്വത്വം വെളിപ്പെടുത്താനോ മാത്രമല്ല അവൻ ഉദ്ദേശിച്ചത്. മറിച്ച് ക്രൂശിക്കപ്പെടുന്ന അനേകരോടുള്ള തന്റെ ഐക്യദാർഢ്യം യേശു പ്രഖ്യാപിക്കുന്നു. കുരിശിലെ മുറിവുകൾ ഒരു അവസാനവാക്കല്ലയെന്ന് ഉയർപ്പിക്കപ്പെട്ട ഒരുവൻ പ്രഖ്യാപിക്കുന്നു. ക്രൂശിക്കപ്പെടുന്ന യാഥാർത്ഥ്യങ്ങൾക്ക് മുകളിൽ നിലയുറപ്പിക്കുന്നത് ദൈവിക ശക്തിയാണ്.


## നിന്റെ സഹനങ്ങൾ തിരുമുറിവുകളാക്കുക

സർവശക്തനും സ്നേഹം തന്നെയുമായ ദൈവം എന്തുകൊണ്ട് മനുഷ്യർക്ക് സഹനം അനുവദിക്കുന്നു. എത്ര ഭീകരമായ സഹനത്തിന്റെ ദൃശ്യങ്ങൾ ചുറ്റും പരിഭ്രമം വിതയ്ക്കുന്നുണ്ട്. നിഷ്കളങ്ക രക്തം ചിന്തപ്പെടുമ്പോൾ, പിഞ്ചുകുഞ്ഞുങ്ങൾ മരണവേദന അനുഭവിക്കുമ്പോൾ, അന്യായമായി മനുഷ്യർ പീഡിപ്പിക്കപ്പെടുമ്പോൾ-അങ്ങനെ നിരവധി സാഹചര്യങ്ങളിൽ ഈ ചോദ്യം ആവർത്തിക്കപ്പെടുന്നു. ദൈവം എന്തുകൊണ്ട് മൗനം ഭജിക്കുന്നു. അവിടുന്ന് പ്രതികാരത്തിന്റ ദൈവമോ? ഇത് ഒരുവന്റെ പൂർവ്വകാല പാപത്തിന്റെയോ, പൂർവ്വികരുടെ പാപത്തിന്റെയോ ബാക്കിപത്രമോ. ഈ ചോദ്യങ്ങൾ പലരെയും ദൈവത്തിന്റെ അസ്ഥിത്വം തന്നെ സംശയിക്കുന്ന തലം വരെ കൊണ്ടെത്തിക്കുന്നു.

നമ്മുടെ സഹനങ്ങളുടെ യഥാർത്ഥ അർത്ഥം യേശുക്രിസ്തുവിന്റെ തിരുമുറിവുകളിൽ മാത്രമേ നമുക്ക് കണ്ടെത്താൻ സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കുചേരൽ ആണ് നമ്മുടെ സഹനങ്ങൾ. കുരിശിലൂടെ യേശു മനുഷ്യരക്ഷ മാത്രമല്ല സാധ്യമാക്കിയത്. മനുഷ്യന്റെ സഹനത്തെ രക്ഷയുടെ വാതിലായി പ്രതിഷ്ഠിച്ചു. യേശുക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളിൽ ഒരുവൻ സഹനത്തിലൂടെ പങ്കുചേരുന്നു. 'അത് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോട് താദാത്മ്യപ്പെടുന്നതിനും വേണ്ടിയാണ്' (ഫിലി. 3:10). ഈ ലോകത്തിലെ സഹനങ്ങൾ വരാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ കേവലം ക്ഷണികമാണ്. 'ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്വവും' (2 കൊരിന്ത്യർ 4. 17). സഹനത്തിലൂടെ രക്ഷ സാധിച്ചുകൊണ്ട് മാനുഷിക സഹനത്തെ ക്രിസ്തു പവിത്രീകരിക്കുകയും രക്ഷാകരം ആക്കിത്തീർക്കുകയും ചെയ്തു. അങ്ങനെ ഓരോരുത്തരും സഹനത്തിലൂടെ ക്രിസ്തുവിന്റെ രക്ഷാകരസഹനത്തിൽ പങ്കുകാരാകുന്നു.

അനുദിന ജീവിതത്തിലെ സഹനങ്ങളുടെ പൊരുൾ തിരുമുറിവുകളുടെ ധ്യാനത്തിലൂടെ മാത്രമേ വെളിപ്പെടുകയുള്ളൂ എന്ന് ഫ്രാൻസിസ് മാർപാപ്പ നിരന്തരം പ്രബോധിപ്പിക്കുന്നു. 2017 മാർച്ച് 20 ന് നൽകിയ സുവിശേഷ പരിചിന്തനത്തിൽ പാപ്പാ ഇപ്രകാരം ക്ഷണിക്കുന്നു: 'തിരുമുറിവുകളിലേക്ക് നോക്കുക. അവന്റെ മുറിവുകളിൽ പ്രവേശിക്കുക. ആ മുറിവുകളാൽ നാം സൗഖ്യം ഉള്ളവരായിത്തീർന്നു. നീ രോഗിയോ നിരാശനോ തകർക്കപ്പെട്ടവനോ ആയാലും തിരുമുറിവുകൾ നിന്നെ സുഖപ്പെടുത്തും. ●


## Remembrance - APRIL




Fr. Samuel Nilackal
8th April 2002



Fr. Thomas Elavunkal
9th April 1998



Fr. Behanan
Cherupalathinkal
1st April 2016



Fr. Mathew Chempothinal
15th April 2002

www.malankaralibrary.com



# കൃഷിയും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയും



പ്രൊഫ. മോഹൻദാസ്

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്നതും നിർണായകവുമായ മേഖലയാണ് കൃഷി. കാർഷിക മേഖലയിലെ ഏതൊരു മാറ്റവും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ സ്വാധീനം ചെലുത്തുന്നു. തുണിത്തരങ്ങൾ ഭക്ഷ്യസംസ്കരണം, പാൽ, ചണം, പഞ്ചസാര തുടങ്ങിയ ഏറ്റവും വലിയ വ്യവസായങ്ങളെല്ലാം അസംസ്കൃതവസ്തുക്കൾക്കായി കൃഷിയെ ആശ്രയിക്കുന്നു. മുഴുവൻ ജനസംഖ്യയുടെയും ഭക്ഷണ പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റുന്നത് കൃഷിയിലൂടെയാണ്. കാർഷിക മേഖല സുസ്ഥിരമാകുമ്പോഴാണ് രാജ്യം രാഷ്ട്രീയമായും സാമൂഹികമായും സാമ്പത്തികമായും സുസ്ഥിരമാകുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കൃഷിയുടെ സംഭാവന ഏകദേശം 50% ആയിരുന്നു. 1990-91 ആയപ്പോൾ ഇത് 32% ആയി കുറഞ്ഞു. 2005-2006 ആയപ്പോഴേക്കും 16-18% വരെ ആയി. പിന്നീട് ദേശീയ വരുമാനത്തിൽ കൃഷിയുടെ സംഭാവന കുറഞ്ഞു വന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2020-21 ൽ 20.2% ആയി ഉയർന്നെങ്കിലും 2021-22 ൽ മൊത്തം GVA യുടെ 18.8% ആയി കണക്കാക്കപ്പെടുന്നു. 2022-23 സാമ്പത്തിക വർഷത്തെ (ഖാരീഫ് മാത്രം) ആദ്യ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം രാജ്യത്തെ മൊത്തം ഭക്ഷ്യധാന്യ ഉല്പാദനം 149.92 ദശലക്ഷം ടൺ ആയിരുന്നു. 2004 ൽ മൊത്തം കയറ്റുമതി 5 ബില്യൺ ഡോളറായിരുന്നു. 2014 ആയപ്പോൾ 39 ബില്യൺ ഡോളറിന്റെ കയറ്റുമതി നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ കാർഷിക ഹോർട്ടികൾച്ചറൽ സംസ്കരിച്ച ഭക്ഷണ

www.malankaralibrary.com



ങ്ങൾ 120 ൽ അധികം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്നു. ജപ്പാൻ, തെക്കു കിഴക്കൻ ഏഷ്യ, സാർക്ക് രാജ്യങ്ങൾ, യൂറോപ്യൻ യൂണിയൻ യൂണൈറ്റഡ്സ്റ്റേറ്റ്സ് എന്നിവിടങ്ങളിലേക്കാണ് കൂടുതൽ കയറ്റുമതിയും നടത്തിയിട്ടുള്ളത്. 2014 ലെ FAO ലോക കാർഷിക സ്ഥിതിവിവര കണക്കുകൾ പ്രകാരം വാഴ, മാങ്ങ, പേരയ്ക്ക, പപ്പായ, നാരങ്ങാ, ചെറുപയർ, പാൽ, പച്ചക്കറികൾ, മുളക്, ഇഞ്ചി, ചണം പോലുള്ള നാരുകളുള്ള വിളകൾ തുടങ്ങി നിരവധി പഴങ്ങൾ ഉല്പാദിപ്പിക്കുന്നത് ഇന്ത്യയാണ്. ലോകത്തിലെ പ്രധാന ഭക്ഷ്യവിളകളായ ഗോതമ്പിന്റെയും അരിയുടെയും ഏറ്റവും വലിയ രണ്ടാമത്തെ ഉല്പാദക രാജ്യവുമാണ് ഇന്ത്യ. നിരവധി ഡ്രൈഫ്രൂട്ട്സ്, കാർഷികാധിഷ്ഠിത ടെക്സ്റ്റൈൽ, അസംസ്കൃത വസ്തുക്കൾ, കിഴങ്ങുകൾ, പയറുവർഗ്ഗങ്ങൾ, വളർത്തു മത്സ്യം, മുട്ട, തെങ്ങ്, കരിമ്പ്, നിരവധി പച്ചക്കറികൾ എന്നിവയുടെ ഉല്പാദനത്തിൽ ഇന്ത്യ നിലവിൽ ലോകത്തിലെ രണ്ടാമത്തെ വലിയ ഉല്പാദകരാണ്. കന്നുകാലികളുടെയും, കോഴിയിറച്ചിയുടേയും ലോകത്തിലെ ഏറ്റവും വലിയ അഞ്ച് ഉല്പാദകരിൽ ഒന്നാണ് ഇന്ത്യ. 2020 ലെ കണക്കുപ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 41.49% തൊഴിലാളികൾ കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലുമായി ജോലി ചെയ്യുന്നു.

ഇന്ത്യയിലെ പ്രധാന കാർഷിക ഉല്പന്നങ്ങളിലൊന്നായ അരി, മാറിക്കൊണ്ടിരിക്കുന്ന മൺസൂൺ പാറ്റേണിന്റെ ഫലമായി ദുരിതത്തിലാണ്. രാജ്യത്തിന്റെ വടക്കു കിഴക്കു സംസ്ഥാനങ്ങളായ യു.പി., ബീഹാർ, ഒഡീഷ സംസ്ഥാനങ്ങളിൽ 2022 ൽ ഉയർന്ന താപനിലയും അപര്യാപ്തമായ മഴയും അനുഭവപ്പെട്ടു. മധ്യദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായി സമീപ മാസങ്ങളിൽ അമിത മഴയും തൽഫലമായി വെള്ളപ്പൊക്കവും ഉണ്ടായി. കേരളം, കർണ്ണാടക, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഈ സീസണിലെ നെല്ല് വിളവ് 6.77 മില്യൺ ടൺ കുറഞ്ഞ് 104.99 ദശലക്ഷമായി.

ഇന്ത്യൻ കർഷകരിൽ 60% നും 0.4 ഹെക്ടറിൽ താഴെ ഭൂമി മാത്രമാണുള്ളത്. 20% ന്റെ കയ്യിൽ 1.4 ഹെക്ടറിന് മുകളിൽ ഭൂമിയുണ്ട്. ഹരിത വിപ്ലവത്തിലൂടെ ഉല്പാദനം വർദ്ധിപ്പിക്കാനായെങ്കിലും അതിന്റെ പ്രയോജനം വൻകിട കർഷകർക്കു മാത്രമാണ് ലഭിച്ചു എന്നതാണ് യാഥാർത്ഥ്യം. ഇന്ത്യയിൽ ജലസേചന അടിസ്ഥാന സൗകര്യങ്ങളിൽ നദികളിൽ നിന്നുള്ള ചെറുതും വലുതുമായ കനാലുകളുടെ ശൃംഖല, ഭൂഗർഭജല കിണർ അധിഷ്ഠിത സംവിധാനങ്ങൾ, ടാങ്കുകൾ, കാർഷിക പ്രവർത്തനങ്ങൾക്കുള്ള മറ്റ് മഴവെള്ള സംഭരണ പദ്ധതികൾ ഇവ ഉൾപ്പെടുന്നു. ഇന്ത്യയിലെ 160 ദശലക്ഷം ഭൂഗർഭജല കിണറുകൾ വഴിയും 22 ദശലക്ഷം ഹെക്ടറിൽ കനാലുകൾ വഴിയും ജലസേചനം നടത്തുന്നു. കാർഷിക മേഖലയിലും അനുബന്ധ മേഖലയിലും ഇത്രമാത്രം അഭിവൃദ്ധിയുണ്ടാവുമ്പോഴും ഇന്ത്യയിലെ കാർഷിക മേഖലയും, കർഷകരും നിരവധി വെല്ലുവിളികൾ നേരിടുകയാണ്.

## പ്രധാന വെല്ലുവിളികൾ

യൂറോപ്പ്, ചൈന, യു.എസ്. തുടങ്ങിയ രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ കാർഷിക മേഖലയിലെ ഉല്പാദന ക്ഷമത വളരെ കുറവാണ്. സർക്കാരിന്റെ നയങ്ങളിലെ മാറ്റങ്ങൾ പലപ്പോഴും കർഷകർക്ക് ദോഷമായി മാറുന്നു. MPMC (Agricultural product market committe) നിയമത്തിന്റെ സാന്നിധ്യത്തിൽ ഇടനിലക്കാരുടെയും അനധികൃത വ്യാപാരികളുടെയും എണ്ണം വർദ്ധിച്ചു. കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ യഥാർത്ഥ മൂല്യങ്ങൾ തിരിച്ചറിയാൻ കഴിയുന്നില്ല. ഉപഭോക്താക്കൾ വളരെ ഉയർന്ന നിരക്ക് നൽകേണ്ടിയും വരുന്നു. കാർട്ടലൈസേഷൻ വർദ്ധിച്ചു വരികയും ഫാം ഗേറ്റ് വിലകൾ കുറയുകയും ചെയ്യുന്നു. സാങ്കേതിക വിദ്യയുടെ ദുരുപയോഗം കാർഷിക മേഖലയെ നശിപ്പിക്കുന്നു. രാസവളങ്ങളുടെ അമിത ഉപഭോഗം ഭൂഗർഭ ജലസ്രോതസ്സുകളെയും മണ്ണിന്റെ ഫലപുഷ്ടിയേയും സാരമായി ബാധിച്ചു. കർഷകർ ഇപ്പോഴും പല കാരണങ്ങൾ കൊണ്ടും ബാങ്കിനെ സമീപിക്കാതെ പണമിടപാടുകാരെപോലുള്ള അനൗപചാരിക സ്രോതസ്സുകളെ ആശ്രയിക്കുന്നു. 40% കർഷകർ അമിത പലിശ കൊടുത്ത് കടക്കെണിയിൽ അകപ്പെടുന്നു. കാലാ

**2020 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ മൂന്നു കാർഷിക നിയമങ്ങൾ കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമാണെന്ന് ഗവൺമെന്റ് അവകാശപ്പെട്ടിരുന്നു. കാർഷികോല്പന്ന വ്യാപാര വാണിജ്യ നിയമം 2020, കർഷക ശാക്തീകരണ സംരക്ഷണ നിയമം 2020, അവശ്യവസ്തു നിയമ ഭേദഗതി നിയമം 2020 എന്നിവ ആയിരുന്നു ആ കാർഷിക നിയമങ്ങൾ.**

www.malankaralibrary.com


വസ്ഥാവ്യതിയാനം, വരൾച്ച, വെള്ളപ്പൊക്കം, താപനിലയിലെ ഏറ്റക്കുറച്ചിലുകൾ, അസമയത്തെ മഴ, ചുഴലിക്കാറ്റ്, ആലിപ്പഴ വർഷം, കീടങ്ങളുടെ ആക്രമണം തുടങ്ങിയവയും വെല്ലുവിളികളാണ്. കോൾഡുസ്റ്റോറേജ് സംവിധാനങ്ങൾ, വെയർ ഹൗസുകൾ, വിപണികൾ ഇവയെ ഉല്പാദനകേന്ദ്രങ്ങളുമായി ശരിയായ രീതിയിൽ സമന്വയിപ്പിച്ചിട്ടില്ല. ഇത് ഉല്പന്നങ്ങളുടെ പാഴാക്കലിനും നശീകരണത്തിനും കാരണമാവുന്നു. അടിസ്ഥാന സൗകര്യക്കുറവുകൾ – റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ അഭാവം പ്രധാന വിപണികളിൽ നിന്നും വിദൂരതയിലുള്ള ഗ്രാമങ്ങളെ ഒറ്റപ്പെടുത്തി ഗ്രാമീണ കർഷകർക്ക് മതിയായ വില ലഭിക്കാതെ ഉല്പന്നങ്ങൾ പ്രാദേശിക വിപണികളിൽ വിൽക്കേണ്ടി വരുന്നു. വില കുറഞ്ഞ ഇറക്കുമതി, ആഭ്യന്തര അന്തർ ദേശീയ വിപണികളിലെ വില ഇടിവ്, ഇടപെടൽ നയങ്ങൾ, സർക്കാർ നിയന്ത്രണങ്ങൾ എന്നിവ കർഷകരുടെ ദുരിതം വർദ്ധിപ്പിച്ചു. രണ്ടു രൂപയ്ക്ക് ഉള്ളിയും ഉരുളക്കിഴങ്ങും, ഒരു രൂപയ്ക്ക് തക്കാളിയും വിൽക്കേണ്ട ഗതികേടിലേയ്ക്ക് തള്ളിവിട്ടതിന്റെ കാരണങ്ങളും ഇതൊക്കെ തന്നെയാണ്.

കർഷകരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ കാലാകാലങ്ങളിൽ സർക്കാർ ആവിഷ്കരിച്ചെങ്കിലും അതൊന്നും വേണ്ടവിധത്തിൽ ഫലം കണ്ടില്ലെന്നു തന്നെ പറയേണ്ടി വരുന്നു. 2020 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ മൂന്നു കാർഷിക നിയമങ്ങൾ കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമാണെന്ന് ഗവൺമെന്റ് അവകാശപ്പെട്ടിരുന്നു. കാർഷികോല്പന്ന വ്യാപാര വാണിജ്യ നിയമം 2020, കർഷക ശാക്തീകരണ സംരക്ഷണ നിയമം 2020, അവശ്യവസ്തു നിയമ ഭേദഗതി നിയമം 2020 എന്നിവ ആയിരുന്നു ആ കാർഷിക നിയമങ്ങൾ. എന്നാൽ കർഷകർ ഈ നിയമങ്ങളെ തങ്ങളുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുമെന്നു വിലയിരുത്തി. A.P.M.C. Act ന്റെ (കാർഷികോല്പന്ന കമ്പോള സമിതി) നിയന്ത്രണത്തിലുള്ള നിലവിലെ മണ്ഡികൾ (ചന്തകൾ) ഇല്ലാതാകുമെന്നു കർഷകർ ഭയപ്പെട്ടു. 200 മുതൽ 300 വരെ ഗ്രാമങ്ങൾ ഇത്തരത്തിലുള്ള ഒരു മണ്ഡിയെ ആശ്രയിച്ചിരുന്നു. നിയമങ്ങൾ പ്രാബല്യത്തിൽ വന്നാൽ മണ്ഡിക്കു പുറത്തേക്കു പോകാം. പുറത്തുള്ളവർക്ക് തങ്ങളുടെ ഉല്പന്നങ്ങളുമായി ഇത്തരം മണ്ഡികളിലേക്കു വരുവാനും അവസരമൊരുക്കുമെന്നായിരുന്നു. നിയമങ്ങൾ നടപ്പിലാക്കുന്നതിനെതിരെ കർഷകർ പ്രക്ഷോഭം ആരംഭിക്കുവാൻ തീരുമാനിച്ചു. അഞ്ഞൂറോളം കർഷക സംഘടനകൾ ഒന്നു ചേർന്ന A.I.K.S.C.C. യുടെ നേതൃത്വത്തിൽ ഐതിഹാസികമായ സമയം നടന്നു. പഞ്ചാബിൽ നിന്ന് ആരംഭിച്ച് ഹരിയാനയിലേക്കും അവിടെ നിന്നും ഡൽഹിയിലേക്കും കർഷകജാഥ നടത്തുവാൻ പദ്ധതിയിട്ടു. കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട പ്രതിഷേധ ജാഥ അഹിംസാത്മകമായിരുന്നു. 40,000 ൽ അധികം കർഷകർ ജാഥയിൽ ഉണ്ടായിരുന്നു. അതിശൈത്യത്തെ വകവയ്ക്കാതെ കാൽനടയായും ട്രാക്ടറുകളിലും കർഷകർ ഡൽഹി ലക്ഷ്യമാക്കി നീങ്ങി. കൊടുംതണുപ്പിൽ 750 ൽ പരം കർഷകർ മരിച്ചു. ഒരു വർഷം, നാലു മാസം, രണ്ടു ദിവസം നീണ്ടു നിന്ന കർഷക സമരത്തിന് അവസാനം ഫലം കണ്ടു. നവംബർ 20 ന് സിഖ് മതസ്ഥാപകൻ ഗുരുനാനാക്കിന്റെ ജയന്തി ദിനത്തിൽ, മൂന്നു കാർഷിക നിയമങ്ങളും പിൻവലിക്കുന്നതായി പ്രധാനമന്ത്രി പ്രഖ്യാപിച്ചു. കർഷകസമരത്തെ അടിച്ചമർത്തുവാൻ നിരന്തരം ശ്രമം നടത്തിയെങ്കിലും അവസാനം ഭരണാധികാരികൾക്കു മുട്ടു മടക്കേണ്ടി വന്നു. കാർഷിക നിയമങ്ങൾ പിൻവലിച്ചുവെങ്കിലും ചർച്ചയിൽ ആവശ്യപ്പെട്ട കാര്യങ്ങൾ ഇന്നും നടപ്പിലാക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. കർഷകർ ഇന്നും അസംതൃപ്തരാണ്. അംഗീകരിച്ച ആവശ്യങ്ങൾ നടപ്പിലാക്കാത്ത പക്ഷം വീണ്ടും സമര രംഗത്തിറങ്ങുവാൻ കർഷകർ നിർബന്ധിതരാവുമെന്നതിൽ സംശയമില്ല.

## കേരളത്തിന്റെ കാർഷിക മേഖലയും അനുബന്ധപ്രവർത്തനങ്ങളും

ഭൂപരിഷ്ക്കരണത്തിനുശേഷം കേരളത്തിലെ സാമൂഹിക വ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ ലാഭാധിഷ്ഠിതമായ അഥവാ ജീവനോപാധി കേന്ദ്രീകൃതമായ കൃഷിയുടെ സാധ്യതകളെ നാണ്യവിളകളിലേക്കു മാത്രം കേന്ദ്രീകരിക്കുവാനാണ് സഹായിച്ചത്. കൃഷിഭൂമിയുടെ 87% സ്ഥലത്ത് നാണ്യവിളകൾ വ്യാപിച്ചപ്പോൾ ധാന്യവിള അതിവേഗം അപ്രസക്തമായിക്കൊണ്ടിരിക്കുന്ന സ്ഥിതിയിലേയ്ക്കു നമ്മൾ എത്തിച്ചേർന്നു. കേരളത്തിൽ നിലനിന്ന കൃഷി സംസ്കാരം മാറ്റി മറിക്കപ്പെട്ടു. ഓരോ വർഷം കഴിയുംതോറും സമീപ സംസ്ഥാനങ്ങളുടെ മേൽ ഭക്ഷ്യ ധാന്യങ്ങൾക്കു വേണ്ടിയുള്ള ആശ്രിതത്വം വർദ്ധിച്ചു വരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്.

## കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ

1. അദ്ധ്വാന ശേഷിയുള്ള ജനവിഭാഗത്തിന്റെ ഏകദേശം 7% മാത്രമേ കാർഷിക രംഗത്ത് ഉള്ളൂ. അതു തന്നെ റബർ, കാപ്പി, കുരുമുളക്, ഏലം തുടങ്ങിയ മലയോര കാർഷിക വ്യവസ്ഥയിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. പുരയിട കൃഷി സമ്പ്രദായം ഏറെക്കുറെ ശിഥിലമായി കഴിഞ്ഞു. കുടുംബം മുഴുവൻ കൃഷിപ്പണിയിലേർപ്പെടുന്ന രീതി ഇല്ലാതായി. കാലിവളർത്തൽ, മത്സ്യം വളർത്തൽ, പച്ചക്കറി കൃഷി, നെൽകൃഷി എന്നിവയുടെ സമ്മിശ്ര കൃഷി വ്യവസ്ഥയും അത്യപൂർവ്വമായി, ആധുനിക വിദ്യാഭ്യാസ സമ്പ്രദായങ്ങൾ പുതിയ തലമുറയെ കൃഷിയിൽ നിന്നകറ്റി.

www.malankaralibrary.com



2. കർഷകത്തൊഴിലാളികളായി കേവലം 15.76 ശതമാനം പേർ മാത്രമാണ് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നത്, പുരയിടങ്ങളുടെ 94 ശതമാനവും ഒരു ഹെക്ടറിൽ താഴെയുള്ള തുണ്ടുഭൂമികളാണ്. അതുകൊണ്ട് തന്നെ കാർഷിക തൊഴിൽ സാധ്യത വളരെ പരിമിതമാണ്. തോട്ടം മേഖലയിലാണ് ഏക ദേശം നാലു ലക്ഷത്തിലധികം പേർ പണിയെടുക്കുന്നത്.

3. എൺപതുകളിൽ ആഭ്യന്തര വരുമാനത്തിന്റെ 33.8% വരെ കാർഷിക മേഖല സംഭാവന ചെയ്തിരുന്നു. എന്നാൽ 2015–16 വർഷത്തിൽ അത് (–2.9) ആയി കുറഞ്ഞു. ഈ കാലഘട്ടത്തിലെ അനുബന്ധ മേഖലയുടെ സംഭാവന 10.38 ശതമാനവുമാണ്.

4. കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ തകർച്ച മൂലം മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ വിപണിക്കു മേൽ ശക്തമായ ആധിപത്യം സ്ഥാപിക്കാൻ കഴിയുന്നില്ല. മാറിവരുന്ന ആഗോള സാഹചര്യങ്ങൾ കാപ്പി, തേയില, റബർ, സുഗന്ധവ്യഞ്ജനങ്ങൾ ഇവയുടെ കയറ്റുമതിയിൽ കടുത്ത വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്. വിലയിടിവാണ് മുഖ്യപ്രശ്നം. ആസിയാൻ കരാറും ഉദാരവൽക്കരണ നയങ്ങളും പ്രതികൂലമായി ബാധിച്ചു. ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി ഉല്പന്നങ്ങളോട് മത്സരിക്കുവാൻ കഴിയാത്തത് പ്രശ്നമായി അവശേഷിക്കുന്നു.

5. ജനസംഖ്യയിലും പ്രതിശീർഷവരുമാനത്തിലും ഉണ്ടായിട്ടുള്ള വർദ്ധനവും നഗരവൽക്കരണവും മൂലം പാലിന്റെയും ഇറച്ചിയുടെയും മുട്ടയുടേയും ആവശ്യം ക്രമാനുഗതമായി വർദ്ധിക്കുന്നുണ്ട്. എന്നാൽ ഇവയുടെ ആഭ്യന്തര ഉല്പാദനം കുറവാണ്. അതുകൊണ്ടുതന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന ഗുണനിലവാരം കുറവുള്ള ഉല്പന്നങ്ങൾ വാങ്ങേണ്ടി വരുന്നു.

6. കേരളത്തിലാകമാനം നടന്നുവരുന്ന അതിവേഗ നഗരവൽക്കരണ പ്രക്രിയ കൃഷിക്കും കാർഷികാനുബന്ധ വ്യവസായത്തിനും വിഘാതം സൃഷ്ടിക്കുന്നു. കൃഷിയിടങ്ങളും ചതുപ്പു നിലങ്ങളും, തണ്ണീർ തടങ്ങളും പുഴയും കായലും, കാടും പുൽമേടുകളും, കടലും കടൽത്തീരങ്ങളുമുൾപ്പെടെ കാർഷികേതര വികസനത്തിനായി നീക്കിവെയ്ക്കപ്പെടുകയാണ്. പാടം നികത്തലും, പാറ പൊട്ടിക്കലും, കുന്നിടിക്കലും, കായൽ നികത്തലുമൊക്കെ പണ്ടും ഉണ്ടായിരുന്നുവെങ്കിലും ഇന്നവയൊക്കെ മുഖ്യധാരാ വികസനത്തിന്റെ അനിവാര്യതയായി അംഗീകരിക്കപ്പെടുന്ന ഒരവസ്ഥയിൽ എത്തിയിരിക്കുന്നു.

നിലവിലുള്ള കാർഷിക വ്യവസ്ഥയെ ശക്തിപ്പെടുത്തി ആ മേഖലയിൽ തൊഴിലും സ്ഥിര വരുമാനവും ജീവിതസുരക്ഷയും ഉറപ്പാക്കുന്ന നയസമീപനമാണാവശ്യം. കർഷകരുടെ കർഷക തൊഴിലാളികളുടെയും ക്ഷേമത്തിനായി ഇന്ന് സർക്കാർ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നത് സ്വാഗതാർഹമാണ്. ശുചിത്വം, മാലിന്യസംസ്ക്കരണം, ജലസംരക്ഷണം, കാർഷിക വികസനം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളുമായി 2016 ഡിസംബർ മുതൽ ഹരിതകേരളം മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഏകോപനത്തോടെയുമാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നത് സുഭിക്ഷ കേരളം പദ്ധതിയിലൂടെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുവാനുള്ള ശ്രമങ്ങൾ ഫലം കണ്ടു. 208 ഗ്രാമപഞ്ചായത്ത് 988 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നെൽകൃഷി നടത്തിവരുന്നു. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും പ്രാദേശിക വിപണികളിൽ വില്പനയ്ക്കെത്തുകയും ചെയ്യുന്നുണ്ട്.

**കൃഷിയിട വരുമാന വർദ്ധനവ്, സാധ്യമായ പരമാവധി ക്ഷമതാ വർദ്ധനവിനുതകുന്ന സാങ്കേതികവിദ്യ, ഉത്തമവിത്ത്, ജൈവവളം, ജൈവകീടനാശിനി ആവശ്യത്തിനുമാത്രം നിർമ്മിതവളം, കീടനാശിനി പ്രയോഗം, യന്ത്രവൽക്കരണം, വിദഗ്ദ്ധ തൊഴിലാളികൾ സുരക്ഷിത സംഭരണം, വിപണി വിള ഇൻഷ്വറൻസ് ചുരുങ്ങിയ പലിശയ്ക്കു വായ്പ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ കർഷകർക്കുള്ള പ്രതീക്ഷ നിറവേറ്റപ്പെടണം.**

മൊത്തം കൃഷിയിട വരുമാന വർദ്ധനവ്, സാധ്യമായ പരമാവധി ക്ഷമതാ വർദ്ധനവിനുതകുന്ന സാങ്കേതികവിദ്യ, ഉത്തമവിത്ത്, ജൈവവളം, ജൈവകീടനാശിനി ആവശ്യത്തിനുമാത്രം നിർമ്മിതവളം, കീടനാശിനി പ്രയോഗം, യന്ത്രവൽക്കരണം, വിദഗ്ദ്ധ തൊഴിലാളികൾ, സുരക്ഷിത സംഭരണം, വിപണി വിള ഇൻഷ്വറൻസ് ചുരുങ്ങിയ പലിശയ്ക്കു വായ്പ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ കർഷകർക്കുള്ള പ്രതീക്ഷ നിറവേറ്റപ്പെടണം. കൃഷിഭവനുകളുടേയും മൃഗാശുപത്രികളുടേയും പ്രവർത്തനം പുനരാവിഷ്കരിക്കേണ്ടതുണ്ട്. ഗവേഷണകേന്ദ്രങ്ങളും കാർഷിക സർവ്വകലാശാലകളും കർഷകർക്ക് സാങ്കേതിക പിൻബലമായി പ്രവർത്തിക്കണം.

പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ ഒരുപക്ഷേ നമുക്കു കഴിഞ്ഞേക്കാം. കേരളത്തിന്റെ കാർഷിക സംസ്കാരത്തെ തിരിച്ചു പിടിക്കണമെങ്കിൽ ഓരോ കേരളീയന്റെയും മനോഭാവത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. പ്രകൃതി കനിഞ്ഞരുളിയ ഈ മണ്ണിനെ പൊന്നാക്കുവാൻ അതുസാധ്യമാകുമെന്ന് പ്രത്യാശിക്കാം. ●

www.malankaralibrary.com



*ചങ്ങനാശ്ശേരിയിൽ നിരണത്ത് വിവേകാനന്ദാലയത്തിൽ അദ്ധ്യാപകനും കർഷകനുമായിരുന്ന പരേതനായ എം. പി. ഉണ്ണിപിള്ളയുടെയും ഇന്ദിരാഭായിയുടെയും ഇളയമകനായ ശ്രീ. കൃഷ്ണപ്രസാദ് നാടകം, സിനിമ എന്നിവയിലൂടെ മലയാളികളുടെമനസ്സിൽ സ്ഥാനംപിടിച്ചു. അഭിനയത്തോടൊപ്പം കൃഷിയെ സ്നേഹിച്ച കൃഷ്ണപ്രസാദ് അച്ചന്റെ മരണശേഷം നെൽക്കൃഷി ഏറ്റെടുത്തു. ആദ്യംതന്നെ നൂറുമേനി വിളവു നേടിയ കൃഷ്ണപ്രസാദ് 2010 ൽ മികച്ച കർഷകനുള്ള സംസ്ഥാന പുരസ്കാരം കരസ്ഥമാക്കി. കൃഷിയെ പ്രോത്സാഹിപ്പിക്കുകയും യുവതലമുറയ്ക്ക് കൃഷി ഒരു പ്രചോദനമാകുവാനുമുള്ള ആത്മാർത്ഥമായ പരിശ്രമമാണ് മണ്ണിന്റെ മണമുള്ള സിനിമാനടനായ ഈ കർഷകൻ ചെയ്യുന്നത്. അദ്ദേഹം തന്റെ കൃഷിയെയും സിനിമയെയും കുറിച്ച് ഐക്യദീപം മാഗസിനുമായി മനസ്സു തുറക്കുന്നു.*



# വിളനിലങ്ങൾ

www.malankaralibrary.com



***1. ഒരു സിനിമ നടനായിരുന്നിട്ടും കൃഷിയോടുള്ള ആഭിമുഖ്യം ഉണ്ടായത് എങ്ങനെയാണ്?***

എന്റെ കുടുംബപശ്ചാത്തലം തന്നെയാണ് കൃഷിയിലേക്ക് വരാനുള്ള പ്രധാന കാരണം. അച്ഛൻ ഒരു അദ്ധ്യാപകനായിരുന്നു. പക്ഷേ, അദ്ധ്യാപനത്തേക്കാൾ കൃഷിയായിരുന്നു അച്ഛന് താല്പ്പര്യം. നെൽകൃഷി എന്നു പറയുന്നത് പണ്ടുകാലത്ത് കുടുംബത്തിന്റെ ഒരു അന്തസ്സ് എന്നു പറയുന്നതുപോലെ ഒരു വികാരമായിരുന്നു. ഇതിൽ നിന്ന് വലിയ കാശുണ്ടാക്കാൻ സാധിക്കില്ലെങ്കിലും കൃഷി എന്നു പറയുന്നത് ഒരു അഭിമാനത്തിന്റെ ഭാഗമായിരുന്നു. അച്ഛന്റെ മരണശേഷമാണ് കൃഷിയിലേക്ക് വരുന്നത്. എനിക്ക് താല്പര്യക്കുറവില്ലായിരുന്നു. എങ്കിലും സിനിമ എന്ന ലക്ഷ്യമായതുകൊണ്ട്, ഈ വെയിലും മഴയും കാറ്റും ചെളിയും ഒക്കെ അടിക്കുമ്പോൾ ബുദ്ധിമുട്ടാകുമല്ലോ എന്നുള്ളതുകൊണ്ട് താല്പര്യക്കുറവുണ്ടായിരുന്നു. എന്നാൽ സന്തോഷം തരുന്ന നിമിഷങ്ങൾ കൃഷിയിൽനിന്ന് കിട്ടിയിട്ടുണ്ട്. മാനസികമായ സന്തോഷം എപ്പോഴും ഒന്നിനും കിട്ടാറില്ല. നെൽകൃഷി നമുക്ക് വലിയ മാനസിക സന്തോഷം തരും. വിളവെടുപ്പ് വരുമ്പോഴും നല്ല വിളവ് കിട്ടുമ്പോഴുമാണ് പൂർണ്ണ സന്തോഷം വരുക. അതിൽ ക്ഷീണം വരുമ്പോൾ നമുക്ക് മാനസിക വിഷമവും ഉണ്ടാകും. എന്നാലും മനഃസമാധാനം തേടാൻ പറ്റുന്ന സ്ഥലങ്ങളാണ് കൃഷിയിടങ്ങൾ.

***2. താങ്കളുടെ കുടുംബത്തെ പരിചയപ്പെടുത്താമോ? കൃഷിയിലും സിനിമയിലും കുടുംബം നല്കുന്ന പിന്തുണ എപ്രകാരമാണ്?***

ഭാര്യ രശ്മി, രണ്ടു മക്കൾ, പ്രാർത്ഥന കൃഷ്ണ, പ്രപഞ്ച കൃഷ്ണ. കുടുംബം വലിയ പിന്തുണയാണ് നല്കുന്നത്. അവർക്ക് കൃഷി ചെയ്യുന്നതിൽ ഇഷ്ടക്കുറവ് ഒന്നുമില്ല.

***3. കൃഷിയിൽ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പറയാമോ?***

പണ്ട് തൊഴിലാളികൾ കൂടുതലായിരുന്നു. ഇന്ന് ചെറുപ്പക്കാരായ തൊഴിലാളികളെ കിട്ടാൻ പ്രയാസമാണ്. എല്ലാവരും വൈറ്റ് കോളർ ജോബിനുവേണ്ടി നടക്കുകയാണ്. ഒരു പണിയും ഇല്ലെങ്കിലും ആരും കൃഷിയിലേക്ക് ഇറങ്ങുന്നില്ല. അന്യസംസ്ഥാന തൊഴിലാളികളെയാണ് കൃഷിയ്ക്ക് ലഭിക്കുന്നത്. നമ്മുടെ നാട്ടിലുള്ളവരെ കിട്ടാൻ പ്രയാസമാണ്. പ്രതിസന്ധികൾ പലപ്പോഴും നേരിടാറുണ്ട്. പ്രകൃതിയെ ആശ്രയിച്ചും മറ്റുള്ള വിഭവങ്ങളെ ആശ്രയിച്ചുമാണ് നമ്മുടെ കൃഷി മുന്നോട്ട് പോകുന്നത്. അങ്ങനെ വരുമ്പോൾ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നു. പ്രകൃതിയോട് നമ്മൾ ചെയ്യുന്ന ദ്രോഹങ്ങൾക്ക് പ്രകൃതി തിരിച്ച് പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു. വേനൽ കൂടുമ്പോൾ അതിശക്തമായിട്ട് കൂടുന്നു. മഴ വരുമ്പോൾ ശക്തമായിട്ട് വരുന്നു. വെള്ളപ്പൊക്കം നമുക്ക് ഇതുവരെ ഇല്ലാത്ത രീതിയിൽ ഉണ്ടാകുന്നു. ഇവയൊക്കെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പണ്ട് കാർഷിക കലണ്ടർ ഉണ്ടായിരുന്നു. ഇന്ന് ആ കാർഷിക കലണ്ടർ അനുസരിച്ച് കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്.

**പ്രകൃതിയെ ആശ്രയിച്ചും മറ്റുള്ള വിഭവങ്ങളെ ആശ്രയിച്ചുമാണ് നമ്മുടെ കൃഷി മുന്നോട്ട് പോകുന്നത്. അങ്ങനെ വരുമ്പോൾ പ്രകൃതിക്ഷോഭങ്ങൾ, പ്രകൃതിയോട് നമ്മൾ ചെയ്യുന്ന ദ്രോഹങ്ങൾക്ക് പ്രകൃതി തിരിച്ച് പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു.**

ഞങ്ങൾ നെല്ല് സപ്ലൈകോയിലാണ് കൊടുക്കുന്നത്. ഗവൺമെന്റിനുവേണ്ടി സപ്ലൈകോയാണ് എടുക്കുന്നത്. അതിൽ ഒത്തിരി ബുദ്ധിമുട്ടുകൾ ഞങ്ങൾ തരണം ചെയ്യുന്നുണ്ട്. യഥാസമയം പൈസ കിട്ടാതെ വരുന്നത് ഏറെ വേദനാജനകമായ കാര്യമാണ്. 95 ശതമാനം കൃഷിക്കാരും കൃഷിയെ മാത്രം ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇതിൽനിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ് അവർ എല്ലാക്കാര്യങ്ങളും ചെയ്യുന്നത്. ഉല്പന്നം കൊണ്ട് കൊടുത്തിട്ട് അഞ്ചും എട്ടും മാസങ്ങൾ, അല്ലെങ്കിൽ ഒരു കൊല്ലം വരെ അതിന്റെ പൈസയ്ക്ക് വേണ്ടി കാത്തിരിക്കേണ്ടി വരുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. കെട്ടുതാലി പോലും പണയപ്പെടുത്തി കൃഷി ചെയ്യുന്നവരാണ് 95 ശതമാനവും. അങ്ങനെയുള്ളവർക്ക് സാമ്പത്തികമായും മാനസികമായും ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്.

പ്രതിസന്ധികളെ തരണം ചെയ്യണമെങ്കിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വളരെ പ്രോത്സാഹനം ഉണ്ടാകണം. കൃഷിവകുപ്പ് അഥവാ സപ്ലൈകോയെ ഒക്കെ ഏകോപിപ്പിച്ച്



www.malankaralibrary.com






വളരെയധികം ശക്തമായിട്ട് പ്രോത്സാഹനം കൊടുത്ത് കൃഷിക്കാർക്ക് വേണ്ട കാര്യങ്ങൾ ചെയ്ത് കൊടുത്തെങ്കിൽ മാത്രമേ ഇത് മുന്നോട്ട് പോകുകയുള്ളൂ. മുന്നോട്ട് പോയില്ലെങ്കിൽ ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഇപ്പോഴത്തേതിനേക്കാൾ കൂടാനാണ് സാധ്യത. യഥാസമയം ആനുകൂല്യങ്ങൾ കിട്ടാറില്ല.

***4. സിനിമയിലും കൃഷിയിലും മറക്കാനാവാത്ത എന്തെങ്കിലും സംഭവങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ പങ്കുവയ്ക്കാമോ?***

കൂടുതലും ലാലേട്ടന്റെ കൂടെയാണ് അഭിനയിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ കൂടെയുള്ള അഭിനയജീവിതം മറക്കാനാവാത്തതാണ്. അദ്ദേഹത്തിന്റെ കരുതലും സ്നേഹവും എടുത്തുപറയേണ്ടതാണ്. എനിക്ക് അദ്ദേഹം ഒരു ജ്യേഷ്ഠതുല്യനാണ്. എന്റെ സഹപ്രവർത്തകരായ നടീനടന്മാർ എന്നെ കർഷകനടനെന്ന് സ്നേഹത്തോടെ വിളിക്കുമ്പോൾ അത് അഭിമാനമായി തോന്നാറുണ്ട്. കൃഷിക്കാരനായിട്ട് എന്നോട് കാണിക്കുന്ന സ്നേഹം ഒരു നടനെന്നതിലുപരിയായിട്ടുള്ള സ്നേഹമാണ്. അതിൽ ഒത്തിരി സന്തോഷം തോന്നാറുണ്ട്. കഥാപാത്രങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ, ഇതുവരെ ചെറുപ്പക്കാരന്റെ റോളുകളാണ് ചെയ്തിരുന്നത്. അതിൽനിന്ന് വ്യത്യസ്തമായി ക്യാരക്ടർ റോളുകൾ ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു.




***5. കൃഷിയിലൂടെ അങ്ങ് മറ്റുള്ളവർക്ക് നല്കാൻ ഉദ്ദേശിക്കുന്ന സന്ദേശം എന്താണ്?***

അംഗീകാരങ്ങളെ പ്രോത്സാഹനമായിട്ടാണ് കരുതുന്നത്. അംഗീകാരങ്ങൾ കിരീടമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഒരു നല്ല കിരീടമായിട്ട് തോന്നണമെങ്കിൽ ചെയ്യുന്നതൊക്കെ നല്ലതായിട്ട് പോകണം. ഇല്ലെങ്കിൽ അത് മുൾക്കിരീടമാകും. മുൾക്കിരീടമാകരുത് എന്ന പ്രാർത്ഥനയാണ് ഇപ്പോഴും കൃഷിയെ സ്നേഹിച്ച് മുന്നോട്ട് പോകാൻ ഒരു കാരണം. കൃഷിയിൽ 15 വർഷമായി തുടരുന്നു. ഞാൻ വന്ന സമയം യുവാക്കളൊന്നും കൃഷിയിൽ വന്നിട്ടില്ല. അവർക്കൊരു ബോദ്ധ്യം കൊടുത്ത് ഒത്തിരിപേരെ കൃഷിയിലേക്ക് ഇറക്കാൻ ശ്രമിച്ചിട്ടുണ്ട്. അങ്ങനെയുള്ളവർക്ക് പിന്നിലേക്ക് പോകാൻ അവസരം കൊടുക്കാതെ മുന്നോട്ട് പോകണമെന്നതാണ് എന്റെ പ്രാർത്ഥനയും ശ്രമവും. ●

www.malankaralibrary.com


**ബിൻസി ജെയിംസ്, കട്ടപ്പന**

*(വള്ളക്കടവിന് പോകുന്ന വഴിയിൽ കൊക്കോക്കാട് എന്ന സ്ഥലത്ത് കൃഷി ചെയ്യുന്നു. അവിടെയാണ് താമസിക്കുന്നത്. വള്ളക്കടവിലുള്ള പള്ളിയുടെ സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നു. കട നടത്തുന്നതിനും മറ്റും പാട്ടത്തിന് സ്ഥലമെടുത്തിട്ടുണ്ട്. അവിടെയും കൃഷി ചെയ്യുന്നുണ്ട്).*

### *1. എന്തൊക്കെ കൃഷിയാണ് ചെയ്യുന്നത്?*

എല്ലാ രീതിയിലുള്ള പച്ചക്കറികളും ചെയ്യുന്നുണ്ട്. കൂടുതലും ശീതകാല വിളകളാണ് ചെയ്യുന്നത്. കാബേജ്, ബീൻസ്, കോളീഫ്‌ളവർ, തക്കാളി, ബ്രൊക്കോളി...കൂടാതെ വിദേശങ്ങളിൽ മാത്രം കണ്ടുവരുന്ന കെയിൽ, ചൈനീസ് കാബേജ്, പാഴ്സിലി, ലെറ്റൂസ് എന്നിവയാണ്, കാരണം പലതരത്തിലുള്ള ആളുകളാണ് പച്ചക്കറി വാങ്ങാൻ വരുന്നത്. ബീൻസ്, കാബേജ് പോലെയുള്ളവ നമ്മുടെ നാട്ടിലുള്ളവർ വാങ്ങുമ്പോൾ, നാട് സന്ദർശിക്കാൻ വരുന്ന വിദേശികൾ നമ്മുടെ തോട്ടം സന്ദർശിക്കാറുണ്ട്; അവർക്കുവേണ്ടിയാണ് വിദേശ ഇനങ്ങളായ ഈ കൃഷികൾ ചെയ്യുന്നത്. അതിന്റെ കൂടെ സ്ട്രോബറിയും കൃഷി ചെയ്യുന്നുണ്ട്. ദീർഘകാല വിളകൾ ചെയ്യാറില്ല. പാട്ടത്തിനെടുക്കുന്ന സ്ഥലമായതിനാൽ ദീർഘകാല വിളകൾ കൃഷി ചെയ്തിട്ട് പ്രയോജനമില്ല. കാരണം വിളവെടുക്കാനുള്ള സമയം വരെ പാട്ടം നീട്ടി കിട്ടണമെന്നില്ല. അതുകൊണ്ടുതന്നെ പച്ചക്കറികളാണ് കൂടുതലും ചെയ്യുന്നത്; കൂട്ടത്തിൽ തേനീച്ചയും കാടയും വളർത്തുന്നു.



# വിളസമൃദ്ധിയുടെ തോട്ടം

www.malankaralibrary.com

**മാനസിക സന്തോഷം ഉണ്ടാകുന്നത് ചെറുകിട കർഷകർക്കാണ്; കാരണം അവർക്ക് മറ്റ് ജീവിതമാർഗങ്ങൾ ഉള്ളതിനാൽ അത് മാനസിക സന്തോഷം തരും. കാരണം മറ്റുള്ള പ്രശ്നങ്ങളിൽ നിന്നൊക്കെ മാറി കൃഷി ചെയ്യുമ്പോൾ സന്തോഷം ഉണ്ടാകുന്നു. ഞങ്ങളെ സംബന്ധിച്ച് കൃഷിയിൽ നിന്ന് തന്നെ ഉപജീവനം കണ്ടെത്തേണ്ടതുകൊണ്ട് അതിന്റേതായ ബുദ്ധിമുട്ടുകളും അദ്ധ്വാനവും കൂടുതലായിരിക്കും.**

### *2. കൃഷി ലാഭകരമാണോ?*

എന്നെ സംബന്ധിച്ച് കൃഷി ലാഭകരമായി വരുന്നുണ്ട്. നല്ല വില നൽകി വാങ്ങാൻ ആളുകൾ വരുന്നതാണ് ലാഭകരമാകാൻ കാരണം. കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിയാണ് കൂടുതലും ചെയ്യുന്നത്. കൃഷി സംബന്ധമായ കാര്യങ്ങൾ മാത്രമല്ല പച്ചക്കറി വിത്തുകളും കൃഷിയിൽ നിന്നുണ്ടാക്കുന്ന ഉല്പന്നങ്ങളും വിൽക്കുവാൻ സാധിക്കുന്നു. അതുകൊണ്ടാണ് വലിയ നഷ്ടമില്ലാതെ പോകുന്നത്.

### *3. കൃഷി നല്കുന്ന മാനസിക സന്തോഷം പങ്കുവയ്ക്കാമോ?*



പൂർണ്ണമായും കൃഷിയെ ആശ്രയിക്കുന്ന കർഷകനെ സംബന്ധിച്ച് കൃഷി വലിയ മാനസിക സന്തോഷം നല്കുന്നില്ല. മാനസിക സന്തോഷം ഉണ്ടാകുന്നത് ചെറുകിട കർഷകർക്കാണ്; കാരണം അവർക്ക് മറ്റ് ജീവിതമാർഗങ്ങൾ ഉള്ളതിനാൽ അത് മാനസിക സന്തോഷം തരും. കാരണം മറ്റുള്ള പ്രശ്നങ്ങളിൽ നിന്നൊക്കെ മാറി കൃഷി ചെയ്യുമ്പോൾ സന്തോഷം ഉണ്ടാകുന്നു. ഞങ്ങളെ സംബന്ധിച്ച് കൃഷിയിൽ നിന്ന് തന്നെ ഉപജീവനം കണ്ടെത്തേണ്ടതുകൊണ്ട് അതിന്റേതായ ബുദ്ധിമുട്ടുകളും അദ്ധ്വാനവും കൂടുതലായിരിക്കും. തീർച്ചയായും വിളവെടുക്കുമ്പോൾ മാനസികമായി സന്തോഷം ഉണ്ടാകും. എന്നാൽ അതിലും കൂടുതൽ ആശങ്കകളും ഉണ്ടാകാൻ സാധ്യതയുണ്ട്. അതായിരിക്കും കൂടുതലും കർഷകർ നേരിടുന്ന ഒരു മാനസിക സംഘർഷം.

### *4. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കാറുണ്ടോ?*

നിലവിൽ സർക്കാർ ആനുകൂല്യങ്ങൾ ഞങ്ങൾ വാങ്ങാറില്ല. ആദ്യകാലങ്ങളിൽ കുറച്ച് ആനുകൂല്യങ്ങൾ കിട്ടിയിട്ടുണ്ട്. അതുകഴിഞ്ഞ് മാനസികമായി കുറച്ച് അകൽച്ച തോന്നി. അതിൻപ്രകാരം ഞാൻ അതിലേക്ക് ഒന്നും അധികം പോകാറില്ല. ഇനിയുള്ള അവസരങ്ങൾ അതിനായി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം.

### *5. നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്?*

സ്വന്തമായി സ്ഥലം ഇല്ലാത്തത് ഒരു വെല്ലുവിളിയാണ്. പാട്ടത്തിനെടുത്ത് കൃഷി ചെയ്യുമ്പോൾ മഴമറ തുടങ്ങിയ സജ്ജീകരണങ്ങൾ പുതുതായിട്ട് ആ സ്ഥലത്ത് ചെയ്യേണ്ടി വരും. അതൊക്കെ കുറച്ച് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യങ്ങളാണ്. സ്ഥലം എന്നത് ആവശ്യകാര്യമാണ്. നമ്മുടേതെന്ന അനുഭവം ഉണ്ടാകണമെങ്കിൽ സ്വന്തമായി സ്ഥലം വേണം.

### *6. കുടുംബത്തിന്റെ പിന്തുണ എപ്രകാരമാണ്?*

ഭർത്താവ് ജെയിംസ് ഫ്രാൻസിസ്. മക്കൾ ജിനുമോൾ, ജെഫിൻ, ജെറിൻ. ജിനുമോൾ നഴ്സിംഗ് അവസാനവർഷ വിദ്യാർത്ഥിനിയാണ്. ജെഫിൻ ഓട്ടോ മൊബൈൽ പഠിക്കുന്നു. അത് പഠിച്ചുകൊണ്ടുതന്നെ കൃഷി ചെയ്യുന്നതിനായി ആവശ്യമായവർക്ക് ഫാം സെറ്റ് ചെയ്ത് കൊടുക്കുന്നു. ഇത് ഒരു ബിസിനസ് ആയി കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. കൃഷിയിൽ മുന്നോട്ട് പോകാനാണ് ആഗ്രഹം. ജെറിൻ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നു. എല്ലാവരും അവരുടെ സമയമനുസരിച്ച് കൃഷിയിൽ സഹായിക്കുന്നു. ഓൺലൈൻ സംവിധാനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ആൻസി, രേഷ്മ, അച്ചു എന്നിവരും ഒരു കുടുംബം പോലെ ഞങ്ങളോടൊപ്പം ജോലി ചെയ്യുന്നു. ●

www.malankaralibrary.com






### 1. എന്തൊക്കെ കൃഷിയാണ് ചെയ്യുന്നത്?

ഏലമാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

### 2. കൃഷി ലാഭകരമാണോ?

ചില വർഷങ്ങളിൽ ലാഭകരമാണ്. ചില വർഷങ്ങളിൽ നഷ്ടവുമാണ്.

### 3. കൃഷി നല്കുന്ന മാനസിക സന്തോഷം

തീർച്ചയായും മാനസിക സന്തോഷം നല്കുന്ന ഒന്നാണ് കൃഷി. അതുപോലെ തന്നെ ഒരു പ്രതീക്ഷ കൂടിയാണ്. നമുക്ക് എപ്പോഴും എന്തെങ്കിലും ലഭിക്കുമെന്നുള്ള ഒരു പ്രതീക്ഷ.

### 4. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കാറുണ്ടോ?

ഇതുവരെ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടില്ല. കാരണം, കൃഷി ചെയ്ത് വിളവെടുക്കുന്നതിലും കൂടുതൽ താമസം വരുന്ന ഒന്നാണ് സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങി ഈ ആനുകൂല്യങ്ങൾ കൈപ്പറ്റുക എന്നത്. അതിലും നല്ലത് നമ്മൾ സ്വന്തമായി കൃഷി ചെയ്ത് അതിനു വേണ്ട ചിലവ് വഹിക്കുക എന്നതാണ് ഞാൻ സ്വീകരിച്ചിരിക്കുന്നത്.

### 5. നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്?

കാലാവസ്ഥ വ്യതിയാനം വളരെ വലിയ പ്രശ്നമാണ്. കാരണം, വേനൽ വന്നുകഴിഞ്ഞാൽ കൊടിയ വേനൽ വരുന്നു. ആവശ്യത്തിന് ജലം ലഭിക്കാതെ വരുന്നു. അതുപോലെ ഏലത്തിന് ഒരു പരിധിയിൽ കൂടുതൽ മഴ വന്നാൽ അത് അഴുകി നശിച്ചുപോകുന്ന സാഹചര്യമുണ്ട്. അത് വളരെ വലിയ വെല്ലുവിളിയാണ്. മരുന്നിന്റെയും കീടനാശിനികളുടെയും ഗണ്യമായ വിലവർദ്ധനവ്, ഏലത്തിന്റെ വിലത്തകർച്ച, വന്യജീവികളുടെ ആക്രമണം, വിളവെടുപ്പ് സമയത്ത് തൊഴിലാളികളെ ലഭ്യമാകാതെ വരുന്നത് തുടങ്ങിയവ കൃഷി നശിച്ചുപോകുന്നതിന് ഇടയാക്കുന്നു.

**ടോമി ജോൺ കുന്നേൽ, കട്ടപ്പന**

www.malankaralibrary.com



# മണ്ണിൽ പൊന്ന്

**ജോസഫ് മാത്യു**
കട്ടപ്പന, ഇടുക്കി

### 1. എന്തൊക്കെയാണ് കൃഷി ചെയ്യുന്നത്?

ഏലം, കുരുമുളക്, ഏത്തവാഴ, കപ്പ, പച്ചക്കറി കൃഷികൾ, പശു വളർത്തൽ

### 2. കൃഷിയിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?

കൃഷിയിൽ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്നതാണ്. കൂടാതെ കൃഷി പരിപാലനത്തിന് ഉപയോഗിക്കുന്ന വളങ്ങൾ മരുന്നുകൾ എന്നിവയ്ക്ക് ഇരട്ടി വിലയായി. കൃഷിപ്പണി ചെയ്യുന്നതിന് ഇവിടെത്തന്നെ ജോലിക്കാരെ കിട്ടുന്നില്ല ആകെയുള്ള ആശ്വാസം അന്യസംസ്ഥാന തൊഴിലാളികൾ ആണ്. അവർ ഉള്ളതുകൊണ്ട് ഇപ്പോൾ കൃഷി മുന്നോട്ട് നല്ല രീതിയിൽ കൊണ്ടുപോകാൻ സാധിക്കുന്നു. ഒരു പുരുഷന് 400 രൂപ സ്ത്രീക്ക് 350 രൂപ ദിവസം കൂലി. താമസം, കറണ്ട്, വെള്ളം, വിറക് ഇവ



ഉടമസ്ഥൻ കൊടുക്കണം, രാവിലെ എട്ടുമണിക്ക് ജോലി തുടങ്ങും നാലുമണിവരെ ജോലി ചെയ്യും.

### 3. കൃഷി ലാഭകരമാണോ?

ഏത് കൃഷിയും ലാഭകരമാണ്. കൃഷി ചെയ്യുന്ന വിളകളുടെ വിളപരിപാലനം അറിഞ്ഞിരിക്കണം എങ്കിൽ മാത്രമേ കൃഷി ലാഭകരമായി കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പച്ചക്കറി കൃഷി സീസൺ നോ

www.malankaralibrary.com





# വിളയിക്കുന്നവർ

ക്കി കൃഷി ചെയ്യണം. ഓണം വിപണി, വിഷു എന്നീ സീസണിൽ എല്ലാ ഉൽപ്പന്നങ്ങൾക്കും നല്ല വില ലഭിക്കുന്നു. മാർക്കറ്റ് വില ഉയർന്നുനിൽക്കുമ്പോൾ ആ വിള കൃഷിക്കാർ കൂടുതൽ കൃഷി ചെയ്യുന്നു അതു മൂലം ഉൽപാദനം കൂടുമ്പോൾ വിലയിടിയുന്നു.

## 4. കൃഷി നൽകുന്ന മാനസിക സന്തോഷം

ലോകത്ത് ഏത് ജോലി ചെയ്യുന്നതിനേക്കാളും മനസ്സിന് സന്തോഷം ലഭിക്കുന്നത് കൃഷി ചെയ്യുന്നതിലൂടെയാണ്. കൃഷിക്കാരൻ സ്വന്തം ആവശ്യത്തിന് വേണ്ട ഭക്ഷണസാധനങ്ങൾ കൃഷി ചെയ്ത് ഉത്പാദിപ്പിക്കുകയും മറ്റുള്ളവർക്ക് നൽകുകയും ചെയ്യുന്നു ഒരു വിത്ത് നട്ട് കിളിർത്ത് വളർന്ന് വിളവ് എടുക്കുമ്പോൾ കർഷകർക്ക് ലഭിക്കുന്ന സന്തോഷം പറഞ്ഞറിയിക്കാവുന്നതിലും വലുതാണ്.


## 5. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കാറുണ്ടോ?

കേരള സർക്കാർ കൃഷിഭവനിലൂടെ കൃഷിക്കാർക്ക് നിരവധി സഹായം നൽകി വരുന്നുണ്ട് പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറിന് 10000 രൂപ



സബ്സിഡി നൽകുന്നു. ഇത് കൂടാതെ പച്ചക്കറിത്തൈ, വിത്ത്, ജലസേചനത്തിന് മോട്ടർ, മരുന്നടിക്കുന്നതിനുള്ള സ്പ്രയർ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് വേണ്ടിയിട്ടുള്ള ഡ്രയർ, പായ്ക്ക് ഹൗസ്, മഴമറ, പോളി ഹൗസ്, മറ്റ് അനവധി സഹായങ്ങൾ കൃഷിഭവനിലൂടെ ലഭിക്കുന്നുണ്ട്. ●

www.malankaralibrary.com



# ജാതിക്കത്തോട്ടം

മാമ്മൻ കെ.സി. കണ്ണാടിത്തറ, തിരുമൂലപുരം

### 1. എന്തൊക്കെ കൃഷിയാണ് ചെയ്യുന്നത്?

ജാതിയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഏകദേശം നൂറു ജാതിമരം ഉണ്ട്. കൂടാതെ ഏത്തവാഴ, ചേന. ചേമ്പ്, കാച്ചിൽ, വീട്ടിലേക്ക് ആവശ്യമായ പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നു. കോഴി, മീൻ എന്നിവയും വളർത്തുന്നു. എല്ലാത്തരം പഴവർഗങ്ങളും നട്ടിട്ടുണ്ട്. റംബുട്ടാൻ, ഫിലോസാൻ, ആയുർജാക്ക്, ചിക്കു, ബങ്കരപ്പള്ളി മാങ്ങ, കർപ്പൂരമാങ്ങ ഇവയാണ് ഇപ്പോൾ കായ്ഫലം ആയിരിക്കുന്നത്. ഇവയുടെയെല്ലാം വില്പന നടന്നു കഴിഞ്ഞു.

### 2. ജാതി കൃഷി ലാഭകരമാണോ?

എന്നെ സംബന്ധിച്ച് ജാതി കൃഷി ലാഭകരമാണ്. വളരെ ശ്രദ്ധയും കരുതലും വേണ്ട കൃഷിയാണ്. സാമ്പത്തിക ബാധ്യതയൊന്നും ഈ കൃഷിയിലൂടെ ഇതുവരെ ഉണ്ടായിട്ടില്ല.

### 3. കൃഷി നല്കുന്ന മാനസിക സന്തോഷം

കൃഷി എന്നെ സംബന്ധിച്ച് മാനസിക സന്തോഷം നല്കുന്ന ഒന്നാണ്. പ്രകൃതിയുമായും മണ്ണുമായും ഇടപെടുന്നതിനനുസരിച്ച് മനസിനും ശരീരത്തിനും ഉന്മേഷം ലഭിക്കുന്നു. നമ്മുടെ കണ്ണുകൾക്ക് കുളിർമ ലഭിക്കുന്ന ഇടങ്ങളാണ് കൃഷിയിടങ്ങൾ.

### 4. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കാറുണ്ടോ?

സർക്കാരിന്റെ ആനുകൂല്യങ്ങളെപ്പറ്റി അറിയാൻ ശ്രമിക്കാറുണ്ട്. അത് പ്രയോജനപ്പെടുത്തുവാനും ശ്രമിക്കുന്നുണ്ട്. കൃഷിഭവനുമായും സർക്കാരിന്റെ കൃഷിസംബന്ധമായ മേഖലകളുമായും ചേർന്ന് മുന്നോട്ട് പോകുന്നു.

### 5. നേരിടുന്ന വെല്ലുവിളികൾ/പ്രശ്നങ്ങൾ എന്തെല്ലാമാണ്?

ജാതി കൃഷിയിൽ പ്രത്യേകിച്ച് ബുദ്ധിമുട്ട് ഉണ്ടാവാറില്ല. ഹൈബ്രീഡ് തൈകൾ ആണ് നട്ടിരിക്കുന്നത്. അവയുടെ തായ്ത്തടി കാട്ടുജാതിയുടെ ആണ്, അതുകൊണ്ട് വെള്ളപ്പൊക്കത്തെ നേരിടും. കാറ്റു വന്നു ഒടിഞ്ഞാൽ മാത്രമെ നഷ്ടം സംഭവിക്കുന്നുള്ളൂ. കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർ ഇവയുടെ തൈകൾ മികച്ച നേഴ്സറികളിൽ നിന്നും വാങ്ങുക. ജോലിയ്ക്കായിട്ട് തൊഴിലാളികളെ ലഭിക്കുന്നുണ്ട്. കേരളത്തിന് പുറത്തുള്ളവരാണ് തോട്ടത്തിൽ ജോലി ചെയ്യുന്നത്. ജൈവവളം മാത്രമെ ജാതിയ്ക്ക് ഉപയോഗിക്കാൻ പറ്റൂ. വാഴയ്ക്കും മറ്റ് കൃഷികൾക്കും രാസവളം ഉപയോഗിക്കാറുണ്ട്. കൃഷിഭവൻ മുഖേനയാണ് വില്പന നടത്തുന്നത്. കൂടുതലും സീസൺ അനുസരിച്ചാണ് എന്റെ കൃഷി. ●

www.malankaralibrary.com





# കേരളത്തിന്റെ കാർഷിക ഭൂമിക



മീരാകൃഷ്ണ

"ജയ് ജവാൻ ജയ് കിസാൻ" എന്ന മുദ്രാവാക്യം കേട്ടുവളർന്നവരാണ് നമ്മൾ. രാജ്യം സംരക്ഷിക്കുന്ന ജവാനെയും അന്നം തരുന്ന കൃഷിക്കാരനേയും ഒരുപോലെ പൂജിച്ചാരാധിക്കുന്ന സംസ്കാരമാണ് നമ്മുടേത്. കേരളീയ സംസ്കാരത്തിന്റെ മുഖമുദ്ര തന്നെ പരന്നുകിടക്കുന്ന പച്ചപ്പാണ്. കൃഷി എന്നത് ഒരു ജീവനോപാധി എന്നതിലുപരി മാനവസംസ്കാരത്തിന്റെ അടിത്തറകൂടിയാണ്. ജീവിതത്തിന്റെ സമസ്തതല സ്പർശിയായ കൃഷിയും കാർഷികമേഖലയും നമ്മുടെ സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക ചുറ്റുപാടുകളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

അഗ്രികൾച്ചർ എന്ന വാക്കുതന്നെ ശ്രദ്ധിക്കുക അഗ്രി + കൾച്ചർ. അഗ്രി=വയൽ, കൾച്ചർ- സംസ്കാരം (കൃഷിഭൂമിയിലുള്ള സംസ്കാരം). ആ സംസ്കാരം കേരളീയരുടെ പൈതൃകമാണ്.

ഏതാണ്ട് 19-ാം നൂറ്റാണ്ടുവരെ കേരളത്തിന്റെ ചിലഭാഗങ്ങൾ കാടായിരുന്നുവെന്നു ചില സ്ഥലനാമങ്ങൾ സൂചിപ്പിക്കുന്നുണ്ടല്ലോ. കാടു വെട്ടി കൃഷിയിടങ്ങളാക്കി പൂർവ്വികർ. കൃഷിയുടെ ചരിത്രം മനുഷ്യന്റെ ചരിത്രവും മനുഷ്യന്റെ ചരിത്രം കൃഷിയുടെ ചരിത്രവുമാണ്. കൃഷിയെ അടിസ്ഥാനമുള്ള

www.malankaralibrary.com


താക്കിയായിരുന്നു കേരളത്തിലെ പ്രാചീന ജീവിത സംസ്കാരം. അന്നവും ഉപജീവനവുമായിരുന്നു ലക്ഷ്യം. നവീനശിലായുഗകാലം മുതൽ മനുഷ്യർ കൃഷി ചെയ്തിരുന്നു.

പണ്ടുകാലത്ത് കൃഷിയെ ആശ്രയിച്ചായിരുന്നു നമ്മുടെ കാർഷികമേഖല നിലനിന്നിരുന്നത്. പ്രത്യേകിച്ച് നമ്മുടെ കൊച്ചുകേരളത്തിൽ വിളവെടുപ്പുകൾ എല്ലാം ഒരേ വികാരത്തോടെ ഉത്സവമായി ആഘോഷിച്ച് ആചരിച്ചു പോന്നിരുന്നു. എന്നിട്ടും ഇന്ന് നമ്മൾ കാർഷികവൃത്തിയിൽനിന്നും വളരെ അകന്നുപോയി. ഇവിടുത്തെ സുഗന്ധവിളകൾ കണ്ടാണ് പണ്ട് വിദേശികൾ പോലും വന്നത് എന്ന് ചരിത്രം പറയുന്നു. കേരളത്തിന്റെ കറുത്തമുത്തു(കുരുമുളക്) തേടി നിരവധി സഞ്ചാരികൾ ഇവിടെയെത്തി. വളരെ സമ്പന്നമായ ഔഷധങ്ങൾ അടക്കമുള്ള സസ്യജാലങ്ങളും കാർഷികവിഭവങ്ങളും ഇവിടെ ഉണ്ടായിരുന്നു. കേരവൃക്ഷങ്ങൾ മാത്രമല്ല ധാരാളം നെല്ലിനങ്ങളും കിഴങ്ങു വർഗ്ഗങ്ങളും പയർ വർഗ്ഗങ്ങളും കരിമ്പും ഫലവർഗ്ഗങ്ങളും സുഗന്ധവ്യഞ്ജനങ്ങളും വിളഞ്ഞ നാടാണ് കേരളം.

നമ്മുടെ ആവശ്യം നെല്ലുതന്നെയായിരുന്നു. അത് ധാരാളം ഇവിടെ ഉത്പ്പാദിപ്പിക്കുകയും ചെയ്തിരുന്നു. നെല്ല് ആദ്യം കണ്ടെത്തിയത് ഹിമാലയ സാനുക്കളിലാണെന്നു പറയപ്പെടുന്നു. കേരളത്തിൽ കുടിയേറിയ ഈ വിള കേരളീയൻ തന്റെ നെഞ്ചോട് ചേർത്തു. വയലിലും കരയിലും ഒരുപോലെ വിളയിച്ച നെല്ല് കേരളീയന്റെ അന്നവും സമ്പാദ്യവുമായിരുന്നു. "ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം" എന്ന പഴമൊഴി വരെയുണ്ട്. പറ, നാഴി, ഇടങ്ങഴി അങ്ങനെ അളവുകൾ പോലും നെല്ലളവുകളായി. കൂലിയും ചിട്ടിയും നേർച്ചയുമെല്ലാം ഒരുകാലം വരെ നെല്ല് ആയിരുന്നു. നെല്ലരി നമ്മുടെ സംസ്കാരത്തിന്റെയും ബുദ്ധിയുടെയും ഭാഗമായി മാറി. പഴയ തലമുറ അഭിമാനപൂർവ്വം പറയുന്നതുകേട്ടിട്ടുണ്ട്

"ങ്ഹും...ഞാനും നെല്ലരിച്ചോറാ കഴിക്കുന്നത്" എന്ന്.

അതുപോലെ കേരളത്തിന്റെ കല്പ്പവൃക്ഷമായ തെങ്ങ്. കേരളത്തിന്റെ തെങ്ങുകൃഷി വളർന്നത് ഡച്ചുകാരുടെ കാലത്താണ്. തിരുവിതാംകൂറിലും കൊച്ചിയിലുമായി 49 തെങ്ങിൻതോപ്പുകൾ ഉണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിലാണ് വ്യവസ്ഥാപിതമായ രീതിയിൽ ഇവിടെ തെങ്ങുകൃഷി തുടങ്ങുന്നത്. 17-ാം നൂറ്റാണ്ടിലെ കൃഷിഗീതയിലും സസ്യശാസ്ത്രഗ്രന്ഥമായ ഹോർത്തൂസ് മലബാറിക്കൂസിലും തെങ്ങിനെക്കുറിച്ചു പറയുന്നുണ്ട്. അന്ന് കേരവൃക്ഷങ്ങളാൽ സമൃദ്ധമായിരുന്ന നാട് ആണ് നമ്മുടെ കേരളം. പക്ഷെ ഇന്നോ?

1960-കളിൽ റബ്ബർകൃഷിയിലും സജീവമായി

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**സാറാമ്മ വർഗീസ്, ചുങ്കപ്പാറ**

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഫ്രാൻസിസ് ജേക്കബ്, മാടപ്പള്ളി**
**മുണ്ടുകുഴി**

www.malankaralibrary.com


കേരളം. 1980-കൾ മുതൽ വിദേശ കുടിയേറ്റം കൂടുതൽ ശക്തമായതോടുകൂടി കേരളം പുരോഗതിയുടെ പടവുകൾ കയറിത്തുടങ്ങി. കൃഷിയെ മാറ്റിനിർത്തി സർക്കാർ ജോലി അല്ലെങ്കിൽ വിദേശകുടിയേറ്റം എന്നചിന്ത യുവതലമുറകളിൽ ഉണർത്തി. വയലുകൾ പലതും മണ്ണിട്ടുപൊക്കി. കുന്നുകൾ പലതും ഇടിച്ചുനിരത്തി, രമ്യഹർമ്മ്യങ്ങൾ പണിതു. അങ്ങനെ പ്രകൃതി ചൂഷണം മൂലം ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥപോലും അലങ്കോലപ്പെട്ടു.

നമ്മുടെ കൃഷി മൺസൂണിനെ ആശ്രയിച്ചാണിരിക്കുന്നത്. കൃഷി എന്നു പറയുമ്പോൾ വിള ഉത്പ്പാദനം, പഴം, പച്ചക്കറി, പുഷ്പം, കന്നുകാലി ഉത്പ്പാദനം, കാർഷികവനവത്ക്കരണം, മത്സ്യകൃഷി ഇവയെല്ലാം ഉൾപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള ജോലി ചെയ്യുന്ന ഒരാൾ കാർഷിക വ്യവസായത്തിലാണ് എന്നുതന്നെ പറയാം. 2007-ൽ ഇന്ത്യയിൽ കാർഷികവരുമാനം ദേശീയവരുമാനത്തിന്റെ 52% ആയിരുന്നു. ഇന്ത്യ ഭക്ഷ്യ ക്ഷാമം നേരിട്ട അറുപതുകളിൽ ഇന്ത്യാ ഗവൺമെന്റ് മുന്നോട്ടുവച്ച പദ്ധതിയാണ് ഹരിതവിപ്ളവം. രാസവളങ്ങളുടേയും കീടനാശിനികളുടേയും അമിതമായ ഉപയോഗം മൂലം താത്ക്കാലികമായി കാർഷികോത്പ്പാദനം വർദ്ധിച്ചെങ്കിലും പുന:സ്ഥാപിക്കാൻ കഴിയാത്ത ഊർജ്ജസ്രോതസ്സുകളുടെ നഷ്ടം ഉണ്ടായി.തൊണ്ണൂറുകൾക്കുശേഷം (Post Modernism) ഉള്ള കാലത്ത് മട്ടുപ്പാവിലും വീട്ടുപരിസരങ്ങളിലും കൃഷി എങ്ങനെ വിജയിപ്പിക്കാമെന്നുള്ള പരീക്ഷണങ്ങൾ നടന്നു.

ഇന്ന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നൂതന കൃഷിരീതികൾ വികസിപ്പിച്ചുവരുന്നുണ്ട് .ഹോർട്ടികൾച്ചർ രീതികൾ ഇന്ന് പ്രചാരത്തിലുണ്ട്.(ഹോർത്തൂസ്, കൊളീർ എന്നീ ലത്തീൻ പദങ്ങളിൽ നിന്ന് ഉത്ഭവിച്ചിട്ടുള്ള നാമമാണ് ഇത്). ഇത് കാർഷികവും കലാപരവും ശാസ്ത്രീയവുമായ ഒരു വ്യവസായമാണ്. എന്നിട്ടും വിഷം കലർന്ന പച്ചക്കറികളും ധാന്യങ്ങളും ഇറക്കുമതി ചെയ്ത് കാർഷികഭൂമിയായിരുന്ന കേരളത്തിലെ ജനങ്ങൾ ഇന്ന് മാരകരോഗങ്ങൾ വിലയ്ക്കുവാങ്ങുകയാണ്. യുവതലമുറ കൃഷിയിൽനിന്നകന്ന സാഹചര്യത്തിൽ എങ്ങനെയാണ് കാർഷികസംസ്കാരം നിലനിർത്തുകയെന്ന് പ്രശസ്ത എഴുത്തുകാരൻ സക്കറിയ ഒരു അഭിമുഖത്തിൽ ചോദിച്ചിരുന്നു. എല്ലാരാജ്യങ്ങളിലും ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിലും അവരാരും കേരളത്തിലെപ്പോലെ, ഒരുജോലിയേയും താഴ്ന്നതായിക്കാണുന്നില്ല.

കേരളത്തിൽ ദേഹം വിയർക്കുന്നതും ചെളിപറ്റുന്നതുമെല്ലാം നാണക്കേടാണല്ലോ. ദേഹം വിയർക്കാൻ ഇഷ്ടമില്ലാത്ത ഒരു സമൂഹം. അതാണ് വർത്തമാനകാല കേരളത്തിന്റെ ചിത്രം. വിശ്രമവേളകളിൽ എങ്കിലും മാനുഷികോർജ്ജം പ്രയോജനപ്പെടുത്തി വിഷരഹിത ഉല്പ്പന്നങ്ങൾ വീട്ടുവളപ്പിൽ സ്വന്തമായി ഉല്പ്പാദിപ്പിച്ചാൽ എല്ലാ അർത്ഥത്തിലും കുടുംബത്തിന്റെ ആരോഗ്യം നിലനിർത്താം.

"നാട്" എന്ന പദം പോലും "നടുക" എന്ന ധാതുവിൽനിന്നുണ്ടായി എന്ന് ഭാഷാപണ്ഡിതൻമാർ പറയുന്നു. അങ്ങനെയെങ്കിൽ നമുക്ക് ഉപയോഗയോഗ്യമായ വിഭവങ്ങൾ നമ്മുടെ പരിമിതി അനുസരിച്ച് നട്ടുനനച്ചു വളർത്തി നമ്മുടെ നാടിനെ നാമപദത്തിലും അർത്ഥവത്താക്കാം. ●

## മലങ്കര കത്തോലിക്കാ സഭയുടെ യൂക്കറിസ്റ്റിക് മിനിസ്റ്റേഴ്സ്



മലങ്കര കത്തോലിക്കാ സഭയുടെ യൂക്കറിസ്റ്റിക് മിനിസ്റ്റേഴ്സിനായുള്ള മൂന്നാം ബാച്ചിന്റെ പരിശീലനം 2023 മാർച്ച് 14 -ന് സഭയുടെ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. വിവിധ കോൺഗ്രിഗേഷനുകളിൽനിന്നുള്ള 134 സിസ്റ്റേഴ്സ് സംബന്ധിച്ചു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ അനുഗ്രഹ പ്രഭാഷണം നടത്തുകയും, ഈ ശുശ്രൂഷക്കായി നിയുക്തരായ സിസ്റ്റേഴ്സിന് സർട്ടിഫിക്കറ്റും അംശവസ്ത്രവും പ്രാർത്ഥന കാർഡും കാതോലിക്കാ ബാവാ നൽകുകയും ചെയ്തു.

www.malankaralibrary.com

# ഇന്നേ ദിവസമോ? അതോ അന്നേ ദിവസമോ?

ഇന്നേ ദിവസമോ അതോ അന്നേ ദിവസമോ - ഇതിൽ ഏതാണ് ശരി? എപ്രകാരമാണ് ഇത് നമ്മുടെ ആരാധനാക്രമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് എന്ന് നോക്കാം:

തലമുറകൾതോറും ജനനപ്പെരുന്നാൾ
ആഹ്ലാദപൂർവ്വം ഘോഷിക്കുന്നു.
ഇപ്പെരുന്നാൾദിനമോ അനുഗ്രഹീതം
ഇന്നാദ്യജാതൻ ജാതംചെയ്തു.

ഇന്നേദിവസം ജനിയാർന്നു തനയൻ
തിന്മയിൽനിന്നും വീണ്ടാനിവരെ

സ്തുതിചെയ്തു...
ഇന്നേദിവസം കന്യകപെറ്റാൾ
ആമോസുതനയൻമുൻ ചൊന്നതുപോൽ

സ്തുതിചെയ്തു...



സുറിയാനി സഭാപാരമ്പര്യം

ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ

ഇന്നീസന്ധ്യയ്ക്കോതിനാഥൻ
പെസഹായിതിനെ നിങ്ങളുമൊത്ത്
ഭക്ഷിക്കാനായ് വാഞ്ഛിച്ചേൻ ഞാൻ
നിബിയർചൊന്ന പ്രവചനമെല്ലാം
നിറവേറുകയായ് ഇങ്ങനെയെന്നിൽ.

ഇന്നേദിവസം സൃഷ്ടികളാകെ
ദുഃഖംപൂണ്ടധികം വിലപിച്ചു
വിധിനിലയത്തിൽ പാതകനെപ്പോൽ നാഥൻനിന്നു
മൃതികൈക്കൊണ്ടുശാശ്വത ജീവനിവർക്കേകിടുവാൻ.

ബന്ധുക്കൾമൂവർ ഇന്നാൾ ലജ്ജിച്ചു
മൃതിയും സാത്താനും യൂദായുംതന്നെ.

ഇപ്രകാരം നിരവധി പ്രാർത്ഥനാശകലങ്ങൾ ആരാധനാക്രമത്തിൽ കാണുവാൻ സാധിക്കും. എന്തു കാരണത്താലാണ് യേശുവിന്റെ മനുഷ്യാവതാരകാലത്ത് സംഭവിച്ച രക്ഷാകര രഹസ്യങ്ങളെ "ഇന്നേദിവസം" എന്ന പ്രയോഗം ഉപയോഗിച്ച് ആരാധനാക്രമത്തിൽ കൂടെക്കൂടെ അവതരിപ്പിക്കുന്നത്. ഇത് മനസ്സിലാക്കുവാനായി ദൈവികസമയത്തെ ആരാധനാക്രമത്തിന്റെ പശ്ചാതലത്തിൽ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആരാധനാക്രമത്തിൽ സമയത്തിനുള്ള പ്രത്യേകത മനസ്സിലാക്കിയെങ്കിൽ മാത്രമേ കൂടുതൽ അർത്ഥവത്തായി ആരാധനയിൽ പങ്കെടുക്കുവാൻ സാധിക്കൂ. രക്ഷാകരമായ സംഭവങ്ങൾ മനസ്സിലാക്കുവാൻ, നാം ഒരു അതീന്ദ്രിയ (transcendental) വീക്ഷണകോണിൽനിന്ന് സമയത്തെ മനസ്സിലാക്കേണ്ടതുണ്ട്.

ഈ ലോകത്തിൽ ക്രിസ്തു സാധ്യമാക്കിതന്ന രക്ഷ നാം അനുഭവിച്ചറിയുന്നത് പ്രധാനമായും ആരാധനാക്രമത്തിലൂടെയാണ്. ആരാധനാക്രമം ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അതായത് സഭയുടെ ഉറവിടവും ഉച്ചകോടിയും ആണ്. അത് രക്ഷാകരസംഭവങ്ങളുടെ അനുകരണമല്ല, മറിച്ച് രക്ഷാകര

www.malankaralibrary.com



സംഭവങ്ങളിലുള്ള വിശ്വാസിയുടെ യഥാർത്ഥ പങ്കാളിത്തമാണ്.

മതങ്ങളുടെ ചരിത്രത്തിൽ എല്ലായ്പ്പോഴും പവിത്രവും (sacred) അശുദ്ധവും (profance) തമ്മിൽ വേർതിരിവുണ്ടായിട്ടുണ്ട്. പവിത്രമായതിനെപ്പറ്റി മനുഷ്യൻ ബോധവാനാകുന്നത് അത് അശുദ്ധമായതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒന്നായി സ്വയം പ്രത്യക്ഷപ്പെടുകയും സ്വയം കാണിക്കുകയും ചെയ്യുന്നതിനാലാണ്. സ്ഥലത്തെക്കുറിച്ചുള്ള ആശയങ്ങൾ ഈ ലോകത്തിന്റേതും പരലോകത്തിന്റേതും എന്നുള്ളതായ രീതിയിൽ വ്യത്യസ്ഥമായാണ് മതങ്ങൾ അവതരിപ്പിക്കുന്നത്. ക്രിസ്തീയവിശ്വാസത്തിൽ സ്ഥലം എന്നത് കൊണ്ട് വിവക്ഷിക്കുന്നത് ഈ ലോകത്തിന്റേതായ സ്ഥലം മാത്രമല്ല, പിന്നെയോ, ഈ ലോകത്തിന് അതീതമായ സ്ഥലമുണ്ട്. എന്നാൽ,ഈ ലോകത്തിൽ തന്നെ സ്ഥലത്തിന്റെ തുടർച്ചയിൽ ചില ഇടവേളകൾ ഉണ്ട്, അശുദ്ധമായസ്ഥലത്തിൽ നിന്ന് പവിത്രമായ സ്ഥലം വേർതിരിക്കപ്പെട്ടിരിക്കുന്നു. ഒരു ദൈവാലയം ഒരു നഗരത്തിന്റെ അശുദ്ധമായ സ്ഥലത്ത് ഒരു ഇടവേള ഉണ്ടാക്കുന്നു. പുറപ്പാട് പുസ്തകത്തിൽ ദൈവം മോശയോട് ഇപ്രകാരം അരുളിചെയ്യുന്നു: "അടുത്തു വരരുത്; നിന്റെ ചെരുപ്പ് അഴിച്ചു മാറ്റുക എന്തുകൊണ്ടെന്നാൽ, നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്" (പുറപ്പാട് 3:5). കാരണം, ദൈവം പ്രത്യക്ഷപ്പെട്ട ആ സ്ഥലം മറ്റ് സ്ഥലങ്ങളിൽ നിന്ന് വേർതിരിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, വിശുദ്ധമായ അല്ലെങ്കിൽ പവിത്രമായ സ്ഥലമുണ്ട്. ഇത് വിശുദ്ധവും പ്രാധാന്യമർഹിക്കുന്നതുമാണ്. ദൈവവുമായുള്ള ആശയവിനിമയം സാധ്യമാകുന്ന ഒരു ക്രമീകൃതമായ ഇടം മനുഷ്യൻ എപ്പോഴും ആഗ്രഹിച്ചിട്ടുണ്ടെന്ന് മതങ്ങളുടെ ചരിത്രം നമ്മോട് പറയുന്നു.

ഇപ്രകാരം, സമയത്തെക്കുറിച്ചും വ്യത്യസ്തമായ തലങ്ങളുണ്ട്: ഈ ലോകത്തിന്റേതും പരലോകത്തിന്റേതും.ഈ ലോകത്തിന്റെ സമയം ചരിത്ര സമയം (historical time or linear time) എന്നറിയപ്പെടുമ്പോൾ ഈ ലോകത്തിന് അതീതമായ സമയം ദൈവിക സമയം അല്ലെങ്കിൽ വിശുദ്ധ സമയം (sacred time) എന്നറിയപ്പെടുന്നു. ചരിത്ര സമയം രേഖീയമായ (linear) ഒന്നാണ്, അതായത് നേർരേഖയിൽ സഞ്ചരിക്കുന്നതാണ്. ആരാധനാക്രമത്തിൽ നാം സമയത്തിന്റെ മറ്റൊരുമാനം കൈകാര്യം ചെയ്യുന്നു. ഒരു ദൈവാലയം ഒരു നഗരത്തിന്റെ അശുദ്ധമായ സ്ഥലത്ത് ഒരു ഇടവേള ഉണ്ടാക്കുന്നതുപോലെ, അതിനുള്ളിൽ ആഘോഷിക്കപ്പെടുന്ന കർമ്മങ്ങൾ ഈ




## MCA പ്രതിഷേധിച്ചു

ക്രൈസ്തവവിശ്വാസത്തെ അവഹേളിച്ച AIYF, SFI ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളുടെ നിലപാടിനെതിരെ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ തലശ്ശേരി ബ്രണ്ണൻ കലോത്സവവുമായി ബന്ധപ്പെട്ട് ക്രൈസ്തവ സമൂഹം രക്ഷയുടെ പ്രതീകമായി കാണുന്ന വിശുദ്ധ കുരിശിനെയും, വിശുദ്ധ കുമ്പസാരത്തെയും അപമാനിച്ച സംഭവത്തിൽ MCA തിരുവല്ല അതിരൂപത പ്രതിഷേധിച്ചു. കത്തീഡ്രൽ ദേവാലയത്തിന്റെ പ്രധാന കവാടത്തിൽ നടന്ന പ്രതിഷേധ സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് ഷിബു മാത്യു ചുങ്കത്തിൽ അധ്യക്ഷത വഹിച്ചു. തിരുവല്ല അതിരൂപതാ മുഖ്യ വികാരി ജനറാൾ വെരി റവ. ഫാ ഡോ. ഐസക്ക് പറപ്പള്ളിൽ യോഗം ഉദ്ഘാടനം നിർവഹിച്ചു.

www.malankaralibrary.com



ലോകസമയത്തിനുള്ളിലെ വിശുദ്ധമായ ഇടവേളകളെ അടയാളപ്പെടുത്തുന്നു. വിശുദ്ധ സമയം അല്ലെങ്കിൽ ആരാധനാസമയം നമ്മുടെ ചരിത്രകാലത്തിനപ്പുറവുംപൊതുവെ നമ്മുടെ സമയസങ്കൽപ്പത്തിന് അന്യവുമാണ്. ഇവിടെ ചരിത്രപരമായ സമയം എന്ന് വിളിക്കപ്പെടുന്ന സാധാരണ രീതിയിലുള്ള സമയം പോലെ, വിശുദ്ധസമയത്തിന് സമയനിബന്ധനകളൊന്നുമില്ല. ചരിത്രപരമായ സമയത്തിൽ നിന്ന് വ്യത്യസ്തമായി, വിശുദ്ധസമയം ചരിത്രത്തിലെ സംഭവങ്ങളുടെ രേഖീയ ശ്രേണിയുമായി (linear sequence) ബന്ധപ്പെട്ടതല്ല.

വിശുദ്ധമായ സ്ഥല-സമയം ആരാധനയ്ക്ക് ക്രമം സ്ഥാപിക്കുകയും പരിധികൾ നിശ്ചയിക്കുകയും ചെയ്യുന്നു. പവിത്രമായ ഈ സ്ഥല-സമയത്തിലൂടെ വിശ്വാസി സ്ഥലേതര സമയത്തിലേക്ക് പ്രവേശിക്കുന്നു. എപ്രകാരമാണ് വിശുദ്ധ സമയവും ചരിത്രസമയവും ബന്ധപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുന്നത് ആരാധനയിൽ കൂടുതൽ അർത്ഥവത്തായി പങ്കെടുക്കുവാൻ വിശ്വാസികളെ സഹായിക്കും. ഇപ്രകാരം, വിശ്വാസികളെ ദൈവിക സ്ഥല-സമയത്തേക്ക് നയിക്കുന്നതിന് സഹായിക്കുവാനായാണ് ആരാധനകളും അനുഷ്ഠാനങ്ങളും മതത്തിന്റെ പശ്ചാലത്തിൽ രൂപപ്പെട്ടിരിക്കുന്നത്. ഒരു സാമൂഹ്യജീവിയെന്ന നിലയിൽ, ഭാഷ, ആംഗ്യങ്ങൾ, പ്രവൃത്തികൾ എന്നിവയിലൂടെ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുവാൻ മനുഷ്യന് അടയാളങ്ങളും ചിഹ്നങ്ങളും ആവശ്യമാണ്. ആരാധനാക്രമം എന്നത് സ്ഥല-സമയത്തിന്റെ അടയാളങ്ങളും ചിഹ്നങ്ങളും ചേർന്നതാണ്. ദൈവവുമായുള്ള അവന്റെ ബന്ധത്തിനും ഇത് ബാധകമാണ്. അതിനാൽ, ആരാധനാക്രമത്തെ ഒരു പ്രതീകമായി കണക്കാക്കാം. ശരിയായ ആരാധനാക്രമാഘോഷത്തിന് അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും ഐക്യം വളരെയധികം ആവശ്യമാണ്.വിശുദ്ധ ഇടം, വിശുദ്ധ സമയം, വിശുദ്ധ വ്യക്തികൾ, വിശുദ്ധ വസ്തുക്കൾ, വിശുദ്ധ വാക്കുകൾ, ആരാധനാ സംഗീതം, വിശുദ്ധ ആംഗ്യങ്ങൾ, ആരാധനാ പ്രവൃത്തികൾ എന്നിവയെല്ലാം രക്ഷാകര രഹസ്യത്തിന്റെ ആഘോഷവും ക്രിസ്തുവുമായുള്ള രക്ഷാകരമായ ബന്ധത്തെ വെളിപ്പെടുത്തുന്ന പ്രതീകങ്ങളാണ്. ഈ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമാണ് ക്രിസ്തു നമ്മുടെ വീണ്ടെടുപ്പിന്റെ പ്രവർത്തനം തുടരുന്നത്.രക്ഷാകരസംഭവങ്ങളുടെ യഥാർത്ഥ-ഫലപ്രദ സാന്നിധ്യമായ ക്രിസ്തുരഹസ്യത്തിന്റെ ചരിത്രമാണ് ആരാധനക്രമം. ക്രിസ്തുവിന്റെ രക്ഷാകരരഹസ്യത്തിന്റെ വസ്തുനിഷ്ഠമായ ഓർമ്മപ്പെടുത്തലും യാഥാർത്ഥ്യമാക്കലും, ഭൂതകാലത്തിന്റെ വസ്തുനിഷ്ഠമായ ഓർമ്മപ്പെടുത്തൽ മാത്രമല്ല, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയുമാണ് ആരാധനക്രമം. സഭ എല്ലാ ദിവസവും ആഘോഷിക്കുന്ന-പ്രത്യേകി

## എം. സി. വൈ. എം. പ്രതിഷേധിച്ചു




ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ക്രൈസ്തവ വിശ്വാസങ്ങളെയും വിശുദ്ധ കുരിശിനെയും വികലമായി ചിത്രീകരിക്കുകയും കക്കുകളി എന്ന നാടകത്തിലൂടെ ഇത് ആവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന എസ്.എഫ്.ഐ, എ.ഐ.വൈ.എഫ് സംഘടനകളുടെ ആസൂത്രിത നീക്കങ്ങൾക്കെതിരെ തിരുവല്ല അതിരൂപതയിലെ എം.സി.വൈ.എം പ്രതിഷേധ കൂട്ടായ്മ നടത്തി. തിരുമൂലപുരം ജംഗ്ഷനിൽ മാർച്ച് 11 ശനിയാഴ്ച വൈകുന്നേരം സംഘടിപ്പിച്ച പ്രതിഷേധ പരിപാടി തിരുവല്ല അതിരൂപതയുടെ മുഖ്യ വികാരി ജനറാൾ മോൺ. ഡോ. ഐസക്ക് പറപ്പള്ളിൽ ഉത്ഘാടനം ചെയ്തു.

www.malankaralibrary.com


ച്ച് കുർബാനയിലും മറ്റ് കൂദാശകളിലും യാമപ്രാർത്ഥനയിലും രക്ഷാകരമായ സംഭവങ്ങൾ, അവ ഒരിക്കൽ മാത്രമേ സംഭവിച്ചിട്ടുള്ളൂ; ചരിത്രപരമായി ഒരിക്കലും ആവർത്തിച്ചിട്ടില്ല, ഇനി ആവർത്തിക്കുകയുമില്ല. ആരാധനാക്രമം ആഘോഷിക്കുന്ന ഓരോ തവണയും ഒരിക്കൽ മാത്രം സംഭവിച്ച യേശുരഹസ്യത്തിലാണ് നാം പങ്കുപറ്റുന്നത്.

ആരാധനാക്രമത്തിൽ, എല്ലാം വിശുദ്ധവും ഭൗമിക ജീവിതത്തിന്റെ ആധിപത്യത്തിന് പുറത്തുമാണ്. ആരാധനാക്രമം മനുഷ്യരെ ലൗകികമായവയുടെ ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കുകയും എല്ലാറ്റിനെയും വിശുദ്ധീകരിക്കുകയും അതിൽ പങ്കുപറ്റുന്നവരെ ദൈവികതയുടെ സാന്നിധ്യത്തിലേക്ക് അത് കൊണ്ടുവരുകയും ചെയ്യുന്നു, അതായത്, സമയത്തിന് അതീതമായ ഒരു അവസ്ഥയിലേക്ക്. ഇപ്രകാരം, വിശുദ്ധമായ സ്ഥലത്തും സമയത്തും ആഘോഷിക്കപ്പെടുന്ന ക്രിസ്തുവിന്റെ രഹസ്യമാണ് കൂദാശാഘോഷങ്ങൾ. ഒരു കൂദാശാഘോഷം എന്നത് അടയാളങ്ങളും പ്രതീകങ്ങളും കൂടി ക്രിസ്തുരഹസ്യത്തിൽ രൂപപ്പെടുത്തിയെടുത്തതാണ്. അവയുടെ അർത്ഥം സൃഷ്ടിയുടെയും മനുഷ്യ സംസ്കാരത്തിന്റെയും പ്രവർത്തനത്തിൽ വേരൂന്നിയതാണ്. സഭയുടെ ഈ കൂദാശകൾ പ്രപഞ്ചത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും അടയാളങ്ങളും പ്രതീകങ്ങളും ശുദ്ധീകരിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, അവ പഴയ ഉടമ്പടിയുടെ പ്രതീകങ്ങളും അടയാളങ്ങളും നിറവേറ്റുന്നു; അവ ക്രിസ്തു പ്രദാനം ചെയ്ത രക്ഷയെ സൂചിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു;കൂടാതെ സ്വർഗ്ഗത്തിന്റെ മഹത്വത്തെ പ്രതീക്ഷാപൂർവ്വം അവതരിപ്പിക്കുകയും ചെയ്യുന്നു.

വിശുദ്ധ തിരുവെഴുത്തുകളിൽ (അതിന്റെ ഫലമായി, സഭയുടെ ആരാധനാക്രമത്തിൽ), സമയത്തെക്കുറിച്ച് ആദ്യമായി പ്രതിപാദിക്കുന്നത് ബൈബിളിലെ ആദ്യ പുസ്തകത്തിന്റെ ആദ്യ വാചകത്തിലാണ് (ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു: ഉത്പത്തി 1:1); തുടർന്ന് മനുഷ്യാവതാര രഹസ്യത്തിലെ "സമയപൂർണ്ണതയിലൂടെ" അത് തുടരുന്നു (മർക്കോസ് 1:15; ഗലാത്തിയ 4:4); തുടർന്ന് വെളിപാട് പുസ്തകത്തിലെ പുതിയ സൃഷ്ടിയുടെയും സ്വർഗീയ ജറുസലേമിന്റെയും ദർശനത്തിലെ "ആദ്യത്തെ ആകാശത്തിന്റെയും ആദ്യത്തെ ഭൂമിയുടെയും കടന്നുപോകൽ" എന്ന വെളിപാടിലൂടെ, "ഇതാ, ഞാൻ വേഗം വരുന്നു" എന്ന ക്രിസ്തുവിന്റെ ഉറപ്പിലും "ആമേൻ, കർത്താവായ യേശുവേ വരണമേ!" എന്ന വിശ്വാസസമൂഹത്തിന്റെ അപേക്ഷയിലും രേഖീയമായ സമയത്തിന്റെ പ്രക്രിയ വിശുദ്ധ ഗ്രന്ഥത്തിൽ അവസാനിക്കുന്നു (വെളിപാട് 21:1 –22:21). എന്നാൽ, ദൈവിക സമയത്തിന് ആരംഭവും അവസാനവും ഇല്ല.

പഴയനിയമത്തിൽ ഉതപത്തി പുസ്തകത്തിൽ നിന്ന് ആരംഭിക്കുന്ന സമയത്തെക്കുറിച്ചുള്ള ഒരു രേഖീയ ആശയം (linear concept) ബൈബിളിന്റെ മാതൃകയാണെന്ന് സാധാരണയായി അനുമാനിക്കപ്പെടുന്നു. പഴയനിയമത്തിലെ രേഖീയ സമയം മിശിഹായുടെ വരവിലേക്കും യാഹ്‌വയുടെ ദിനത്തിലേക്കും നീങ്ങുന്നു.

## 'ഭവനരഹിതർക്ക് ഭവനം'



തിരുവല്ല അതിരൂപതയുടെ 'ഭവനരഹിതർക്ക് ഭവനം' എന്ന പദ്ധതിയിൽ പുറമറ്റം രണ്ടാം വാർഡിൽ പുതുതായി നിർമ്മിച്ച 6 വീടുകളുടെ ഉദ്ഘാടനം ഫെബ്രുവരി 26 ന് കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ നിർവ്വഹിച്ചു.

www.malankaralibrary.com


ക്രിസ്തീയ ആരാധനാക്രമത്തിൽ, ആരാധനാ സമയം രക്ഷാകാലമാണ്, രക്ഷയുടെ ചരിത്രത്തിന്റെ തുടർച്ചയാണ്; ആരാധനാക്രമത്തിലെ സമയം മനുഷ്യ ചരിത്രത്തിലുള്ള ദൈവികരക്ഷയുടെ ചരിത്രം, ഇവിടെ, ഇപ്പോൾ അവതരിപ്പിക്കപ്പെടുന്നതാണ്. ബൈബിളിലെ രക്ഷയുടെ ചരിത്രത്തിന്റെയും രേഖീയ സമയത്തിന്റെയും തുടർച്ചയായി നിലനിൽക്കുന്ന രക്ഷയുടെ ചരിത്രമാണ് ആരാധനാക്രമത്തിൽ സംഭവിക്കുന്നത്.ആരാധനയുടെ ഈ സമയം, പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്ന ക്രിസ്തുവിന്റെ കാലവുമായി ദൃഢമായി യോജിപ്പിച്ചിരിക്കുന്നു അല്ലെങ്കിൽ ഇഴചേർന്നിരിക്കുന്നു. അതിനാൽ, ആരാധനാക്രമ ആഘോഷങ്ങളിൽ, ദൈവത്തിന്റെ സമയവും നിത്യതയുമായി മനുഷ്യസമയത്തിന്റെ ഒരു സഹവർത്തിത്വമുണ്ട്. ദൈവത്തിന്റെ സമയം മനുഷ്യസമയത്തേക്ക് വ്യാപിക്കുന്നു, അങ്ങനെ അത് രക്ഷയുടെ സമയമായി മാറുന്നു, രക്ഷാകരരഹസ്യത്തിന്റെ അനുസ്മരണാ സമയമായി മാറുന്നു; മനുഷ്യന്റെ സമയം ദൈവത്തിന്റെ സമയത്തേക്ക് തുറക്കുന്നു. ആരാധനാക്രമത്തിന് ദൈവശാസ്ത്രപരവും പ്രാപഞ്ചികവുമായ ഒരു പ്രാധാന്യമുണ്ട്: ഓരോ ആരാധനാക്രമത്തിലും, പ്രാപഞ്ചിക സമയം രക്ഷാകരമായ സംഭവങ്ങളുമായും ഓരോ മനുഷ്യന്റെയും നിലവിലെ ചരിത്രവുമായും ചേരുന്നു.

പ്രപഞ്ചവും സകല ജീവജാലങ്ങളും ദൈവത്തിന്റേതായിരിക്കുന്നതുപോലെ യേശുക്രിസ്തുവിലുള്ള ദൈവിക സമയമാണ് ആരാധനാ സമയം. ആ ധാരണയ്ക്കുള്ളിൽ, ദൈനംദിന അസ്തിത്വവും വർത്തമാനവും നിത്യതയിലേക്ക് പ്രവേശിക്കുന്നതിലൂടെ,പ്രത്യേകിച്ച് വിശുദ്ധ സ്വഭാവമുള്ളവയുടെ സാക്ഷാത്കാരത്തിലൂടെ ഒരു വിശ്വാസി രക്ഷാകരചരിത്രത്തിൽ പങ്കുപറ്റുന്ന സമയമാണ് ആരാധനക്രമം.

ക്രിസ്തീയ ആരാധനാക്രമത്തിൽ പങ്കെടുക്കുന്നതിലൂടെ നാം സ്വർഗ്ഗീയ ആരാധനാക്രമത്തിൽ പങ്കെടുക്കുന്നു. അപ്രകാരം നമ്മുടെ സ്വർഗ്ഗാരോഹണത്തിലുള്ള ദൈവത്തിന്റെ അവരോഹണമാണ് ആരാധന. ദൈവിക സമയത്തിലേക്ക് യേശുക്രിസ്തുവിന്റെ രക്ഷാകരകർമ്മങ്ങൾ ഭൗമിക സമയത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗമാണ് ആരാധനാക്രമം. ആരാധനയിലൂടെ മനുഷ്യനെ ദൈവികമാക്കുവാൻ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ദൈവം മനുഷ്യസമയത്തിൽ ഇടപെടുന്നു. വിശുദ്ധസമയത്തെ ഭൂത–വർത്തമാന–ഭാവി കാലങ്ങളുമായി യാതൊരു തടസ്സവുമില്ലാതെ പരസ്പരം ബന്ധിപ്പിക്കുവാൻ കഴിയും. വിശുദ്ധസമയത്തിന്റെ കാഴ്ചപ്പാടിൽനിന്ന് നാം ഒരു കൂദാശയിൽ പങ്കെടുക്കുമ്പോൾ, ഭൂതവും വർത്തമാനവും ഭാവിയും ദൈവത്തിന്റെ രക്ഷാകരമായ പ്രവർത്തനത്തിന്റെ ഒരൊറ്റ സമയത്തിലേക്ക് വരുന്നു.

ക്രിസ്തീയ പശ്ചാത്തലത്തിൽ, ആരാധനക്രമവുമായി ബന്ധപ്പെട്ട് വിശുദ്ധസമയത്തിന് ഒരു സുപ്രധാന പങ്കുണ്ട്. 'ദൈവരാജ്യം'എന്ന ആശയം'ഇതിനകംതന്നെ, എന്നാൽ ഇതുവരെ ആയില്ല' (already,

## മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രലായി ഉയർത്തപ്പെട്ടു



പട്ടം സെന്റ് മേരീസ് കത്തീഡ്രൽ മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രലായി ഉയർത്തപ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പ്രഖ്യാപനം നിർവഹിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആസ്ഥാന ദൈവാലയമായ സെന്റ് മേരീസ് കത്തീഡ്രൽ ഇനി മുതൽ പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ എന്ന പേരിൽ അറിയപ്പെടും. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രഖ്യാപനം മാർച്ച് 10 ന് വൈകുന്നേരം 6.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നിർവഹിച്ചു.

www.malankaralibrary.com


but not yet) എന്നാണ് പ്രകടിപ്പിക്കപ്പെടുന്നത്, അതായത്, ദൈവരാജ്യം ഈ ലോകത്ത് ഇതിനകംതന്നെ ഉണ്ട്, എന്നാൽ അത് യാഥാർത്ഥ്യമാകുകയും പൂർത്തിയാകുകയും ചെയ്യുന്നത് വരാനിരിക്കുന്ന സ്വർഗ്ഗീയ ജറുസലേമിന്റെ കാലഘട്ടത്തിൽ മാത്രമാണ്. മാമോദീസാ സ്വീകരിച്ചവർ ഈ ലോകത്തിലാണെങ്കിലും, സഭയുടെ കൂദാശകളിലൂടെ അവർക്ക് കാലാന്തരയാഥാർത്ഥ്യങ്ങളുടെ മുൻ അനുഭവമുണ്ട്. സഭയുടെ കൂദാശകളിൽ പങ്കാളികളാകുന്നതിലൂടെ, വിശ്വാസികൾ സ്വർഗ്ഗീയജറുസലേമിലെ ഭാവി യാഥാർത്ഥ്യത്തിൽ പങ്കുപറ്റുന്നു. ചരിത്രപരമായ സമയമനുസരിച്ച് ഭൂതകാലത്തിൽ നടന്ന ക്രിസ്തുവിന്റെ രക്ഷാകര സംഭവങ്ങളിൽ ആരാധനക്രമത്തിലെ പങ്കാളിത്തം വഴിയായി ഒരേസമയം നാം പങ്കുചേരുന്നു. നാം ജീവിക്കുന്നത് വർത്തമാനകാലത്താണെങ്കിലും, ക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങളുടെ അനുഭവവും ഭാവി സ്വർഗ്ഗീയാനുഭവവും ആരാധനാക്രമം നമുക്ക് പ്രദാനം ചെയ്യുന്നു. ഒരു ക്രിസ്ത്യാനി സ്നാനം സ്വീകരിക്കുന്നതിലൂടെ അതേസമയം ക്രിസ്തുവിന്റെ ജ്ഞാനസ്നാനത്തിൽ പങ്കെടുക്കുകയും ദൈവരാജ്യത്തിൽ പറുദീസായുടെ അവകാശിയാകുകയും ചെയ്യുന്നു. വിശുദ്ധസമയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത് വിശദീകരിക്കുവാൻ കഴിയൂ.

സാധാരണ രേഖീയ സമയത്തിലെ എല്ലാനിമിഷങ്ങളും, അതിന്റെ രക്ഷാകരമായ ഉള്ളടക്കവും വിശുദ്ധസമയത്തിലെ ഒരൊറ്റ ബിന്ദുവിലേക്ക് ഒത്തുചേരുന്നു. തികച്ചും ഒതുക്കമുള്ള ഈ പ്രസ്താവന ഒരു പ്രായോഗിക ഉദാഹരണത്തിലൂടെ മികച്ചരീതിയിൽ ചിത്രീകരിക്കപ്പെടുന്നു: ഒരു ആരാധനാക്രമവിരുന്നും അത് അനുസ്മരിക്കുന്ന പ്രത്യേക രക്ഷാകരസംഭവവും, ചരിത്രകാലത്ത് വളരെ വ്യത്യസ്തമാണെങ്കിലും വിശുദ്ധസമയത്ത് ഒന്നുതന്നെയാണ്. ഈ വീക്ഷണകോണിൽ, എല്ലാ രക്ഷാകരസംഭവങ്ങളും വിശുദ്ധസമയത്തെഒരൊറ്റ പ്രവൃത്തിയായി കാണുവാൻ കഴിയും. സുറിയാനി സഭാപിതാക്കന്മാരായ എഫ്രേമും സാറൂഗിലെയാക്കോബും കൂദാശകളുടെ സ്ഥാപനത്തെക്കുറിച്ച് പഠിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ചരിത്രകാലത്തിന്റെ വ്യത്യസ്തനിമിഷങ്ങളിൽ നടന്ന കൂദാശാസ്ഥാപനങ്ങൾ വിശുദ്ധസമയത്തെ ഒരൊറ്റ സന്ദർഭത്തിലാണ് നടന്നത്. ഇതിനർത്ഥം, ചരിത്രകാലത്ത് ഒരു രക്ഷാകര കർമ്മത്തിന്റെ ഉള്ളടക്കത്തിൽ വ്യത്യസ്ത സംഭവങ്ങൾ വേർപെട്ടതാണെങ്കിലും, വിശുദ്ധ സമയത്ത് ഒരൊറ്റ സംഭവമായി ഒത്തുചേരുന്നു എന്നാണ്. ആരാധനാക്രമങ്ങളിൽ ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു രക്ഷാകരസംഭവത്തെ (അല്ലെങ്കിൽ സംഭവങ്ങളുടെ പരമ്പരയെ) പ്രതിനിധീകരിക്കുന്ന കർമ്മം ഉടലെടുക്കുന്നത് വിശുദ്ധസമയത്തിൽ ഈ സംഭവങ്ങൾ സംയോജിപ്പിക്കുന്നതിലൂടെയാണ്. അതായത്, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശുദ്ധസമയത്തിന്റെയും ചരിത്ര സമയത്തിന്റെയും സംയോജനം സംഭവിക്കുന്നു.

യേശുവിന്റെ മാമോദീസായുടെ പശ്ചാത്തലത്തിൽ, എഫ്രേം അതിനെ ഒരു ജനന സംഭവമായി കാണുമ്പോൾ, മൂന്ന് ഗർഭപാത്രങ്ങൾ എന്ന ആശയം അവതരിപ്പിക്കുന്നു: മറിയം, ജോർദാൻ, പാതാളം (womb of Mary, womb of Jordan and womb of Sheol). സാറൂഗിലെ യാക്കോബും ഈ മൂന്ന് ഗർഭപാത്രങ്ങളെ തന്റെ പ്രസംഗങ്ങളിൽ പ്രതിപാദിക്കുന്നു. മനുഷ്യാവതാരം, ക്രിസ്തുവിന്റെ സ്നാനം, ക്രിസ്തുവിന്റെ പാതാളത്തിലേക്കുള്ള പ്രവേശനം എന്നിവ മറിയത്തിന്റെയും ജോർദാനിന്റെയും പാതാളത്തിന്റെയും ഗർഭപാത്രങ്ങളാൽ ചിത്രീകരിക്കപ്പെടുന്നു. എഫ്രേമും യാക്കോബും ഈ മൂന്ന് സംഭവങ്ങളെയും ഒറ്റ സംഭവമായി വീക്ഷിച്ചു. എല്ലാ ദൈവിക യാഥാർത്ഥ്യങ്ങളും വിശുദ്ധസമയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവർ വിശദീകരിച്ചിട്ടുള്ളൂ. അങ്ങനെ സൃഷ്ടിയുടെയോ മനുഷ്യാവതാരത്തിന്റെയോ ക്രൂശീകരണത്തിന്റെയോ സമയത്ത് പ്രാബല്യത്തിൽ വന്നത് ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിൽ വിശുദ്ധസമയത്തിന്റെ കാഴ്ചപ്പാടിൽ ആരാധനക്രമത്തിലൂടെ പ്രാബല്യത്തിൽവരുന്നു. കൂടാതെ, ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാംവരവ് എന്നിവയിലൂടെ ചരിത്രപരമായ കാലത്ത് ക്രിസ്തുവിന് ഇനിയും സംഭവിക്കാനുള്ളത്, അവൻ ഗർഭപാത്രത്തിലായിരിക്കുമ്പോഴോ അല്ലെങ്കിൽ ജോർദാനിലെ ജ്ഞാനസ്നാനത്തിലോ വിശുദ്ധസമയം എന്ന ആശയത്തിലൂടെ മുൻകൂട്ടികാണുവാൻ കഴിയും. അതുകൊണ്ട്, സഭാപിതാക്കന്മാർ മാമോദീസായുടെ സ്ഥാപനത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ യേശുവിന്റെ ജ്ഞാനസ്നാനത്തിന്റെ ഒരു സംഭവത്തിനുപകരം മാമോദീസാ സ്ഥാപനത്തിനായി തുടർച്ചയായി നിരവധിസംഭവങ്ങൾ ഉള്ളതായി മനസ്സിലാക്കുന്നു.

വിശുദ്ധസമയത്ത്, യേശുവിന്റെ സ്നാനം, അപ്പസ്തോലന്മാരുടെ പാദങ്ങൾ കഴുകൽ, കുരിശുമരണം, സ്വർഗ്ഗാരോഹണം, പെന്തക്കോസ്തി എന്നിവ ഒരൊറ്റ ദൈവികയാഥാർത്ഥ്യമായിരൂപപ്പെടുന്ന മാമോദീസായുടെ വ്യത്യസ്തനിമിഷങ്ങളായി അവർക്ക് കാണുവാൻ കഴിഞ്ഞു. യേശു തന്റെ മാമോദീസായിലൂടെ ജോർദാനിലെ ജലം വിശുദ്ധീകരിക്കുകയും എല്ലാ ക്രിസ്തീയ മാമോദീസായ്ക്കും ഒരു മാതൃക സ്ഥാപിക്കുകയും ചെയ്തു. ശ്ലീഹന്മാരുടെ പാദങ്ങൾ കഴുകിയതു വഴി മാമോദീസായിലൂടെ ലഭ്യമാകുന്ന ശുദ്ധീകരണം യേശു ദ്യോതിപ്പിച്ചു. കുരിശുമരണത്തിൽ കർത്താവിന്റെ പാർശ്വത്തിൽ നിന്ന് ഒഴുകിയ ജലം മാമോദീസായെ സൂചിപ്പിക്കുന്നു എന്നു മാത്രമല്ല, കർത്താവിന്റെ വിലാപ്പുറത്തു നിന്നു സകല വിശ്വാസികളുടെയും മാതാവായ മാമോദീസാ രൂപം പ്രാപിച്ചു എന്നും സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. സ്വർഗ്ഗാരോഹണസമയത്ത് ഒലിവുമലയിൽ വച്ച് മാമോദീസാ

www.malankaralibrary.com


യ്ക്കുള്ള സൈത്തും (ഒലിവെണ്ണ) പരിശുദ്ധ ത്രിത്വ ത്തിന്റെ നാമത്തിൽ മാമോദീസാ മുക്കുവാനുള്ള അ ധികാരവും ക്രിസ്തു ശ്ലീഹന്മാരെ ഭരമേല്പിച്ചു. പെ ന്തക്കോസ്തിയിൽ വച്ചാണ് ശ്ലീഹന്മാർ പരിശുദ്ധാ ത്മാവിനാൽ നിറയുന്നത്. ഇപ്രകാരം, രക്ഷാകരചരി ത്രത്തിലെ നിരവധി നിമിഷങ്ങളിലായിട്ടാണ് യേശു കൂദാശകൾ സ്ഥാപിച്ചത്. ദൈവിക സമയത്തിൽ ഇ വയെല്ലാം ഒരു ഒറ്റ സംഭവമാണ്. ക്രിസ്തു ഒരേ കൂ ദാശ പലതവണ സ്ഥാപിച്ചു എന്നല്ല ഇതിനർത്ഥം. ഒരു പ്രാവശ്യം കൂദാശാസ്ഥാപനം നടന്നുകഴിഞ്ഞാൽ പിന്നെ അത് പുനഃസ്ഥാപിക്കേണ്ട ആവശ്യമില്ല. അ തിനാൽ, ഒരേ കൂദാശയുടെ ഈ വ്യത്യസ്ത ഉറവിട ങ്ങൾ വിശുദ്ധസമയത്തിന്റെ പശ്ചാത്തലത്തിൽ മാ ത്രമേ വിശദീകരിക്കുവാൻ കഴിയൂ. ജനനം, സ്നാ നം, കുരിശുമരണം, പാതാളത്തിലേക്കുള്ള ഇറക്കം, പുനരുത്ഥാനം എന്നിങ്ങനെ രക്ഷാകരചരിത്രത്തിലെ വ്യത്യസ്തസംഭവങ്ങൾ, എല്ലാം ഒരൊറ്റ രക്ഷാകര സംഭവമായി മാറുന്നു.

സാറൂഗിലെ യാക്കോബ് പഠിപ്പിക്കുന്നതനുസരി ച്ച്, ജോർദാൻനദിയിലേക്കുള്ള യേശുവിന്റെ പ്രവേ ശനസമയത്ത് ജോർദാനിലെ വെള്ളത്തിന് തീപിടി ച്ചു. കാരണം, യേശു ഏശയ്യായുടെ നാവിൽ വയ്ക്ക പ്പെട്ട തീക്കനലാണല്ലോ. അപ്രകാരം യേശുവാകുന്ന അഗ്നി ജോർദാനിലെ വെള്ളത്തിന് അഗ്നി പ്രദാ നം ചെയ്തു. ഭാവിയിലെ എല്ലാ മാമോദീസായുടെ യും മുന്നോടി എന്ന നിലയിൽ ജോർദാൻ വിശുദ്ധീ കരിക്കപ്പെട്ടു എന്നതിന്റെ സൂചനയായി ഇത് കാണ പ്പെട്ടു. യേശുവിന്റെ ജോർദാനിലേക്കുള്ള പ്രവേശന ത്തിലൂടെ ഭൂമിയിലെ എല്ലാ വെള്ളവും അനുഗ്രഹി ക്കപ്പെട്ടതായി സാറൂഗിലെ യാക്കോബ് പഠിപ്പിക്കുന്നു. അതിനുശേഷം ഓരോ ക്രിസ്തീയ ജ്ഞാനസ്നാന ത്തിലും സ്നാനജലത്തിനായുള്ള സമർപ്പണ പ്രാർ ത്ഥനയിൽ പരിശുദ്ധാത്മാവിന്റെ ആവസിപ്പിലൂടെ ജോർദാനിലെ യേശുവിന്റെ സ്നാനജലത്തോട് ക്രി സ്തീയ മാമോദീസാജലം ഐക്യപ്പെടുന്നു. ചരിത്ര കാലഘട്ടത്തിൽ വളരെ അകലെയായിരിക്കുന്ന ഈ മാമോദീസാകൾ വിശുദ്ധസമയത്തിൽ ഒന്നായി മാ റുന്നു. മാമോദീസായിലെ പരിശുദ്ധാത്മാവസിപ്പിലൂ ടെ പ്രസ്തുത മാമോദീസാജലം ജോർദാനിലെ സ് നാനജലമായി മാറുന്നു. മാമോദീസാതൊട്ടിയിലെ ജ ലം ഫലത്തിൽ യേശുജോർദാനിൽ പ്രവേശിച്ചതിന് ശേഷമുള്ള ജലം തന്നെയാണ്.

ദിവ്യകാരുണ്യ ആരാധനാക്രമത്തിൽ അപ്പവും വീഞ്ഞും ഫലപ്രദമായി ക്രിസ്തുവിന്റെ ശരീരവും രക്തവും ആയിത്തീരുന്നു. കുർബാനയിൽ പങ്കെടു ക്കുന്നതിലൂടെ, സെഹിയോൻ ഊട്ടുശാലയിലെയും കുരിശുമരണത്തിലെയും മുൻകാല സംഭവങ്ങളിലും സ്വർഗ്ഗീയവിരുന്നിന്റെ ഭാവിയാഥാർത്ഥ്യത്തിലും വി ശ്വാസി പങ്കെടുക്കുന്നു. അങ്ങനെ ഓരോ ദിവ്യകാരു ണ്യാരാധനക്രമവും വിശുദ്ധസമയത്തിലൂടെ ഈ നി ഗൂഢതകളിലേക്ക് ഫലപ്രദമായി പ്രവേശനം നൽകു ന്നു. പടിഞ്ഞാറൻ സുറിയാനി ആരാധനാക്രമത്തിൽ, ഓരോ കുർബാനാഘോഷവും ഒരു സ്വർഗ്ഗീയവിരു ന്നായി കണക്കാക്കപ്പെടുന്നു. കുർബാനയുടെ ആരം ഭംമുതൽ അവസാനം വരെ, സൃഷ്ടിയിൽ തുടങ്ങി ക്രിസ്തുവിന്റെ രണ്ടാം വരവുവരെയുള്ള മുഴുവൻ



*ചങ്ങനാശ്ശേരി അതിരൂപത മുൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ മോറോൻ മോർ കർദ്ദിനാൾ ബസേലി യോസ് ക്ലീമീസ് കാതോലിക്കാബാവയും സഭയിലെ മറ്റു പിതാക്കന്മാരും ആദരവ് അർപ്പിച്ചപ്പോൾ.*

www.malankaralibrary.com



രക്ഷാകരചരിത്രവും ഓർമ്മിക്കപ്പെടുന്നു. അങ്ങനെ ദൈവികസമയത്തെ രക്ഷാകരചരിത്രത്തിൽ വിശ്വാസി പങ്കാളിയാകുന്നു. വിശുദ്ധ കുർബാന സ്വീകരണം സ്വർഗ്ഗീയ ജറുസലേമിലെ ഭാവി വിരുന്നിലുള്ള ഇന്നത്തെ പങ്കാളിത്തം കൂടിയാണ്.

ചരിത്രകാലഘട്ടത്തിൽ, വിശ്വാസി ഇപ്പോഴും ഈ ലോകത്തിലാണ്, എന്നാൽആരാധനാശുശ്രൂഷകളിൽ പങ്കെടുക്കുന്നതിലൂടെ, വിശ്വാസി ഭൂതകാല രക്ഷാകരയാഥാർത്ഥ്യങ്ങളെയോ സ്വർഗ്ഗീയഭാവിയാഥാർത്ഥ്യങ്ങളെയോ അനുഭവിക്കുന്നു. ഈപുണ്യ സമയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആരാധനാക്രമ ശുശ്രൂഷകൾ, ആഘോഷങ്ങൾ, ആരാധനാവർഷം എന്നിവ വിശദീകരിക്കുവാൻ കഴിയൂ. ഈ വിശുദ്ധ സമയം ആരാധനാക്രമ ആചാരങ്ങളുടെയും ആഘോഷങ്ങളുടെയും കേന്ദ്രഘടകമായി മാറുന്നു. ക്രൈസ്തവകൂദാശകൾ വിശ്വാസികളെ ഈ ലോകത്തിൽ നിന്ന് മറ്റൊരു ലോകത്തേക്ക് നയിക്കുന്നു. അങ്ങനെ കൂദാശകളുടെ ആഘോഷങ്ങളിലൂടെയും മറ്റെല്ലാ ആരാധനാ അനുസ്മരണങ്ങളിലൂടെയും ഭൂതകാലവും ഭാവി യാഥാർത്ഥ്യങ്ങളും വിശുദ്ധ സമയത്ത് ഒരുമിച്ച് ചേരുന്നു. കൂദാശകളിലും ആരാധനക്രമ അനുഷ്ഠാനങ്ങളിലും ആരാധനക്രമവർഷത്തിലും ആഘോഷിക്കുന്ന ക്രിസ്തീയ ആചാരങ്ങൾ എല്ലാപ്രായത്തിലുമുള്ള വിശ്വാസികളെ രേഖീയസമയത്തെ മറികടക്കുവാൻ പ്രാപ്തരാക്കുന്നു.

ക്രിസ്തുവിന്റെ ജീവിതത്തിലെ സംഭവങ്ങളെ സമകാലിക സംഭവങ്ങളായി അവതരിപ്പിക്കുന്നത്പാശ്ചാത്യസുറിയാനി പാരമ്പര്യത്തിന്റെ പൊതുവായ ആവിഷ്കാരമാണ്. ഈ ലേഖനത്തിന്റെ ആരംഭത്തിൽ നല്കിയിട്ടുള്ള ആരാധനാക്രമഗീതങ്ങളിൽ കാണുന്നതുപ്പോലെ 'ഇന്ന് ക്രിസ്തു ജനിച്ചിരിക്കുന്നു' തുടങ്ങിയ പ്രയോഗങ്ങൾഎന്തുകൊണ്ടാണെന്ന് വിശദീകരിക്കുവാൻ വിശുദ്ധ സമയത്തിന്റെ പശ്ചാലത്തിൽ സാധിക്കും. ആരാധനക്രമത്തിലെ പല പ്രാർത്ഥനകളും തുടങ്ങുന്നത് ഇങ്ങനെയാണ്: 'ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചു,''ക്രിസ്തു മരണത്തിന്റെ ചങ്ങലകൾ പൊട്ടിച്ച രാത്രിയാണിത്... 'ഈനിമിഷം' വിശ്വാസിക്ക്ഈ യാഥാർത്ഥ്യം യഥാർത്ഥത്തിൽ സംഭവിച്ച ഭൂതകാലത്തിലേക്ക് വർത്തമാനകാലത്തിൽ നിന്ന് കടന്നുചെല്ലുവാൻ കഴിയും. 'ഇന്ന്' അല്ലെങ്കിൽ 'ഈ ദിവസം' അല്ലെങ്കിൽ 'ഈ രാത്രി' എന്നീ പദങ്ങളിലൂടെ ആരാധനാക്രമാഘോഷങ്ങൾ ചരിത്രകാലത്തെ മുൻകാല രക്ഷാകരസംഭവങ്ങളെ ഓർമ്മിപ്പിക്കുകയും വിശുദ്ധ സമയത്ത് ഈസംഭവങ്ങളിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. അങ്ങനെ, ഇക്കാലത്ത് ജീവിക്കുന്ന വിശ്വാസികൾക്ക് ചരിത്രപരമായി നിരവധി നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ക്രിസ്തുവിന്റെ സംഭവങ്ങളിൽ അതിന്റെ രക്ഷാകരമായ പ്രഭാവം നഷ്ടപ്പെടാതെ പങ്കെടുക്കുവാൻ കഴിയും.

പാശ്ചാത്യസുറിയാനി സഭകളിൽ ക്രിസ്തുവിന്റെ ഉയിർപ്പുതിരുനാളിനെ കേന്ദ്രീകരിച്ചാണ് ആരാധനാവർഷം രൂപപ്പെടുത്തിയിരിക്കുന്നത്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ദിവസത്തിന്റെയും ആഴ്ചയുടെയും വർഷത്തിന്റെയും ഓരോനിമിഷവും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇത് പവിത്രമായ സമയമായതിനാലാണ് എല്ലാ ഞായറാഴ്ചയും കർത്താവിന്റെ ദിനമായി കണക്കാക്കുന്നത്. പടിഞ്ഞാറൻ സുറിയാനി സഭയിൽ ഞായറാഴ്ച ആഴ്ചയിലെ ആദ്യദിവസമാണ്. വിശുദ്ധ സമയത്തിന്റെ വേറൊരു തലം സഭയുടെ ആരാധനയ്ക്ക് പ്രാധാന്യമുള്ള സഭാവത്സരകാലങ്ങളാണ്. നമ്മുടെ ദൈനംദിന പഞ്ചാംഗം നമ്മുടെ ജോലിസമയവും ഒഴിവുസമയവും രൂപപ്പെടുത്തുമ്പോൾ, ക്രിസ്തീയപഞ്ചാംഗം ആരാധനയുടെ വർഷത്തെ രൂപപ്പെടുത്തുന്നു. പാശ്ചാത്യസുറിയാനി സഭയിലെ യാമപ്രാർത്ഥനകളെ ഏഴായി വിഭജിച്ചിരിക്കുന്ന രക്ഷാകരചരിത്രത്തിലെ നിർണായക നിമിഷങ്ങളുമായി ബന്ധപ്പെടുത്തിയാണ്. യാമപ്രാർത്ഥനകളിൽപങ്കെടുക്കുന്നതിലൂടെ വിശ്വാസികൾ മുൻകാലങ്ങളിൽ നടന്ന രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. വിശുദ്ധസമയം എന്ന സങ്കൽപ്പത്തിൽ നിന്ന് വീക്ഷിക്കുമ്പോൾ, വിശ്വാസി വർത്തമാനനിമിഷത്തിൽ രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.

ആരാധനയ്ക്കായി സഭ ഒത്തുകൂടുമ്പോൾ, സമയം ക്രിസ്തുരഹസ്യത്തിന്റെ 'ഇപ്പോൾ', 'ഇന്ന്', 'ഇവിടെ' ആയിമാറുന്നു. ക്രിസ്തുവിന്റെ ഈ സാന്നിദ്ധ്യമാണ് ആരാധനക്രമത്തെ ഒരു കാലാന്തര സംഭവമാക്കി മാറ്റുന്നത്. ഈ വിശുദ്ധസമയം ഭൂതകാലത്തെക്കുറിച്ചുള്ള ആഘോഷപരമായ പ്രതിഫലനങ്ങൾ മാത്രമല്ല, അതിലും പ്രധാനമായി, അവ വർത്തമാന കാലത്ത് നമ്മുടെ പ്രതീകാത്മക ലോകത്തെ രൂപപ്പെടുത്തുന്നു. കൂടാതെ, സ്വർഗ്ഗീയഭാവിയിലേക്കും പ്രവേശനം നല്കുന്നു.

●

## അഭിനന്ദനങ്ങൾ



കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട തിരുവല്ല അതിരൂപത പ്ലാങ്കമൺ ഇടവകാംഗം മറിയം ടി. തോമസിന് അഭിനന്ദനങ്ങൾ

www.malankaralibrary.com

ജാലകം



# തീരുമാനങ്ങൾ എന്തായി?



മെർലിൻ റ്റി. മാത്യു

പുതിയ വർഷത്തിൽ പുതിയ തീരുമാനങ്ങളും ഒക്കെയായി നാം മുന്നേറുകയാണ്. എന്നാൽ എന്തെല്ലാം തീരുമാനങ്ങൾ പാലിക്കപ്പെടാറുണ്ട് എന്നുള്ളതാണ് നാം നമ്മോട് തന്നെ ചോദിക്കേണ്ട വലിയ ഒരു ചോദ്യം. ഒരിക്കൽ ഒരു പൂച്ച ഒരു സഞ്ചി മണ്ണിരയുമായി കാട്ടിലേക്ക് പോവുകയാണ്. കാട്ടിൽ ചെന്ന് അത് ഒരു മരത്തിന്റെ ചുവട്ടിൽ വച്ചു. മരത്തിൽ ഒരുപാട് കിളികൾ ഉണ്ടെന്ന് പൂച്ചയ്ക്കറിയാം. പൂച്ച ഉറക്കെ വിളിച്ചു പറയുകയാണ്; ഈ സഞ്ചി നിറയെ മണ്ണിരകളാണ്. നിങ്ങൾക്കായി ഞാൻ കൊണ്ടുവന്നതാണ്. ആർക്കുവേണമെങ്കിലും വരാം, ഇതിൽ നിന്ന് എടുക്കാം. നിങ്ങൾക്ക് കഴിക്കാം, നിങ്ങളുടെ സന്തോഷത്തിനാണ് ഞാൻ ഇതെല്ലാം കൊണ്ടുവന്നത്. ഇത് കേട്ട് പ്രായമായ കിളികൾ കൊച്ചുകിളികളോട് പറഞ്ഞു: അരുത്, പൂച്ച കൗശലക്കാരനാണ്. പൂച്ചയുടെ അടുത്തേക്ക് പോകരുത്. എന്തെങ്കിലും കുതന്ത്രവുമായിട്ടായിരിക്കാം അവൻ വന്നത് എന്ന്. എന്നാൽ എല്ലാ കിളികളും പരസ്പരം ചോദിക്കുകയാണ് മണ്ണിര ഒരു ബുദ്ധിമുട്ടും ഇല്ലാതെ ഒരു അദ്ധ്വാനവും ഇല്ലാതെ കൈയ്യിൽ കിട്ടുമ്പോൾ എന്താണ് ഈ പ്രായമുള്ളവരൊക്കെ തടസ്സം നിൽക്കുന്നതെന്ന്? ഇത് സഹിക്കാൻ വയ്യാതെ ഒരു ചെറുപ്പക്കാരിയായ കിളി മുന്നോട്ട് വന്ന് പറയുകയാണ്. എനിക്ക് ആരേയും പേടിയൊന്നുമില്ല. ഞാൻ താഴേക്ക് പോവുകയാണ്. എനിക്ക് മണ്ണിരകളെ വളരെ ഇഷ്ടമാണ്. അങ്ങനെ പറന്ന് പൂച്ചയുടെ അടു

www.malankaralibrary.com


ത്ത് ചെന്നു. ഈ മണ്ണിരയെ എനിക്ക് തരാൻ ഞാൻ നിനക്ക് എന്താണ് തരേണ്ടത്? തിരികെ മറുപടിയായി ഈ പൂച്ച പറഞ്ഞു, എനിക്ക് വലുതായിട്ടൊന്നും തരേണ്ടാ. നിന്റെ ഒരു തൂവൽ തന്നാൽ മതി. നിന്റെ ഒരു സന്തോഷത്തിന് നിന്റെ ഒരു തൂവൽ തന്നാൽ മതി. അങ്ങനെ ഒരു തൂവൽ കൊടുത്തു. പൂച്ചയാകട്ടെ ഒരു മണ്ണിരയേയും കൊടുത്തു. മണ്ണിരയ്ക്ക് നല്ല രുചി. അതുകണ്ട് എനിക്ക് ഒന്നുകൂടി തരുമോ എന്ന് കിളി. എത്ര വേണമെങ്കിലും തരാം പകരം തൂവൽ തന്നാൽ മതിയെന്ന് പൂച്ച. അങ്ങനെ അത് തുടർന്നു കൊണ്ടേയിരുന്നു. പൂച്ച മണ്ണിരയെ അങ്ങോട്ടും പക്ഷി തന്റെ തൂവൽ തിരികെയും കൊടുത്തുകൊണ്ടിരുന്നു. അങ്ങനെ പൂച്ച കൊടുക്കുകയും പക്ഷി വാങ്ങുകയും ചെയ്തുകൊണ്ടിരുന്ന സമയത്ത് കഴിച്ച് കഴിച്ച് ഈ കുഞ്ഞികിളിയുടെ വയർ നിറഞ്ഞു. വയറു നിറഞ്ഞ് കഴിഞ്ഞ് പറഞ്ഞു, എനിക്ക് മതി. ഞാൻ പറക്കാൻ പോവുകയാണെന്ന്. പൂച്ച പറഞ്ഞു, അങ്ങനെയങ്ങ് പറന്നാൽ എങ്ങനാ അവിടെയങ്ങ് നിന്നാട്ടെ. പക്ഷിയ്ക്ക് അപകടം മനസ്സിലായി. പക്ഷെ അതിന്റെ വയർ വല്ലാതെ നിറഞ്ഞിരുന്നതുകൊണ്ടും താൻ ചിറകടിച്ചപ്പോൾ ചിറകിൽ തൂവൽ ഇല്ലാഞ്ഞതുകൊണ്ടും പറക്കാൻ സാധിച്ചില്ല. ഈ പൂച്ചയാകട്ടെ നിഷ്പ്രയാസം ഈ പക്ഷിയെ പിടിച്ച് തിന്നുകയും ചെയ്തു. ഇതുകണ്ട് മുതിർന്ന കിളികൾ കുഞ്ഞികിളികളോട് ചൂണ്ടിക്കാണിച്ചു പാഠം. വഞ്ചകരായിട്ട് കടന്നു വരുന്ന പലരും നമ്മുടെ ജീവിതത്തിൽ ഉണ്ട്. നമ്മെ ഏറ്റവും കൂടുതൽ വഞ്ചിക്കുന്നത് ആരാണെന്ന് അറിയാമോ? നമ്മൾ തന്നെയാണ്. പുതിയ വർഷത്തിൽ എന്തെല്ലാം തീരുമാനങ്ങളായിരുന്നു, എന്തെല്ലാം മാറ്റങ്ങളായിരുന്നു. ഒരു ദിവസം അല്ലേ കുഴപ്പമില്ല എന്നു പറഞ്ഞ് ഓരോന്നും ഒരു മണ്ണിരയെ പക്ഷി തിന്നുന്നതുപോലെ നാമും ചെയ്തു തുടങ്ങും. പിന്നീട് ഓരോ ദിവസം കഴിയുന്തോറും ഇത് നമ്മുടെ ശീലമായിക്കൊണ്ടിരിക്കും. തെങ്ങിൽ നിന്ന് കെട്ടഴിക്കാതെ വള്ളം തുഴയുന്ന വള്ളക്കാരനെപ്പോലെ എങ്ങും എങ്ങും എത്താതെ എന്നാൽ തുഴയുന്നതിന് ഒരു കുറവുമില്ല എന്നു പറയുന്നതുപോലെ വർഷാവസാനത്തിലേക്ക് നമ്മൾ നീങ്ങുകയും പരാതി പറയുകയും ചെയ്യും. അതുകൊണ്ട് നമ്മുടെ ചില കെട്ടുകളെയൊക്കെ തെങ്ങിൽ നിന്ന് ഒന്നഴിച്ചിട്ട് വളരെ വിവേകത്തോടുകൂടി മുന്നോട്ട് പോകുവാൻ എല്ലാവരെയും ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

## വൈദികവസ്ത്രം സ്വീകരിച്ചു



*2023 മാർച്ച് 16-ന് രാവിലെ 6.30 ന് തിരുവല്ല മൈനർ സെമിനാരി ചാപ്പലിൽ വച്ച് തിരുവല്ല അതിഭദ്രാസന അധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ബ്രദർ തോമസ് പുതുപ്പറമ്പിൽ (മുരിക്കാശ്ശേരി) ബ്രദർ മാത്യു മണ്ണൂർ കിഴക്കേതിൽ (ചക്കുപള്ളം) ബ്രദർ സൈമൺ പുളിയൻകീഴിൽ (കോട്ടൂർ) ബ്രദർ മാത്യു മണ്ണൂർ വടക്കേതിൽ (മുളകരമേട്) ബ്രദർ ഈപ്പൻ മരോട്ടിമുട്ടിൽ (മുക്കൂട്ടുതറ) ബ്രദർ ഈപ്പൻ പരിയംവേലിൽ (തിരുമൂലപുരം) എന്നിവർക്ക് വൈദിക വസ്ത്രം നൽകി.*

www.malankaralibrary.com



## ആരോഗ്യം

# "അതെ, നമുക്ക് ക്ഷയരോഗത്തെ അവസാനിപ്പിക്കാം"

പുരാതന കാലം മുതൽ തന്നെ ക്ഷയരോഗം നിലനിന്നിരുന്നു. ഐതീഹ്യങ്ങളിൽ ചന്ദ്രന് ക്ഷയരോഗം ബാധിച്ചിരുന്നതായി പരാമർശങ്ങളുണ്ട്. അന്ന് പാശ്ചാത്യ രാജ്യങ്ങളിൽ രാജാവിന്റെ സ്പർശംകൊണ്ട് ചികിൽസിക്കപ്പെട്ടിരുന്ന ഈ രോഗത്തിന് 'ദി കിങ്സ് ഈവിൾ' എന്നും 'രാജയക്ഷ്മ' എന്നും 'രോഗങ്ങളുടെ രാജാവ്' എന്നുമൊക്കെ വിശേഷണങ്ങളുണ്ട്.

### ചരിത്രം

1882 മാർച്ച് 24 നു റോബർട്ട് കൊച് എന്ന ശാസ്ത്രജ്ഞൻ അന്ന് വരെ ഏറെ കുഴപ്പിച്ചിരുന്ന ഒരു ആശങ്കയ്ക്ക് വിരാമമിട്ടു. ക്ഷയരോഗത്തിന്റെ കാരണം സൂക്ഷ്മ രോഗാണുവായ മൈക്കോബാക്റ്റീരിയം ട്യൂബെർക്കുലോസിസ് ആണെന്ന അദ്ദേഹത്തിന്റെ കണ്ടുപിടുത്തം ക്ഷയരോഗ നിയന്ത്രണത്തിലെ ഏറ്റവും വലിയ വിപ്ലവം തന്നെയാണ്.

1940 കളിൽ കണ്ടുപിടിച്ച സ്റെപ്റ്റോമൈസിൻ (സെൽമാൻ വോക്സ്മാൻ), പാരാ അമിനോ സാലിസിലിക് ആസിഡ് എന്നീ മരുന്നുകൾ ഏറെ പ്രതീക്ഷ നൽകി. എന്നാൽ കാലക്രമേണ ക്ഷയരോഗാണു ഇവയെയെല്ലാം പ്രതിരോധിക്കാനുള്ള ശക്തിയാർജിച്ചു. 1950–60 കാലഘട്ടങ്ങളിൽ നിലവിൽ വന്ന ഐസോനിയസിഡ്, റിഫാംപിസിൻ, എത്താംബുട്ടോൾ, പൈറാസീനാമിഡ് എന്ന മരുന്നുകൾ ക്ഷയരോഗ നിയന്ത്രണ പദ്ധതികൾക്ക് ശക്തിയേകി.

1962 ൽ ഭാരതത്തിൽ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി രൂപീകരിക്കപ്പെട്ടു. എന്നാൽ 1980 കളിൽ വന്ന എച്ച്.ഐ.വി. രോഗവ്യാപനത്താലും മറ്റു പല കാരണങ്ങളാലും, രോഗനിയന്ത്രണത്തിൽ



**ഡോ. മിഥുൻ എം.**
എം. ബി. ബി. എസ്., എം. ഡി., ഡി. എൻ. ബി., എം. ഫിൽ
അസിസ്റ്റന്റ്പ്രൊഫസർ, ശ്വാസകോശ വിഭാഗം
പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല

www.malankaralibrary.com



വന്ന ആഘാതത്താൽ ലോകാരോഗ്യസംഘടന 1993 ൽ ക്ഷയരോഗത്തെ ആഗോള ആരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ചു. തുടർന്ന് 1993 ൽ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചു. 2012 ൽ ബഡാകിലിൻ, ഡെലമാനിട് എന്നീ മരുന്നുകളും നിലവിൽ വന്നു.

നിയന്ത്രണത്തിൽ നിന്നും നിവാരണത്തിലേക്കുള്ള യാത്രയിൽ ലോകാരോഗ്യ സംഘടന മുന്നോട്ട് വച്ച ആശയങ്ങളെ മുൻനിർത്തി ഭാരതത്തിൽ 2020 ൽ ദേശീയ ക്ഷയരോഗ നിവാരണ പദ്ധതി രൂപീകരിക്കപ്പെട്ടു.

രോഗകാരണം കണ്ടുപിടിച്ച് 141 വർഷങ്ങൾക്കിപ്പുറവും ശാസ്ത്രത്തിന്റെ എല്ലാ വളർച്ചയും ഭേദിച്ചുകൊണ്ട് ഇന്നും ഈ രോഗാവസ്ഥ നമ്മെ വെല്ലുവിളിക്കുന്നു. ക്ഷയരോഗ ചികിത്സയുടെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കാവുന്ന ഐസോനിയസിഡ്, റിഫാംപിസിൻ എന്നിവയോട് പ്രതിരോധ ശക്തിയാർജിച്ച എം.ഡി.ആർ എന്ന വകഭേദവും, ഒട്ടുമിക്ക മരുന്നുകളോടും പ്രതിരോധശക്തിയാർജിച്ച എക്സ്.ഡി.ർ എന്ന വകഭേദവും സൃഷ്ടിക്കുന്ന ആശയക്കുഴപ്പം ചെറുതല്ല.



**ക്ഷയരോഗം ഒരു സാംക്രമിക രോഗമാണ്. ശ്വാസകോശ – ക്ഷയരോഗ ബാധിതർ ചുമക്കുമ്പോഴോ തുമ്മുമ്പോഴോ തുപ്പുമ്പോഴോ രോഗാണു അന്തരീക്ഷത്തിൽ വ്യാപിക്കുന്നു. സമ്പർക്കമുള്ളവർക്ക് ഇവയിൽ നിന്ന് രോഗം പിടിപെടാം.**

# TUBERCULOSIS (TB)

## രോഗ കാരണം

മൈക്കോബാക്റ്റീരിയം ട്യൂബെർക്കുലോസിസ് എന്ന സൂക്ഷ്മ രോഗാണു

## പകരുന്ന രീതി

ക്ഷയരോഗം ഒരു സാംക്രമിക രോഗമാണ്. ശ്വാസകോശ–ക്ഷയരോഗ ബാധിതർ ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ തുപ്പുമ്പോഴോ രോഗാണു അന്തരീക്ഷത്തിൽ വ്യാപിക്കുന്നു. സമ്പർക്കമുള്ളവർക്ക് ഇവയിൽ നിന്ന് രോഗം പിടിപെടാം.

## ഏതെല്ലാം അവയവങ്ങളെ ബാധിക്കാം?

ശ്വാസകോശേതര ക്ഷയരോഗവും (Extra Pulmonary TB) കണ്ടുവരാറുണ്ട്. അന്തരീക്ഷവുമായി ഏറ്റവും സമ്പർക്കം പുലർത്തുന്ന ശ്വാസകോശത്തെ തന്നെയാണ് ഏറ്റവും അധികം ബാധിക്കപ്പെടാറുള്ളത്. ഇവയിൽ ഏറ്റവും സാധാരണ ശ്വാസകോശത്തിന് ചുറ്റുമുള്ള ആവരണമായ പ്ലൂറയിലും, ലിംഫ്നോട് ഗ്രന്ഥികളിലും ആണ്. എല്ലുകളെ ബാധിക്കുന്ന സ്പൈനൽ റ്റി.ബി., ത്വക്കിനെ ബാധിക്കുന്ന സ്കിൻ റ്റി.ബി., ഉദരത്തെ ബാധിക്കുന്ന അബ്ഡോമിനൽ റ്റി.ബി., തലച്ചോറിന്റെ ആവരണത്തെ ബാധിക്കുന്ന മെനിൻജിയൽ റ്റി.ബി., നട്ടെല്ലിനെ ബാധിക്കുന്ന സ്പൈനൽ റ്റി.ബി. എന്നിങ്ങനെ ഒട്ടുമിക്ക അവയവങ്ങളെയും ക്ഷയരോഗം ബാധിക്കാം. എന്നാൽ ശ്വാസകോശേതര ക്ഷയരോഗങ്ങൾ സാധാരണയായി പകരുന്നതല്ല.

## രോഗനിർണ്ണയം

കഫത്തിലോ മറ്റു ശരീര കോശങ്ങളിലോ മൈക്കോബാക്റ്റീരിയം ടി.ബി. എന്ന രോഗാണുവിന്റെ സാന്നിധ്യം കണ്ടെത്തുന്നതാണ് രോഗനിർണയത്തിന്റെ ഏറ്റവും പ്രധാന മാർഗം. കഫത്തിന് പ്രത്യേക നിറം നൽകി മൈക്രോസ്കോപ്പിനടിയിൽ വച്ച് നോക്കുന്ന പരിശോധന ഏറെക്കാലമായി നിലനിൽക്കുന്നു. സോളിഡ് കൾച്ചർ പരിശോധനയ്ക്ക് 84 ദിവസം വേണ്ടിവന്നിരുന്നു. എന്നാൽ ഇന്ന് 42 ദിവസം മതിയാവുന്ന ലിക്വിഡ് കൾച്ചർ നിലവിലുണ്ട്. അത്യാധുനിക സാങ്കേതിക വിദ്യയായ സിബി–നാറ്റ് പരിശോധന രോഗാണുവിന്റെ ജനിതക ഘടനയെതന്നെ പഠിച്ച് 2 മണിക്കൂറിൽ രോഗാണുവിന്റെ സാന്നിധ്യത്തെപ്പറ്റിയും റിഫാംപിസിൻ മരുന്നിനോ

www.malankaralibrary.com


**വായുവിലൂടെ പകരുന്ന രോഗമായതിനാൽ രോഗിയും രോഗിയുമായി സമ്പർക്കം പുലർത്തുന്ന വരും മാസ്ക് ധരിക്കുന്നത് ഉത്തമമാണ്.**



ടുള്ള പ്രതിരോധത്തെപ്പറ്റിയും റിപ്പോർട്ട് നൽകുന്നു. സമാനമായ ട്രൂനാറ്റ് പരിശോധനയും ആവശ്യക്കാർക്ക് സൗജന്യമായി സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്.

## ചികിത്സ

ഇന്ന് എല്ലാ രോഗികളിലും രോഗാണുവിന്റെ മരുന്നിനോടുള്ള പ്രതിരോധം നോക്കിയാണ് ചികിത്സിക്കുന്നത്. സാധാരണ തരം ക്ഷയരോഗത്തിൽ ആദ്യ 2 മാസം ദിവസേന 4 മരുന്നുകൾ ചേർന്ന ഗുളികകൾ അടങ്ങിയ തീവ്രഘട്ടമായും (Intensive Phase), അടുത്ത നാല് മാസം ദിവസേന 3 മരുന്നുകൾ ചേർന്ന ഗുളികകൾ അടങ്ങിയ തുടർഘട്ടമായും (Continuation Phase) തിരിച്ചിരിക്കുന്നു. രോഗിയുടെ ഭാരത്തിനനുസരിച്ചാണ് ദിവസേന കഴിക്കേണ്ട ഗുളികകളുടെ എണ്ണം.

മൂത്രത്തിനും മറ്റു ശരീര സ്രവങ്ങൾക്കും ഓറഞ്ച്/ചുവപ്പ് നിറം കാണുന്നത് ഭയക്കേണ്ടതല്ല. എന്നാൽ കരളിന്റെ പ്രവർത്തനത്തിലെ വ്യതിയാനങ്ങൾ, തൊലിപ്പുറത്തെ ചൊറിച്ചിൽ, മരവിപ്പ് എന്നിങ്ങനെ ചില പാർശ്വഫലങ്ങൾ ചിലരിൽ വരാം. ഇവയ്ക്ക് ചിലപ്പോൾ മരുന്ന് മാറ്റേണ്ടതിന്റെയോ, ചികിത്സയുടെയോ ആവശ്യം വരാം. 2 ആഴ്ചയിലൊരിക്കൽ ഡോക്ടറെ സന്ദർശിക്കേണ്ടത് അനിവാര്യമാണ്. കൃത്യമായി മരുന്ന് കഴിക്കേണ്ടത് ക്ഷയരോഗാണുവിന്റെ കൂടുതൽ സങ്കീർണമായ വകഭേദങ്ങളുടെ ജനനം തടയുന്നതിന് അനിവാര്യമാണ്. ഇത്തരം ക്ഷയരോഗത്തിന്റെ ചികിത്സ സങ്കീർണവും ദൈർഘ്യമേറിയതുമാണ്.

## പ്രതിരോധം

വായുവിലൂടെ പകരുന്ന രോഗമായതിനാൽ രോഗിയും, രോഗിയുമായി സമ്പർക്കം പുലർത്തുന്നവരും മാസ്ക് ധരിക്കുന്നത് ഉത്തമമാണ്.

വായ മൂടി വച്ചു ചുമയ്ക്കുന്നതും, പൊതുയിടങ്ങളിൽ തുപ്പാതിരിക്കുന്നതും, കഫം അനുയോജ്യമായ രീതിയിൽ നീക്കം ചെയ്യുന്നതും ക്ഷയരോഗ വ്യാപനം തടയാൻ സഹായിക്കും.

## എന്താണ് ഒളിഞ്ഞിരിക്കുന്ന ക്ഷയരോഗം അഥവാ ലേറ്റന്റ് ടി. ബി.

ക്ഷയരോഗിയുമായി സമ്പർക്കം പുലർത്തുന്നവരിൽ 40% ആളുകളിൽ രോഗാണു പ്രവേശിക്കുന്നു. ഇതിൽ 10% ആളുകൾക്ക് മാത്രമാണ് ക്ഷയരോഗം പിടിപെടുന്നത്. ബാക്കി 90% ആളുകളിലും ഈ രോഗാണു ഒളിഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള ആളുകൾക്ക് ഭാവിയിൽ ക്ഷയരോഗം പിടിപെടാൻ 5 മുതൽ 10% സാധ്യത നിലനിൽക്കുന്നു. ഇത്തരം ആളുകളെ ചികിത്സിക്കുന്നത് ക്ഷയരോഗ നിവാരണത്തിന് അനിവാര്യമാണ്. ദേശീയ ക്ഷയരോഗ നിവാരണ പദ്ധതി രോഗികളുമായി സമ്പർക്കം പുലർത്തിയവരെ ഐ.ജി.ആർ.എ. രക്ത പരിശോധനയിലൂടെ രോഗാണുവിന്റെ സാന്നിധ്യം കണ്ടെത്തി ലഘുവായ ചികിത്സയിലൂടെ ഭാവിയിൽ അവർക്ക് വരാവുന്ന ക്ഷയരോഗത്തെ തടയുന്നതിനും ഊന്നൽ നൽകുന്നു.

## പ്രതിരോധ കുത്തിവയ്പുകൾ

ബി.സി.ജി. കുത്തിവയ്പ്പ് കുട്ടികളിൽ വരാവുന്ന തീവ്രമായ ക്ഷയരോഗങ്ങളെ ഒരു പരിധി വരെ പ്രതിരോധിക്കുന്നു. കൂടുതൽ പ്രതിരോധ കുത്തിവയ്പുകൾക്കായുള്ള ഗവേഷണം നടന്നുവരുന്നുണ്ട്.

## പ്രതീക്ഷയോടെ മുന്നേറാം

ഏറെ വെല്ലുവിളികൾ നിലനിൽക്കുന്നുവെങ്കിലും ലോകാരോഗ്യ സംഘടനയുടെയും സർക്കാരിന്റെയും ക്ഷയരോഗ നിവാരണത്തിനായുള്ള ശക്തമായ നിലപാട് പ്രതീക്ഷ നൽകുന്നതാണ്. 2023 ലോക ക്ഷയരോഗ ദിനത്തിൽ ലോകാരോഗ്യ സംഘടന മുന്നോട്ടു വച്ചിരിക്കുന്ന "അതെ, നമുക്ക് ക്ഷയരോഗത്തെ അവസാനിപ്പിക്കാം" എന്ന ആശയം ഈ ക്ഷയരോഗ നിവാരണ പദ്ധതികൾക്ക് ശക്തി പകരട്ടെ. ●

www.malankaralibrary.com







# ഹോമിയോ മരുന്നുകൾ സംശയങ്ങളും ഉത്തരങ്ങളും



ഇന്ന് ജനഹൃദയങ്ങളിൽ ഹോമിയോപ്പതി മരുന്നുകളെക്കുറിച്ച് തെറ്റായ പ്രചരണങ്ങൾ ഏറിവരുന്നു. ഹോമിയോപ്പതി മരുന്നുകൾ കഴിക്കുമ്പോൾ പാർശ്വഫലങ്ങൾ ഉണ്ടെന്നും, ഇത് ഫലപ്രദം അല്ലെന്നുമുള്ള അബദ്ധപ്രചരണങ്ങൾക്ക് വിരാമം ഇട്ട് ജനങ്ങളുടെ ഇടയിലുള്ള തെറ്റായ ധാരണകൾക്ക് കൃത്യമായി മറുപടി നൽകുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

### 1. ഹോമിയോ മരുന്നുകൾക്ക് പാർശ്വഫലങ്ങൾ ഉണ്ടോ?

ഉദാ : “Ars.alb 30” എന്ന മരുന്ന് വിഷം ആണെന്നും ഇതിന് ഭയങ്കരമായ പാർശ്വഫലങ്ങൾ ഉണ്ടെന്നുമുള്ള അനുബന്ധപ്രസ്താവന




കൾ പലഭാഗങ്ങളിൽ നിന്നും നാം കേട്ടു. **ഹോമിയോപ്പതിയുടെ സ്ഥാപകൻ ഡോ. സാമുവൽ ഹാനിമാൻ അലോപ്പതി ഡോക്ടർ ആയിരുന്നു. അദ്ദേഹം ചികിത്സിച്ചുകൊണ്ടിരുന്ന രോഗികൾക്ക് അലോപ്പതി മരുന്നുകൾ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് മനസ്സിലാക്കി പലതരത്തിലുള്ള മരുന്നുകൾ പല പ്രക്രിയവഴി രോഗികൾക്ക് ഉപയോഗപ്പെടുന്ന രീതിയിൽ പാർശ്വഫലങ്ങൾ കുറച്ചുകൊണ്ട് എങ്ങനെ ഉൽപാദിപ്പിക്കാം എന്ന് ചിന്തിച്ചതിന്റെ ഫലമായിട്ട് ഉത്ഭവിച്ചുവന്ന ഒരു ശാസ്ത്രശാഖയാണ് ഹോമിയോപ്പതി.** ഇന്ന് നിലവിലുള്ള എല്ലാ മരുന്നുകളിലും വച്ച് വളരെ അധികം പാർശ്വഫലങ്ങൾ കുറവുള്ള മരുന്നുകളാണ് ഹോമിയോപ്പതി.



**സി. ഡോ. ഐറിൻ എസ്.ഐ.സി.**

ബഥനി ഹോമിയോ ക്ലിനിക്ക്, വെച്ചൂച്ചിറ
ഫോൺ: 9188663980

www.malankaralibrary.com


## 2. ഹോമിയോ മരുന്നുകൾ കുഞ്ഞുങ്ങൾക്ക് മാത്രമാണോ കൂടുതൽ ഫലപ്രദം?

ഹോമിയോ മരുന്നുകൾ കുഞ്ഞുങ്ങൾക്ക് ഫലപ്രദമാണ്, അതോടൊപ്പം തന്നെ എല്ലാപ്രായത്തിലുമുള്ള ആളുകൾക്കും ഒരുപോലെ ഫലപ്രദമാണ്. എന്നാൽ മുതിർന്നവർ ശ്രദ്ധിക്കേണ്ട കാര്യം കൂടുതൽ കാപ്പി, ചായ, ഫാസ്റ്റ് ഫുഡ്, എരിവുള്ള ഭക്ഷണസാധനങ്ങൾ, മദ്യപാനം, പുകവലി, ലഹരി എന്നിവയുടെ ഉപയോഗം ചിലരിൽ കൂടുതൽ ആയിരിക്കും. അങ്ങനെ ഉള്ളവരിൽ ഹോമിയോ മരുന്ന് പെട്ടെന്ന് പിടിക്കണമെന്നില്ല. ചിലപ്പോൾ കാലതാമസം വരുന്നു, ഓരോ വ്യക്തിയുടെയും ശരീരത്തിന്റെയും മനസ്സിന്റെയും പ്രത്യേകതകൊണ്ടാണ് രോഗം സൗഖ്യത്തിലേക്ക് എത്തുന്നത്.



## 3. ഹോമിയോ മരുന്നിന്റെ കൂടെ അലോപ്പതി, ആയുർവേദ മരുന്നുകളും കഴിക്കാമോ?

ആയുർവേദ മരുന്നുകൾ പോലെയുള്ള അസംസ്കൃത മരുന്നുകൾ (Crude Medicines) ഹോമിയോ മരുന്നുകളുടെ കൂടെ കഴിക്കാൻ പാടില്ല. അലോപ്പതി മരുന്നുകൾ ആയ (Life Saving Medicines) ഒരിക്കലും നിർത്താൻ പറ്റാത്ത മരുന്നുകൾ കഴിക്കുമ്പോൾ 1, 2 മണിക്കൂർ ഇടവേളയ്ക്ക് ശേഷം ഹോമിയോ മരുന്ന് കഴിക്കാവുന്നതാണ്. എന്നാൽ ഇതിന്റെ കൂടെ ചായ, കാപ്പി, എരിവുള്ള ഭക്ഷണങ്ങൾ ഒരു പരിധിയിൽ കൂടുതൽ കഴിക്കുമ്പോൾ ഹോമിയോ മരുന്നിന്റെ ഫലം കുറയും.

## 4. ഹോമിയോ മരുന്നുകൾ ആദ്യം അസുഖം കൂട്ടും, പിന്നീട് കുറയ്ക്കും എന്നത് ശരിയാണോ?

ഇത് ശരിയാണ്, ഹോമിയോ മരുന്നുകൾ കഴിയ്ക്കുമ്പോൾ കുറച്ച് സമയങ്ങളിൽ ചെറുതായി അസുഖം കൂടും. എന്നാൽ ഈ അവസ്ഥ രോഗികൾ അറിയണമെന്നില്ല. ചില ത്വക്ക് രോഗങ്ങൾ ഉദാ : സോറിയാസിസ്, എക്സിമ പോലെയുള്ള അസുഖങ്ങൾ ആദ്യം ലക്ഷണങ്ങൾ കൂടുതൽ പുറത്തേയ്ക്ക് വരും. ഇത് രോഗത്തെ മോശം ആക്കുകയല്ല ചെയ്യുന്നത്. ഇത് സൗഖ്യത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്.

## 5. പനിക്കും തലവേദനയ്ക്കും ഒക്കെ ഒരു മരുന്ന് തരാമോ എന്ന് ചോദിച്ച് കൊണ്ട് ഫോൺ വിളിക്കുന്ന രോഗികൾ അറിയേണ്ടത്?

പനി, തലവേദന എന്നിവയ്ക്ക് ഒരു മരുന്ന് ഒരു ഹോമിയോപ്പതി ഡോക്ടറിനും തരാൻ പറ്റില്ല. കാരണം ഹോമിയോപ്പതി മരുന്ന് നിങ്ങളുടെ അസുഖം മാത്രമല്ല നോക്കുന്നത്, അസുഖത്തോടുകൂടെ തന്നെ നിങ്ങൾ എന്ന വ്യക്തിയെ പഠിക്കുവാനും നിങ്ങളുടെ മാനസികവും ശാരീരികവും ആയിട്ടുള്ള വ്യത്യാസങ്ങളും പ്രത്യേകതകളും മനസ്സിലാക്കി അത് അനുസരിച്ചാണ് ഒരു ഹോമിയോപ്പതി ഡോക്ടർ മരുന്ന് കുറിക്കുന്നത്. ഒരു ഡോക്ടറിനെ സമീപിച്ച് നിങ്ങളെക്കുറിച്ച് കൃത്യമായി അവരോട് പറഞ്ഞുകൊടുക്കുക. നിങ്ങൾ ഡോക്ടേഴ്സിന്റെ മുമ്പിൽ സത്യാവസ്ഥകൾ മറച്ചുവയ്ക്കുമ്പോൾ നിങ്ങൾക്ക് തരുന്ന മരുന്നുകളും തെറ്റിപ്പോകുവാൻ സാധ്യതയേറെയാണ്. ഡോക്ടർ എന്ത് വിചാരിക്കും എന്ന് ചിന്തിച്ച് നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പറയാതെയിരുന്നാൽ രോഗസൗഖ്യം കിട്ടണമെന്നില്ല.

## 6. ഹോമിയോ മരുന്നുകൾ എവിടെ നിന്ന് ലഭിക്കുന്നു?

ഹോമിയോ മരുന്ന് ഉണ്ടാകുന്നത് പലതരം സസ്യങ്ങളിൽ നിന്ന്, പലതരം ജീവികളിൽ നിന്ന്, പ്രകൃതിയിൽ നിന്നും ലഭ്യമായിട്ടുള്ള ഒരുപാട് പദാർത്ഥങ്ങളിൽനിന്നുമാണ്. ഇവയൊക്കെ മരുന്നിന്റെ രൂപത്തിൽ പ്രത്യേകതരം പ്രക്രിയകളിലൂടെ കടത്തിവിട്ടാണ് ഹോമിയോ മരുന്നുകൾ ഇന്ന് നമ്മുടെ കയ്യിൽ എത്തുന്നത്.

## മരുന്ന് കഴിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

1. ഹോമിയോ മരുന്നു കഴിക്കുമ്പോൾ ഡോക്ടർ പറഞ്ഞിരിക്കുന്ന പ്രകാരം കൃത്യമായ അളവിൽ കൃത്യസമയത്ത് കൃത്യതയോടെ കഴിക്കുവാൻ ശ്രദ്ധിക്കണം.
2. ഗുളിക രൂപത്തിലുള്ള മരുന്നുകൾ നന്നായി അലിയിച്ച് കഴിക്കുക.
3. ഹോമിയോ മരുന്നുകൾ പൂർണ്ണമായി ഫലപ്രദമാകുന്നതിന് വേദനസംഹാരികൾ (ലേപനങ്ങൾ, ഗുളിക) നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
4. സ്ഥിരരോഗങ്ങളുടെ ചികിത്സയ്ക്കിടയ്ക്ക് പ്രത്യക്ഷപ്പെടുന്ന മറ്റു രോഗലക്ഷണങ്ങൾക്ക് താൽക്കാലിക ചികിത്സകൾ (ഹോമിയോ, ആയുർവേദം, അലോപ്പതി) ഒരു കാരണവശാലും സ്വീകരിക്കരുത്.

●

# "ഉണ്ണീശോയെ ഒരുക്കാം" വിജയികൾ







**ഒന്നാം സമ്മാനം**

**ഐറിൻ ഡിന്നി**
ഇളമതയിൽ
സെന്റ് മേരീസ്
മാന്നാർ ഈസ്റ്റ്

**രണ്ടാം സമ്മാനം**

**ഇവ എൽസ ബിനോയി**
പീടികയിൽ
തിരുഹൃദയ ദൈവാലയം,
പൂഴിക്കുന്ന്

**മൂന്നാം സമ്മാനം**

**ക്രിസ്റ്റൽ അന്ന ജോൺ**
തേക്കുംപറമ്പിൽ
സെന്റ് ജോൺസ്
മെത്രാപ്പോലീത്തൻ
കത്തീഡ്രൽ, തിരുവല്ല

ഐക്യദീപം വാരിക 'ഉണ്ണീശോയെ ഒരുക്കാം' മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ കുട്ടികളെ അവരുടെ ഇടവകകളിൽ വികാരിയച്ചന്മാർ സമ്മാനങ്ങൾ നല്കി അഭിനന്ദിക്കുന്നു.

കുടുംബ പ്രേഷിത കാര്യാലയം, ശാന്തിനിലയം
തിരുവല്ല അതിഭദ്രാസനം

വിവാഹ ഒരുക്ക സെമിനാർ

2023



ഏപ്രിൽ
11, 12

മെയ്
09, 10

സി. ഷീബ ഒ.എസ്.എസ്.
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്
9495124446
8078390259

ഫാ. തോമസ് തോപ്പിൽകളത്തിൽ
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്
9447271784
9497462813

www.malankaralibrary.com




ബാബുമോൻ പഠിക്കുന്ന സ്കൂളിലെ യൂണിഫോമിന്റെ ഭാഗമായിരുന്നു, സോക്സും ഷൂസും. എന്നും വൈകിട്ട് സ്കൂളിൽ നിന്നും വീട്ടിലെത്തിയാലുടനെ ഷൂസും സോക്സും ഊരിമാറ്റണമെന്നും വീടിന്റെ ഉള്ളിൽ വച്ചിട്ടുള്ള സ്റ്റാൻഡിൽ രണ്ടു ഷൂസും തല തിരിച്ച് വയ്ക്കണം എന്നും അവന്റെ മാതാപിതാക്കൾ കർശനമായി നിർദ്ദേശിച്ചിരുന്നു.



# കാണാമറയത്ത്



ഒരു ദിവസം അവൻ സ്കൂളിൽ നിന്നും വന്ന ഉടനെ ഷൂസ് ഊരി, വീടിന്റെ വാതിലിന്റെ വെളിയിൽ അലക്ഷ്യമായി വലിച്ചെറിഞ്ഞ ശേഷം ധൃതിയിൽ ഉള്ളിലേക്ക് ഓടിക്കയറി. അടുത്ത ദിവസം രാവിലെ, സ്കൂൾ ബസ് വീടിന്റെ അടുത്ത് എത്താറായപ്പോഴാണ് അവൻ ഷൂസ് അന്വേഷിച്ചത്. വളരെ തിടുക്കത്തിൽ അവൻ വീടിന്റെ വെളിയിൽ കിടന്ന ഷൂസിന്റെ ഉള്ളിലേക്ക് കാലുകൾ കയറ്റി, ബസിൽ കയറാനായി വീട്ടിൽ നിന്നും ഇറങ്ങി ഓടി.

ഷൂസ് ഇട്ടപ്പോൾ ഒരു കാലിൽ മുള്ള് കൊണ്ടതുപോലെ തോന്നിയെങ്കിലും അവൻ അത് സാരമാക്കിയില്ല. ബസിൽ ചാടിക്കയറി നല്ല ഒരു സീറ്റിലിരുന്ന് വഴിയിലെ കാഴ്ചകൾ ആസ്വദിച്ചുകൊണ്ട് അവൻ യാത്ര തുടങ്ങി. കുറേ കഴിഞ്ഞപ്പോൾ അവന്റെ കാലിൽ വേദനയും, കാഴ്ച കാണാൻ പ്രയാസവും ഉണ്ടായി. ഓക്കാനവും ശ്വസിക്കാൻ പ്രയാസവും തോന്നിയെങ്കിലും അവൻ ആരോടും അതിനെപ്പറ്റി പറഞ്ഞില്ല. ബസ് സ്കൂളിൽ എത്തിയപ്പോൾ അവനും പുറത്തിറങ്ങി. ക്ലാസ്സിലേക്ക് നടക്കുന്നതിനിടെ അവൻ ക്ഷീണിച്ച് കുഴഞ്ഞു വീണു. ഓടിയെത്തിയ അധ്യാപകർ അവനെ വാരിയെടുത്ത് ഓഫീസിലെ വലിയ മേശമേൽ കിടത്തി. അവന്റെ ഷൂസ് ഊരി മാറ്റിയപ്പോൾ അതിൽ നിന്നും വലിയ വിഷമുള്ള ചെറിയ ഒരു പാമ്പ് പുറത്തേക്ക് ഇറങ്ങി വന്നു.

ഉടനെ തന്നെ അവർ അവനെ അടുത്തുള്ള വലിയ ആശുപത്രിയിൽ എത്തിച്ചു. പാമ്പിന്റെ കടി മൂലം ഉണ്ടായ വിഷബാധ മാറ്റാനുള്ള വിദഗ്ദ്ധ ചികിത്സ ഉടനെ ആരംഭിച്ചു. ദിവസങ്ങൾ നീണ്ട ചികിത്സയ്ക്ക് ശേഷമാണ് അവൻ അപകടനില തരണം ചെയ്തത്.

തലേദിവസം വൈകുന്നേരം അലക്ഷ്യമായി വീടിനു വെളിയിൽ വലിച്ചെറിഞ്ഞ ഷൂസിനുള്ളിലേക്ക് രാത്രിയിൽ കയറി ഒളിച്ചിരുന്ന ചെറിയ ഒരു വിഷപ്പാമ്പ് ആണ് അവന്റെ കാലിൽ കടിച്ചത്. വീടിനുള്ളിൽ ഭദ്രമായി സൂക്ഷിക്കേണ്ട ഷൂസ് അശ്രദ്ധയോടെ വീടിനു പുറത്തിട്ടതും അത് അടുത്ത ദിവസം വീണ്ടും ധരിക്കാൻ നേരം പരിശോധിക്കാൻ മറന്ന



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

www.malankaralibrary.com


തും വലിയ അപകടത്തിന് കാരണമായി. ഷൂസ് ധരിച്ച ശേഷം അനുഭവപ്പെട്ട കാലിലെ വേദനയും മറ്റു ശാരീരിക പ്രയാസങ്ങളും അവഗണിച്ചതും അവന് പറ്റിയ തെറ്റുകൾ ആയിരുന്നു. അങ്ങനെ, അശ്രദ്ധ മൂലം അവന് വന്ന ചെറിയ പിഴവുകൾ വലിയ അപകടത്തിലേക്ക് നയിച്ചു.

പാപങ്ങളെ ലഘുപാപങ്ങൾ എന്നും മാരക പാപങ്ങൾ എന്നും നാം തരം തിരിക്കാറുണ്ട്. എന്നാൽ അശ്രദ്ധ മൂലം അനുതാപമില്ലാതെ ആവർത്തിക്കപ്പെടുന്ന ലഘുപാപങ്ങളും തിരുത്താതെ തുടരുന്ന തെറ്റായ ശീലങ്ങളും നമ്മെ വലിയ പാപങ്ങളിലേക്കും പതനങ്ങളിലേക്കും നയിക്കാനിടയുണ്ട്.

അതിനാൽ, ചെറിയ പാപങ്ങൾ പോലും ചെയ്യാതെ ജീവിക്കുവാൻ നമുക്ക് ശ്രമിക്കാം. വിശുദ്ധിയും വിശ്വാസവും വിവേകവും വിനയവും ഉള്ള വിദ്യാർഥികളായി വളർന്നു വരാൻ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധിയുടെ പരിമളം പരത്തുന്ന സുകൃത ജീവിതത്തിന്റെ സൗന്ദര്യവും സൗരഭ്യവും നമ്മുടെ ജീവിതത്തെ ധന്യമാക്കട്ടെ.

●




**MM - 137**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവാവ്, 29 വയസ്, 170 cm., ബഹ്റൈനിൽ സൂപ്പർവൈസറായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.
**Contact : 9961393396, 9744721132, 9744618381**

**MM - 138**

തിരുവനന്തപുരം മേജർ അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 30 വയസ്സ്, B.com, MBA, customer success manager ആയി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. **Contact : 9447111103**

**MM - 139**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 27 വയസ്സ്, 157 c.m. B.SC Nurse, (Germany) അനുയോജ്യമായ വിദ്യാഭ്യാസമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു. **Contact : 9447094720**

**MM - 140**

തിരുവല്ല അതിരൂപതയിൽ നിരണം മേഖലയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 27 വയസ്സ്, 159 c.m. ഇടത്തരം കുടുംബം. നേഴ്സായി ഖത്തറിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിദ്യാഭ്യാസവും ജോലിയുമുള്ള (ഖത്തറിൽ ജോലിയുള്ളവർക്ക് മുൻഗണന) യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.
**Contact : 9947482400, 9526065809**

**MM - 141**

ബത്തേരി രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 26 വയസ്സ്, 158 c.m., weight 55 kg, Qualification - MSC Clinical Psychology, സൈക്കോളജിയിൽ പി.എച്ച്.ഡി. ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു. **Contact : 9495662115**

www.malankaralibrary.com



## മല്പാനോട് ചോദിക്കാം 9

# Confessor

# ആരാണ് മൗദ്യാനൻമാർ?

***വി. കുർബാനയിലെ 4-ാമത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ "നിബിയന്മാർ, ശ്ലീഹന്മാർ, പ്രസംഗകർ, ഏവൻഗേലിസ്തർ, സഹദേന്മാർ, മൗദ്യാനൻമാർ എന്നിവരേയും നാം ഓർക്കണം" എന്ന് പ്രാർത്ഥിക്കുന്നു. ഇതിൽ ആരാണ് മൗദ്യാനൻമാർ.***

യേശുവിലുള്ള വിശ്വാസത്തിന്റെ പേരിൽ ആദ്യകാല ക്രിസ്തുമത വിശ്വാസികൾ അറസ്റ്റ് വരിക്കുകയും, വിചാരണ ചെയ്യപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും, വധിക്കപ്പെടുകയും ചെയ്തിരുന്നു. ഇപ്രകാരം കൊല്ലപ്പെടുന്ന വ്യക്തിയാണ് സഹദാ (Martyr, രക്തസാക്ഷി). 'സാക്ഷ്യം വഹിക്കുക' എന്ന അർത്ഥം വരുന്ന സഹേദ് എന്ന ക്രിയാധാതുവിൽ നിന്നാണ് സഹദാ എന്ന സുറിയാനി വാക്കിന്റെ ഉത്ഭവം. വധശിക്ഷ ഏറ്റുവാങ്ങിക്കൊണ്ട് യേശുവിന് സാക്ഷ്യം വഹിക്കുന്ന വ്യക്തി എന്നതാണ് സഹദാ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ അറസ്റ്റ് വരിക്കുകയും, വിചാരണ ചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും എന്നാൽ കൊല്ലപ്പെടാതിരിക്കുകയും ചെയ്ത വ്യക്തിയാണ് മൗദ്യോനൊ. ഏറ്റുപറയുക (Confess, acknowledge) എന്നർത്ഥം വരുന്ന അവ്ദീ എന്ന ക്രിയാധാതുവിൽ നിന്നാണ് മൗദ്യോനൊ എന്ന സുറിയാനി വാക്കിന്റെ ഉത്ഭവം. വിശ്വാസ സാക്ഷി എന്നതാണ് മൗദ്യോനൊ എന്ന സുറിയാനി വാക്കിന്റെ മലയാള തർജ്ജമ. ഇംഗ്ലീഷിൽ Confessor എന്നാണ് മൗദ്യോനൊ അറിയപ്പെടുന്നത്. പീഡനങ്ങൾ സഹിച്ചുകൊണ്ടു യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് ജീവിച്ച വ്യക്തി എന്നാണ് മൗദ്യോനൊ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല - 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com

# വന്ദ്യ ജേക്കബ് തെക്കേപ്പറമ്പിലച്ചന് മാർപ്പാപ്പയുടെ അംഗീകാരം

പൗരസ്ത്യ തിരുസംഘത്തിന്റെ ആരാധനക്രമത്തിനുവേണ്ടിയുള്ള പ്രത്യേക കമ്മീഷൻ കൺസൾട്ടന്റ് ആയി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ചു.



1942 ഏപ്രിൽ 12 ന് കോട്ടയം പുതുപ്പള്ളിയ്ക്കടുത്ത് പരിയാരം അഞ്ചേരി തെക്കേപ്പറമ്പിൽ കുടുംബത്തിൽ പരേതരായ അബ്രഹാം-ഏലിയാമ്മ ദമ്പതികളുടെ ഏഴു മക്കളിൽ രണ്ടാമനായി ജനിച്ച ജേക്കബ് പ്രാഥമിക വിദ്യാഭ്യാസം പരിയാരത്തും പുതുപ്പള്ളിയിലുമായി നിർവ്വഹിച്ചു. തുടർന്ന് തിരുവല്ല അതിഭദ്രാസന മൈനർ സെമിനാരിയായ ഇൻഫന്റ് മേരീസ് സെമിനാരിയിലും പൂന പൊന്തിഫിക്കൽ സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി. 1968 ൽ പൂനായിൽ വച്ച് അന്നത്തെ പൂനയിൽവച്ച് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് വൈദിക ശുശ്രൂഷയിൽ വ്യാപൃതനായിരുന്ന ജേക്കബെച്ചനെ സഖറിയാസ് മാർ അത്തനാസിയോസ് പിതാവ് ഉപരിപഠനത്തിനായി ഫ്രാൻസിലെ പാരീസിലുള്ള കാത്തലിക്ക് യൂണിവേഴ്സിറ്റിയിലേക്ക് അയച്ചു. പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. തുടർന്ന് പോസ്റ്റ് ഡോക്ടറൽ പഠനങ്ങൾക്കായി ബർലിൻ, ലണ്ടൻ, ഓക്സ്ഫോർഡ്, ട്യൂബിഗൻ, ഗോട്ടിഗൻ എന്നീ സ്ഥലങ്ങളിൽ സുറിയാനി ഭാഷയുടെ പുരാതന കൈയ്യെഴുത്തുപ്രതികളെപ്പറ്റിയുള്ള ഗവേഷണം നടത്തി. 1985 ൽ നാട്ടിൽ തിരിച്ചു വന്ന ശേഷം കോട്ടയത്ത് സ്ഥാപിതമായ SEERI യുടെ സ്ഥാപക ഡയറക്ടറായി നിയമിതനായി. 30-ാമത് തിരുവല്ല കാത്തലിക് കൺവൻഷന്റെ സമാപന ദിവസം പൊതുസമ്മേളനത്തിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറോൻ മോർ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ വന്ദ്യ മല്പാനച്ചനെ ആദരിച്ചു. തിരുവല്ല അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പൂച്ചെണ്ട് നല്കി അനുമോദിച്ചു.





www.malankaralibrary.com




Admission started for

2022-2023

**Quality Education through Holistic Approach ...**






Adv. SAJU T. JOSEPH
Chairman

INFANT JESUS EDUCATIONAL AND CHARITABLE TRUST®

# JOSCO INSTITUTIONS, BENGALURU

(ESTD. 2004)


INFANT JESUS CAMPUS, MYLANAHALLI POST, NELAMANGALA, BENGALURU - 562 123
Phone: +91 80 2772 5950 | Mob: +91 98453 76030, +91 96206 36768
web: www.joscoinstitutions.org | e-mail: joscoinstitutions@gmail.com
(Recognised by Govt. of Karnataka, Indian Nursing Council - New Delhi, Karnataka State Nursing Council

**Courses offered: BPT | GNM | B.Sc. (Nursing) | M.Sc. (Nursing)**

www.malankaralibrary.com




തിരുമൂലപുരം, മണ്ണിൽ പുത്തൻപുരയിൽ സജൻ ഏബ്രഹാമിന്റെയും ജിജി സജന്റെയും മകൻ അവിനാഷ് സജൻ ഏബ്രഹാമും തൃശ്ശൂർ ചിരിയൻകണ്ടത്ത് ജെയിൻ തോമസിന്റെയും ടെജി ജെയിന്റെയും മകൾ റെനോണ ജെയിനും തമ്മിലുള്ള വിവാഹം 2023 ജനുവരി 05 ന് തിരുമൂലപുരം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.



## ജാഗരൂകനായ ഇടയശ്രേഷ്ഠന് വിട

ചങ്ങനാശ്ശേരി അതിരൂപത മുൻ ആർച്ചുബിഷപ്പും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും തിരുവല്ല അതിഭദ്രാസനത്തിന്റെയും അഭ്യുദയകാംക്ഷിയും സ്നേഹിതനുമായിരുന്ന അഭിവന്ദ്യ ജോസഫ് മാർ പൗവ്വത്തിൽ പിതാവിന് അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാഞ്ജലികൾ.

www.malankaralibrary.com

Date of Publication : 01-04--2023
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
APRIL 2023




വിവാഹ മുഹൂർത്തങ്ങൾക്കും ആഘോഷങ്ങൾക്കും പുതിയ നിറം നൽകാൻ പുളിമൂട്ടിൽ സിൽക്ക്സ് അവതരിപ്പിക്കുന്നു ഏറ്റവും പുതിയൊരു കളക്ഷൻ. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ശേഖരിച്ച ഏറ്റവും പ്രഗത്ഭരായ നെയ്ത്തുകലാകാരന്മാരുടെ അപൂർവ സൃഷ്ടികൾ. കാഞ്ചിപുരം, ബനാറസ് സാരികൾ അവിടെയുള്ള അതേ വിലയിൽ സ്വന്തമാക്കാം. കൂടാതെ, Ladies, Men's, Kids, Home Linen, Dress Material എന്നിവയിൽ ഏറ്റവും പുതിയ കളക്ഷനുകൾ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

കണ്ടെത്തൂ നിങ്ങളുടെ ബോൾഡ് ആൻഡ് ബ്യൂട്ടിഫുൾ സ്റ്റൈൽ.

Pulimoottil
SILKS

MC ROAD, THIRUVALLA
0469-2602221

SILK EXPERTS SINCE 1924

KOTTAYAM I KOLLAM | THODUPUZHA I THRISSUR

+91-97782 94521

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil